


# അറബി കഥകൾ

2010-12 വർഷത്തെ
കേരള യൂണിവേഴ്സിറ്റി
എം.എ. അറബിക് വിഭാഗം വിദ്യാർഥികൾ
തിരഞ്ഞെടുത്ത് വിവർത്തനം ചെയ്ത,
കുട്ടികൾക്കും മുതിർന്നവർക്കും
ഒരുപോലെ ആസ്വാദ്യവും
ഉദ്വേഗജനകവുമായ അറബിക്കഥകൾ.

എഡിറ്റർ
ഡോ. താജുദ്ദീൻ മന്നാനി

Sulaikha Publications
₹ 50.00

അറബിക്കഥകൾ • ഡോ. താജുദ്ദീൻ മന്നാനി



SP

# അറബി കഥകൾ

വിവർത്തകർ
ജസിൻ ജെ. തങ്ങൾ
സമീറ ബിൻത് അഹ്മദ്
ബുഷ്റാബീവി ആർ.
ജുനൈദ അബ്ദുസ്സമദ്
ഷഹാന എൻ.
സബീനാബീഗം എൽ.
സാബിറ നജീബ്
സജീന ബി.

എഡിറ്റർ
ഡോ. താജുദ്ദീൻ മന്നാനി

# അറബിക്കഥകൾ

വിവർത്തകർ

ജസിൻ ജെ. തങ്ങൾ
സമീറ ബിൻത് അഹ്മദ്
ബുഷ്റാബീവി ആർ.
ജുനൈദ അബ്ദുസ്സമദ്
ഷബാന എൻ.
സബീനാബീഗം എൽ.
സാബിറ നജീബ്
സജീന ബി.

എഡിറ്റർ

ഡോ. താജുദ്ദീൻ മന്നാനി

Sulaikha Publications

SULAIKHA PUBLICATIONS
Dar al-Hidaya, Vengode
Kudavoor Post – 695 313
Thiruvananthapuram, Kerala, India
Ph: 0471–2427 141 / 0944 6827 141
sulaikhapublications@gmail.com

***Translators***
Jasin J Thangal
Sameera Binth Ahmad
Bushra Beevi R
Junaida Abdussamad
Shabana N
Sabeena Beegom L
Sabira Najeeb
Sajeena B

***Editor***
Dr. Thajudeen Mannani

Cover & Book Design: nujumudeen@gmail.com

Price: ₹50

All rights reserved.
This book is sold to the condition that it may not be reproduced, stored in a retrieval system or transmitted by any means, electronic, mechanical, photocopying, recording or otherwise without the publisher's prior consent.

2010-12 വർഷത്തെ കേരള യൂണിവേഴ്സിറ്റി അറബിക് വിഭാഗം 10-ാം ബാച്ചിന്റെ സംഭാവനയാണ് നിങ്ങളുടെ കരങ്ങളിലുള്ളത്. പൂർണമെന്ന് അവകാശപ്പെടുന്നില്ല. തെറ്റുകൾ ചൂണ്ടിക്കാണിക്കാനുള്ള സന്മനസ്സ് കാണിക്കണം. അറബ്ലോകത്ത് വളരെ പ്രചാരത്തിലുള്ള കുറേ ചെറുകഥകളാണ് വിദ്യാർഥികൾ തന്നെ തെരഞ്ഞെടുത്ത് മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുള്ളത്. ഇതിന് നല്ലൊരു അവതാരിക എഴുതിത്തന്ന അറബിക് വിഭാഗം തലവൻ ഡോ. എ. നിസാറുദ്ദീൻ സാറിനും വേണ്ട സഹായങ്ങൾ ചെയ്തുതന്ന ഡോ. ഉബൈദ് സാർ ഉൾപ്പെടെയുള്ള മറ്റധ്യാപകർക്കും ഒരായിരം നന്ദി.

- എഡിറ്റർ

# അവതാരിക

2010–12 വർഷത്തെ എം.എ. വിദ്യാർഥികൾ, അവർ സ്വയം വിവർത്തനം ചെയ്ത ചെറുകഥകൾ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. ഇതൊരു സൽകർമമായി അല്ലാഹു സ്വീകരിക്കുകയും മറ്റുള്ളവർക്ക് ഒരു മാതൃകയായിത്തീരുകയും ചെയ്യട്ടെ എന്ന് പ്രാർഥിക്കുന്നു.

അറബ്‌രാഷ്ട്രങ്ങളിൽ അവരുടെ കുട്ടികൾക്ക് രസകരമായ വായന പ്രദാനം ചെയ്യുന്നതിനാണ് ഇത്തരത്തിലുള്ള കഥകൾ പ്രസിദ്ധീകരിക്കുന്നത്. കുട്ടികൾക്ക് സാമൂഹിക ബോധവും ധർമവും വർധിപ്പിക്കുന്നതിനും ബൗദ്ധിക വളർച്ചയ്ക്കും ഇത്തരം ചെറുകഥകൾ സഹായിക്കും എന്നതിൽ സംശയമില്ല.

അറബിക് ഡിപ്പാർട്ട്മെന്റ് ചെയ്തുകൊണ്ടിരിക്കുന്ന പൊതുജന സേവനങ്ങളുടെ കൂട്ടത്തിൽ ഇതും മഹത്തായ ഒരു കണ്ണിയായി ചേരുന്നു എന്നതിൽ അഭിമാനമുണ്ട്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച കുട്ടികൾക്കും അധ്യാപകൻ ഡോ. താജുദ്ദീൻ മന്നാനിക്കും എന്റെ എല്ലാവിധ ആശംസകളും നേരുന്നു. തുടർന്നും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കുട്ടികളുടെ ഭാഗത്തുനിന്ന് ഉണ്ടാവും എന്ന ഉറപ്പോടെയും എല്ലാ വിഭാഗം ജനങ്ങളും ഇതിനുവേണ്ടി സഹകരിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ടും അനുവാചക സമക്ഷം ഇതിനെ അവതരിപ്പിക്കുന്നു.

2012, മെയ് 21
കാര്യവട്ടം

ഡോ. നിസാറുദ്ദീൻ
അറബിക് വിഭാഗം മേധാവി

# ഒരു ദശകം പിന്നിടുന്ന കേരളാ യൂണിവേഴ്സിറ്റി അറബിക് വിഭാഗം

2001 ജനുവരി 29ന് ഒറ്റമുറിയിൽ ഒരു മേശയും ഒരു കസേരയുമായി തുടങ്ങിയ അറബിക് വിഭാഗം അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്താൽ സ്വന്തമായ ഒരു ബിൽഡിങ്ങും അതിന് വേണ്ടുന്ന സൗകര്യങ്ങളുമായി ജൈത്രയാത്ര തുടർന്നുകൊണ്ടേയിരിക്കുന്നു. സ്ഥാപക മേധാവിയുടെ ലക്ഷ്യങ്ങളിൽ ചിലതെങ്കിലും ഇപ്പോഴത്തെ മേധാവിയുടെ കഠിനാധ്വാനത്തിലൂടെ കർമപഥത്തിൽ എത്തിക്കാൻ സാധിച്ചതാണ് ഇപ്പോൾ നമുക്ക് അഭിമാനിക്കാനാവുന്നത്. എന്ന് മാത്രമല്ല, 'സർവകലാശാല' കൊണ്ട് അർഥമാക്കുന്ന സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഉപകാരപ്രദമാക്കുക എന്ന ലക്ഷ്യം പൂർത്തീകരിച്ച ചുരുക്കം ചില ഡിപ്പാർട്ട്മെന്റുകളിൽ ഒന്നായി മാറാൻ അറബിക് ഡിപ്പാർട്ട്മെന്റിന് ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്.

തലസ്ഥാനനഗരി കണ്ടിട്ടുള്ള മഹത്തായ ചില സമ്മേളനങ്ങളുടെ കൂട്ടത്തിൽ ഇടംപിടിക്കാൻ അറബിക് വിഭാഗം സംഘടിപ്പിച്ച രണ്ട് സെമിനാറുകൾക്ക് സാധിച്ചിട്ടുണ്ട്. 2010 ഏപ്രിൽ 30, 31, മെയ് 1 തീയതികളിലായി അന്താരാഷ്ട്ര ഖുർആൻ സെമിനാറും 2012 ഫെബ്രുവരി 14 മുതൽ 18 വരെ ഹദീസ് സെമിനാറും - പൊതുജന പങ്കാളിത്തം കൊണ്ട് മഹാസമ്മേളനങ്ങളായാണ് അവ രണ്ടും അവസാനിച്ചത്. കേരളത്തിന്റെ സാമൂഹിക സാംസ്കാരിക സാമ്പത്തിക പുരോഗതികൾക്ക് ആക്കം കൂട്ടിയ ഗൾഫ്നാടുകളിൽ നിന്നുള്ള പ്രതിനിധികളുടെ സാന്നിധ്യം കൊണ്ട് രണ്ട് സെമിനാറുകളും ശോഭിക്കുകയുണ്ടായി. ഇതിനിടയിൽ ചെറുതെങ്കിലും മഹത്തായ മൂന്ന് നാഷണൽ സെമിനാറുകളും മറ്റനേകം ചെറു



6

പഠനക്ലാസ്സുകളും മീറ്റിങ്ങുകളും ഒക്കെയായി കഴിഞ്ഞ പത്തുവർഷക്കാലത്തെ പ്രവർത്തനങ്ങൾ വളരെ മഹനീയമാണ്.

2001 ജനുവരിയിൽ ഡോ. ഉബൈദിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഈ ഡിപ്പാർട്ട്മെന്റിൽ പ്രൊഫ. എൻ.ഇല്യാസ്കുട്ടി, കൊടുവള്ളി അബ്ദുൽഖാദിർ, ഡോ. മുഹമ്മദ്കുഞ്ഞ്, മുഹമ്മദ് ഷാ തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചിരുന്നു. തുടർന്ന് ഡോ. സുലൈമാൻ, മുഹമ്മദ് മുസ്തഫ എന്നിവരും ശേഷം ഐഷാ ബീഗം, നജീബ്, ഡോ. ഷനിൽ, ഡോ. സുഹൈൽ, ഡോ. താജുദ്ദീൻ, ഡോ.ഇസ്സുദ്ദീൻ, ഡോ. നസീമാബീവി, ബേനസീർ എന്നിവരും ക്ലാസ്സുകൾ നയിച്ചിരുന്നു.

ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിനുള്ള ക്ലാസ്മുറികളുടെ അഭാവത്തിൽ ഒരു ഷെഡ് അനുവദിച്ചുതന്ന സുബ്രഹ്മണ്യൻ സാറിനെയും ആൻഡ്രൂസ് കുട്ടി സാറിനെയും ഇത്തരുണത്തിൽ ഓർക്കുന്നു. തുടർന്ന് സ്വന്തമായ ഒരു ബിൽഡിങ്ങിനായുള്ള പ്രവർത്തനത്തിൽ നമ്മെ സഹായിച്ച നിരവധി പേരിൽ ഡോ. തുളസീധരക്കുറുപ്പ്, വി.സി. ആയിരുന്ന രാമചന്ദ്രൻ സാർ, പി.വി.സി. ജയപ്രകാശ് സാർ, എൻജിനിയർ കോയാ സാർ, ഡോ. മുഹമ്മദ്കുഞ്ഞ് മേത്തർ, ഡോ. നിസാറുദ്ദീൻ എന്നിവർ പ്രത്യേകം പരാമർശമർഹിക്കുന്നു.

സിലബസ് രൂപീകരണ സന്ദർഭത്തിൽ കെ.കെ.അബ്ദുസ്സലാം, കുട്ടശ്ശേരി മൗലവി എന്നിവരുടെ കമ്പ്യൂട്ടർ പഠനം ഒരു പേപ്പറായി ഉൾക്കൊള്ളിക്കണം എന്ന നിർദേശം വളരെ നന്നായിരുന്നുവെന്ന് ഞങ്ങൾ ഓർക്കുന്നു. മുൻ വി.സി. ഡോ. ഇക്ബാൽ ഉൾപ്പെടെ നിരവധി സിൻഡിക്കേറ്റ് സെനറ്റ് മെമ്പർമാർ, അധ്യാപകർ, യൂണിവേഴ്സിറ്റി ഉദ്യോഗസ്ഥർ എന്നിവരുടെ നിർലോഭമായ സഹകരണമാണ് ഡിപ്പാർട്ട്മെന്റിനെ ഇത്തരത്തിൽ വളർത്താൻ സഹായിച്ചത്.

സമൂഹത്തിന്റെ നാനാ തുറയിലുള്ള നിരവധി ആളുകൾ വിവർത്തനാവശ്യാർഥം എപ്പോഴും അറബിക് ഡിപ്പാർട്ട്മെന്റിനെ സമീപിച്ചുകൊണ്ടിരുന്നു. അതുപോലെ സമൂഹത്തിലെ വിവിധ തുറകളിൽ സേവനമനുഷ്ഠിക്കുന്ന നിരവധി വ്യക്തിത്വങ്ങളെ വാർത്തെടുക്കാൻ അറബിക് വിഭാഗത്തിന് സാധിച്ചിട്ടുണ്ട്.

എം.എ.യ്ക്ക് 25 വീതം രണ്ട് വർഷങ്ങളിലായി 50 ഉം എം.ഫിൽ കോഴ്സിന് എട്ടും പി.എച്ച്.ഡിക്ക് രണ്ട് അധ്യാപകർക്കും കൂടി 20 ഉം വിദ്യാർഥികൾ വീതം പഠനം നടത്തുന്നു. നല്ലൊരു കമ്പ്യൂട്ടർ ലാബും നിരവധി അപൂർവ പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ലൈബ്രറിയും ഇവിടെയുണ്ട്. നിരവധി അറബിക് ചാനലുകൾ ലഭ്യമാക്കുന്ന എൽ.സി.ഡി. ടി.വി. സിസ്റ്റവും പ്രവർത്തിക്കുന്നു.

വിദ്യാർഥികളുടെ കഴിവുകൾ പരിപോഷിപ്പിക്കാനുതകുന്ന കൈയെഴുത്തു മാസികയും പ്രസിദ്ധീകരിക്കുന്നുണ്ട്. ഡോ. നിസാറുദ്ദീൻ സാർ ചീഫ് എഡിറ്ററും ഡോ. എ.എസ്.താജുദ്ദീൻ മന്നാനി അസിസ്റ്റന്റ് എഡിറ്ററുമായി 'മജല്ല കൈരള' എന്ന പേരിൽ ഒരു അറബിക് ജേണൽ പ്രസിദ്ധീകരിച്ചുവരുന്നു. നിരവധി സെമിനാർ പ്രൊസീഡിംഗ്സ് ഉൾപ്പെടെ അറബിയിലും പ്രാദേശിക ഭാഷയിലുമായി അനേകം പുസ്തകങ്ങളും പ്രസിദ്ധീകൃതമായിട്ടുണ്ട്.

എം.എയ്ക്കുള്ള പ്രോജക്ട് വർക്കിന്റെ ഭാഗമായി നിരവധി ഇംഗ്ലീഷ് സാഹിത്യകൃതികളും ബയോഗ്രഫികളും ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. അവയെല്ലാം പ്രസിദ്ധീകരിച്ചു കാണണമെന്ന് ആഗ്രഹിക്കുന്നു. നിരവധി ലക്ഷ്യങ്ങളുമായി സമുദായത്തിന്റെ ആത്മീയ നേതൃത്വത്തിന് പത്ത് ദിവസം നീണ്ടുനിന്ന ദേശീയ ശില്പശാലയും സംഘടിപ്പിച്ചിട്ടുണ്ട്. തുടർന്നും സമൂഹത്തിനും സമുദായത്തിനും ഗുണപ്പെടുന്ന നിരവധി പ്രവർത്തനങ്ങൾ ലക്ഷ്യത്തിലുണ്ട്. അതെല്ലാം സാക്ഷാത്കരിക്കപ്പെടേണ്ടതുണ്ട്. അതിനെല്ലാം ദൈവാനുഗ്രഹം ഉണ്ടാകട്ടെ എന്ന് പ്രാർഥിക്കുന്നു.

-ഡോ. എ.എസ്.താജുദ്ദീൻ മന്നാനി

# ഉള്ളടക്കം


അവതാരിക 9
ഒരു ദശകം പിന്നിടുന്ന കേരളാ അറബിക് വിഭാഗം 10

മാതാവിന്റെ മാഹാത്മ്യം 15
കൊതുകും മനുഷ്യനും 16
ചതിയുടെ പരിണിതഫലം 17
സ്വാതന്ത്ര്യത്തിന്റെ വില 19
ഇര 20
കള്ളന്മാരുടെ മണ്ടത്തരം 21
യഥാർഥമായ സൗഹൃദം 22
ചെന്നായയും കുറുക്കനും 23
അഹന്ത ആപത്ത് 24
കർത്തവ്യം മറക്കരുത് 26
മണ്ടനായ ഫീലു 27
ഉറുമ്പും ചിത്രശലഭവും 29
ന്യൂ ഇയർ 30
മരണം 32
തത്ത്വജ്ഞാനിയായ കരടി 33
സിൻഡ്രല 35
മോഹഭംഗം 41
സിംഹവും പെൺകുട്ടിയും 42

| | |
|---|---|
| അദ്ഭുതമുണർത്തുന്ന ഉപദേശം | 51 |
| വൃദ്ധനും സിംഹവും | 56 |
| മടിയനായ ഹാറൂൺ | 60 |
| കുരങ്ങനും പാൽക്കാരനും | 63 |
| മാന്ത്രിക കിരീടം | 64 |
| ചെന്നായയും ആട്ടിൻകുട്ടിയും | 78 |
| എലിയും പാമ്പും | 80 |
| ഒട്ടകവും ഉടമയും | 82 |
| ചതിയുടെ വില | 84 |
| കുറുക്കന്റെ തന്ത്രം | 86 |
| കഴുതയും കാളയും | 88 |
| ഗ്രാമീണനും മൃഗങ്ങളും | 90 |
| കോഴിയുടെ തന്ത്രം | 92 |
| സിംഹവും തേനീച്ചയും | 93 |
| കാക്കയുടെ അഹങ്കാരം | 95 |




10

ജാസിൻ ജെ. തങ്ങൾ

# മാതാവിന്റെ മാഹാത്മ്യം

നഹാവൻത് എന്ന രാജ്യത്തിന് ഒരു രാജാവുണ്ടായിരുന്നു. പ്രജകളുടെ ക്ഷേമത്തിലും അവരുടെ വളർച്ചയിലും ആ രാജാവ് സന്തോഷിച്ചിരുന്നു. ഒരു ദിവസം രാജാവ് തന്റെ പ്രജകളിൽ ഏറ്റവും സമർഥന് സമ്മാനം നൽകും എന്ന് പരസ്യം ചെയ്തു. സമ്മാനം നൽകുന്ന സമയവും അദ്ദേഹം തീരുമാനിച്ചു. തീരുമാനിക്കപ്പെട്ട ആ സമയത്തിൽ പ്രജകൾ ഒത്തുകൂടി.

ഒരു കവി അവരുടെ മുമ്പിൽ വരുകയും അദ്ദേഹത്തിന്റെ അത്യാകർഷകമായ രചനകൾ സദസ്സിനു മുന്നിൽ പ്രദർശിപ്പിക്കുകയും ചെയ്തു. രാജാവും ജനങ്ങളും അതുകണ്ട് അദ്ഭുതപ്പെട്ട് കൈയടിച്ചു. പിന്നെ ഒരു സാഹിത്യകാരൻ സദസ്സിലേക്ക് വന്നു. അദ്ദേഹത്തിന്റെ പുസ്തകങ്ങൾ സദസ്സിനു മുന്നിൽ പ്രദർശിപ്പിച്ചു. അതിൽ കഥകളും നോവലുകളും ലേഖനങ്ങളും മറ്റ് പാഠ്യവിഷയങ്ങളും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ സംഭാഷണവും വിവരണങ്ങളും സദസ്സിൽ മികച്ചുനിന്നു. ചിത്രകാരന്മാരിൽ ഒരാൾ സ്റ്റേജിലേക്ക് വന്നു. അവന്റെ ചിത്രങ്ങൾ അയാൾ ജനങ്ങൾക്കു മുന്നിൽ പ്രദർശിപ്പിച്ചു. അത്യാകർഷകങ്ങളായ ആ ചിത്രങ്ങൾ കണ്ട് രാജാവും സദസ്യരും അദ്ഭുതപ്പെട്ടു. സമ്മാനം നൽകുന്നതിനുവേണ്ടി രാജാവ് വന്നു. അപ്പോൾ അദ്ദേഹത്തിന്റെ മുമ്പിൽ ഒരു സ്ത്രീ പ്രത്യക്ഷപ്പെട്ടു. രാജാവ് ചോദിച്ചു: നീ ആരാണ്, നീ എന്തിന് ഇവിടെ വന്നു?

സ്ത്രീ പറഞ്ഞു: അവരെല്ലാം എന്റെ മക്കളാണ്. അവരിൽ മികച്ചവൻ ആണെന്ന് സാക്ഷിയാകുവാനാണ് ഞാൻ വന്നത്. അപ്പോൾ രാജാവ് പറഞ്ഞു: നീയാണ് ഈ സമ്മാനത്തിന് ഏറ്റവും യോഗ്യ. നീ നിന്റെ കടമ ഭംഗിയായി നിർവഹിച്ചു. പിന്നെ രാജാവ് അവർക്ക് സമ്മാനം നൽകി.

# കൊതുകം മനുഷ്യനും

ഒരു വനത്തിൽ ധാരാളം മൃഗങ്ങൾ ജീവിച്ചിരുന്നു. സിംഹം, പുലി, കരടി, മാൻ, മുയൽ... അങ്ങനെ അനേകം ജീവികൾ. വനത്തിന്റെ സമീപത്തുകൂടി ഒരു നദി ഒഴുകിയിരുന്നു. മനുഷ്യരും മൃഗങ്ങളും വെള്ളം കുടിക്കുവാനും കുളിക്കുവാനും അതിനെ ആശ്രയിച്ചിരുന്നു. ഒരു ദിവസം ഗ്രാമത്തിലെ ഒരു കച്ചവടക്കാരൻ മത്സ്യം കയറ്റുമതി ചെയ്യുന്നതിന് വനത്തിൽ ഒരു ഫാക്ടറി നിർമിക്കുവാൻ തീരുമാനിച്ചു. അതിനായി മരങ്ങൾ മുറിച്ചുനീക്കി വനത്തെ നശിപ്പിച്ച് അവിടെ ഫാക്ടറി പണിതു. വിഷലിപ്തമായ മാലിന്യങ്ങൾ ഫാക്ടറിയിൽനിന്ന് നദിയിലേക്ക് ഒഴുകി. അങ്ങനെ ധാരാളം മത്സ്യങ്ങൾ നശിച്ചു.

ഒരു ദിവസം മാൻ വെള്ളം കുടിക്കുവാൻ നദിയിൽ വന്നു. അപ്പോൾ മത്സ്യം ആവലാതി പറയുവാൻ മാനിന്റെ മുമ്പിൽ വന്നു. മാൻ ചോദിച്ചു: ''എന്റെ സുഹൃത്തേ, എന്തൊക്കെയുണ്ട് വിശേഷങ്ങൾ?''

''മനുഷ്യർക്കും മൃഗങ്ങൾക്കും ജീവിക്കുവാൻ വെള്ളം അത്യാവശ്യമാണ്. ഞങ്ങൾ മത്സ്യങ്ങൾ വെള്ളത്തിലൂടെ നീന്തുകയും സഞ്ചരിക്കുകയും ചെയ്യുന്നു. ജനങ്ങൾക്കും ഈ വെള്ളം ആവശ്യമാണല്ലോ. പക്ഷേ, കുറച്ചുനാളായി വെള്ളത്തിലെ വിഷം കാരണമായി ഞങ്ങളിൽ അധികപേരും മരിച്ചു. ബാക്കിയുള്ളവർ നാശത്തിന്റെ വക്കിലാണ്'' -മത്സ്യം പറഞ്ഞു. ഫാക്ടറിക്കുവേണ്ടി മനുഷ്യൻ ഞങ്ങളുടെ വാസസ്ഥലവും നശിപ്പിച്ചു - മാൻ പറഞ്ഞു.

മനുഷ്യൻ യഥാർഥമായ ശത്രു തന്നെയാണ്. അവൻ പ്രകൃതിയും നദിയും വനവും നശിപ്പിച്ചു. മനുഷ്യരുടെ ഭാഗത്തേക്ക് കൊതുകുകളെ അയയ്ക്കുവാൻ മൃഗങ്ങൾ തീരുമാനിച്ചു. കൊതുക് മനുഷ്യരിൽ രോഗങ്ങൾ ഉണ്ടാക്കി. മനുഷ്യർ ആശുപത്രികളിൽ അഭയം തേടി. അവരിൽ കുറച്ചുപേർ കൊല്ലപ്പെട്ടു. ഫാക്ടറി അടച്ചുപൂട്ടി. നദിയും വനവും വൃത്തിയായി.

# ചതിയുടെ പരിണിതഫലം

സിൻദ്ബാദ് എന്ന ഗ്രാമത്തിൽ വലിയൊരു കുളം ഉണ്ടായിരുന്നു. അവിടെ മത്സ്യങ്ങളും തവളയും ഞണ്ടും സ്നേഹത്തോടെ വസിച്ചുപോന്നു. ആ കുളത്തിലെ മത്സ്യങ്ങളെ തവളയും ഞണ്ടും ശത്രുക്കളുടെ ഉപദ്രവങ്ങളിൽനിന്ന് സംരക്ഷിച്ചിരുന്നു. വേട്ടക്കാരൻ കുളത്തിനടുത്ത് വരുമ്പോഴെല്ലാം തവള ശബ്ദമുണ്ടാക്കി മത്സ്യങ്ങൾക്ക് അപകടസൂചന നൽകിയിരുന്നു. സമാധാനത്തിന്റെയും വിജയത്തിന്റെയും പാതയിലേക്ക് ഞണ്ട് അവരെ നയിച്ചു. ഒരു ദിവസം പതിവുപോലെ വേട്ടക്കാരൻ കുളത്തിനടുത്ത് വന്നു. അപ്പോൾ കൊക്ക് അവനെ കണ്ടു. മത്സ്യങ്ങളെ പിടിക്കുവാൻ പറ്റിയ സമയം ഇതുതന്നെയാണെന്ന് കൊക്ക് ഉറപ്പിച്ചു. കൊക്ക് കുളത്തിന്റെ സമീപത്ത് വന്നുകൊണ്ട് പറഞ്ഞു: ''മത്സ്യങ്ങളേ, നിങ്ങളറിഞ്ഞോ, ഒരു വേട്ടക്കാരൻ ഇതുവഴി പോയിട്ടുണ്ട്. നിങ്ങളെ പിടിക്കുകയാണ് അവന്റെ ഉദ്ദേശ്യം. നിങ്ങൾക്ക് വിരോധമില്ലെങ്കിൽ ഞാൻ നിങ്ങളെ രക്ഷപ്പെടുത്താം. ഞാൻ നിങ്ങളുടെ സുഹൃത്താണല്ലോ.''

കൊക്ക് അവരുടെ മറുപടിക്കായി കാത്തുനിന്നു. ആ സമയം മത്സ്യങ്ങളും തവളയും ഞണ്ടും ഒത്തുകൂടി ആപത്തിനെക്കുറിച്ച് കൂടിയാലോചിച്ചു. അവരിൽ ഒരു മത്സ്യം പറഞ്ഞു: ''അവൻ സത്യസന്ധനാണെന്ന് നമ്മൾ എങ്ങനെ വിശ്വസിക്കും. അവൻ നമ്മുടെ ശത്രുവും വലിയ വഞ്ചകനുമാണ്.''

''പക്ഷേ, അവനെക്കൂടാതെ എങ്ങനെ രക്ഷപ്പെടും'' -തവള ചോദിച്ചു.

ഞണ്ട് പറഞ്ഞു: ''ശരിയാണ് നിങ്ങൾ നിരാശരാകാതെ. അവനോടൊപ്പം ഞാൻ ആദ്യം പോയി നോക്കാം. സ്ഥലം സുരക്ഷിതമാണെങ്കിൽ നമുക്ക് അവനെ വിശ്വസിക്കാം.

അവന്റെ അഭിപ്രായത്തോട് എല്ലാവരും യോജിച്ചു. കൊക്ക് സ്വയം പറഞ്ഞു: ''ഇന്നത്തേക്കുള്ള ഇരയെ കിട്ടി.''

ഞണ്ട് കൊക്കിന്റെ പുറത്ത് ചാടിക്കയറിയിരുന്നു. പിന്നെ അവനെയും കൊണ്ട് കൊക്ക് ദൂരേക്ക് പറന്നു. വൃക്ഷങ്ങളും പർവതങ്ങളും പുഴകളും കടന്ന് കൊക്ക് അവന്റെ താമസസ്ഥലത്ത് എത്തി. ഞണ്ട് ചുറ്റും കണ്ണോടിച്ചു. അപ്പോൾ ഭക്ഷിക്കപ്പെട്ട മത്സ്യങ്ങളുടെ മുള്ളുകൾ കിടക്കുന്നതായി അവൻ കണ്ടു. ഇത് കൊക്കിന്റെ ചതിയാണെന്ന് ഞണ്ട് മനസ്സിലാക്കി. ഉടനെ ഞണ്ട് കൊക്കിന്റെ കഴുത്തിൽ ശക്തിയായി അമർത്തി; അവൻ മരിച്ചുവീഴുന്നതുവരെ.

# സ്വാതന്ത്ര്യത്തിന്റെ വില

ഒരു ദിവസം 'കനകാമല' എന്ന കാട്ടിൽനിന്നും ഒരു തത്ത ഗ്രാമത്തിൽ എത്തി. ആ തത്ത കാടിന്റെ ഓരത്തുള്ള ആ വീടിനു ചുറ്റും വട്ടമിട്ടു പറന്നു. അതിനെ കണ്ട ഒരു കുട്ടി വളരെ സന്തോഷിച്ചു. 'എന്താണ് അതിനെ പിടിക്കുവാനുള്ള മാർഗം' – കുട്ടി ചിന്തിച്ചു. അവൻ വീടിന്റെ ഒരു ഭാഗത്ത് ഒരു കൂട് തൂക്കിയിട്ടു. അതിൽ പാലും പഴവും വെച്ചു. എന്നിട്ട് അവളുടെ വരവും കാത്തിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ തത്ത കൂട്ടിൽ വന്നിരുന്നു. ആഹാരം കഴിച്ചശേഷം പുറത്തു പോകുവാനുള്ള മാർഗത്തെക്കുറിച്ച് അവൾ ആലോചിച്ചു. പക്ഷേ, ഒരു പ്രയോജനവും ഉണ്ടായില്ല. കുട്ടി പ്രിയപ്പെട്ട തത്തയ്ക്ക് അരിയും പാലും പഴവും നൽകി. അവൻ അവളെ തന്റെ കൂട്ടുകാർക്ക് കാണിച്ചുകൊടുത്തു. അവരും അവന്റെ സന്തോഷത്തിൽ പങ്കുകൊണ്ടു. എന്നാൽ വൃക്ഷശിഖരത്തിൽ ഉപേക്ഷിക്കപ്പെട്ട തന്റെ കുഞ്ഞുങ്ങളെ ഓർത്ത് അവൾ ദുഃഖിച്ചു. കാട്ടിലുള്ള ആ കുഞ്ഞുങ്ങളുടെ കരച്ചിൽ കേട്ട വവ്വാൽ വളരെയധികം ദുഖിച്ചു. അവൻ തത്തയുടെ അടുത്ത് വന്ന് അവളോട് പറഞ്ഞു: ''നിന്റെ കുഞ്ഞുങ്ങൾ വിശപ്പിലും കഷ്ടപ്പാടിലും ആണ്. നിനക്ക് അവരോട് കടമയുണ്ട്.''

തത്ത പറഞ്ഞു: ''എനിക്ക് ധാരാളം ഭക്ഷണം കിട്ടുന്നുണ്ട്. എന്റെ പുതിയ കൂട്ടുകാരന്റെ മേൽ എനിക്ക് പൂർണമായ തൃപ്തിയാണ്. പക്ഷേ, എന്റെ കുഞ്ഞുങ്ങൾ... എന്റെ സ്വാതന്ത്ര്യം...'' തത്ത പരാതിപ്പെട്ടു. അപ്പോൾ വവ്വാൽ അവൾക്ക് രക്ഷപ്പെടാനുള്ള ഒരു മാർഗം ഉപദേശിച്ചു. നീ മൂന്നു ദിവസം ഭക്ഷണം ഉപേക്ഷിക്കണം. നാലാം ദിവസം നീ മരിച്ചതായി ഭാവിക്കണം. രാത്രി നിനക്ക് ഞാൻ ഭക്ഷണം എത്തിച്ചുതരാം. കുട്ടി നിന്നെ കൂട്ടിൽനിന്ന് പുറത്തെടുക്കുമ്പോൾ നീ പറന്നുപോകണം. തത്ത വവ്വാലിന്റെ ഉപദേശം സ്വീകരിച്ച് ആ ബന്ധനത്തിൽനിന്ന് രക്ഷപ്പെട്ടു. തിരിച്ച് തന്റെ കൂട്ടിലെത്തി കുഞ്ഞുങ്ങളെ കണ്ടപ്പോൾ ധാരാളം സന്തോഷിച്ചു. അവൾ വവ്വാലിന് നന്ദിപറഞ്ഞു.

# ഇര

കഴുത തന്റെ കൂട്ടുകാരനായ കാളയെ വളരെയധികം സ്നേഹിച്ചിരുന്നു. കാളയുടെ എല്ലാ പ്രവർത്തനങ്ങളും അനുകരിക്കുന്ന ദുസ്വഭാവം അവന് ഉണ്ടായിരുന്നു. ഒരു കാര്യവും ഇല്ലാതെ എല്ലായിടങ്ങളിലും കഴുത കാളയെ പിന്തുടരും. ചന്തകളിലും വഴിയോരങ്ങളിലും കാളയെ കഴുത അനുഗമിക്കും. പക്ഷേ, അവന്റെ ഈ സ്വഭാവത്തെ കാള ഇഷ്ടപ്പെട്ടിരുന്നില്ല. അവനെ സൽസ്വഭാവി ആക്കുവാൻ കാള ഉദ്ദേശിച്ചു.

ഒരു ദിവസം അവർ രണ്ടുപേരും കരടിയുടെ അടുക്കൽ പോയി. കാള കരടിയോട് പറഞ്ഞു: ''അല്ലേയോ അമ്മാവാ... തീർച്ചയായും എന്റെ ഈ സുഹൃത്ത് അലസനും വിഡ്ഢിയും ദുഃസ്വഭാവിയുമാണ്.''

കരടി പറഞ്ഞു: ''വനത്തിൽ ബാലു എന്ന് പേരുള്ള ഒരു പുതിയ ഡോക്ടർ ഉണ്ട്. ഇതുപോലുള്ള രോഗങ്ങൾ ഭേദമാക്കുന്ന പ്രഗത്ഭനായ ഡോക്ടറാണ് അദ്ദേഹം എന്ന് ഞാൻ കേട്ടിട്ടുണ്ട്. അവർ രണ്ടുപേരും സിംഹത്തിന്റെ ഗുഹയിൽ എത്തിച്ചേർന്നു. അപ്പോൾ കാള ഉച്ചത്തിൽ വിളിച്ച് ചോദിച്ചു.

''ബാലൂ... ബാലൂ... അല്ലയോ ഡോക്ടർ വരൂ...''

നിങ്ങൾ അന്വേഷിക്കുന്ന ഡോക്ടർ ഞാനാണ് എന്ന് സിംഹം ഗുഹയ്ക്കകത്തുനിന്ന് മാനിന്റെ സ്വരത്തിന്റെ പറഞ്ഞു. കാര്യം അറിയുന്നതിനുമുമ്പ് സിംഹം കാളയുടെ മേൽ ചാടിവീണു. എന്നാൽ കാള മരിക്കുന്നതുവരെ കഴുത അവിടെ നിന്ന് ചിരിച്ചു. താമസിയാതെ അവനും സിംഹത്തിന്റെ ഇരയായി.

# കള്ളന്മാരുടെ മണ്ടത്തരം

ഒരു ഗ്രാമത്തിൽ മൂന്ന് കള്ളന്മാർ ഉണ്ടായിരുന്നു. ഒരു സ്ഥലത്ത് ഒരുമിച്ചുകൂടി മോഷണത്തെ ചർച്ചചെയ്യുക അവരുടെ പതിവായിരുന്നു. മോഷ്ടാക്കളുടെ സമ്പത്ത് ദിനംപ്രതി വർധിച്ചുകൊണ്ടിരുന്നു. ആ നാട്ടിലെ സമ്പന്നർ എല്ലാം ദാരിദ്ര്യത്തിലും ബുദ്ധിമുട്ടിലുമായി. ഒരു ദിവസം ഗ്രാമത്തലവന്റെ വീടും കൊള്ളയടിക്കപ്പെട്ടു. അദ്ദേഹത്തിന്റെ സ്വർണകിരീടം മോഷണം പോയത് അറിഞ്ഞപ്പോൾ അദ്ദേഹം വളരെയധികം കോപിച്ചു. സ്വർണകിരീടം കണ്ടെത്തുന്നവർക്ക് ഒരുലക്ഷം രൂപ പാരിതോഷികം നൽകുന്ന കാര്യം അദ്ദേഹം പരസ്യം ചെയ്തു. കള്ളനെ പിടിക്കുവാനുള്ള അവരുടെ പോരാട്ടം ഇല്ലാതായപ്പോൾ ജനങ്ങളെ മുഴുവനും വിളിച്ചുകൂട്ടുവാൻ അദ്ദേഹം തീരുമാനിച്ചു. ആ നിശ്ചയിക്കപ്പെട്ട ദിവസം തന്നെ ജനങ്ങളിൽ അധികപേരും ഹാജരായി. തുല്യനീളമുള്ള ഓരോ വടിയുടെ കഷണങ്ങൾ അദ്ദേഹം അവർക്ക് എല്ലാപേർക്കും നൽകി. എന്നിട്ട് നേതാവ് പറഞ്ഞു:

'അല്ലയോ ജനങ്ങളേ, നമ്മുടെ ഗ്രാമത്തിൽനിന്ന് ആ സ്വർണകിരീടം മോഷ്ടിക്കപ്പെട്ടു. കള്ളനെ കണ്ടുപിടിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു. അതിനായി ഞാൻ ചില മന്ത്രങ്ങൾ ഉരുവിടും. എന്റെ മന്ത്രോച്ചാരണം നിലയ്ക്കുമ്പോൾ കള്ളന്റെ കൈയിലുള്ള വടി ഒരിഞ്ച് വലുതാകും. നേതാവ് ജനങ്ങളോട് കണ്ണുകൾ അടയ്ക്കുവാൽ കല്പിച്ചു. ഉടനെ അദ്ദേഹം മന്ത്രിക്കുവാൻ തുടങ്ങി. പെട്ടെന്നുതന്നെ കള്ളൻ തന്റെ കൈയിലുള്ള വടിയിൽനിന്ന് ഒരിഞ്ച് മുറിച്ചുകളഞ്ഞു. ഇത് കണ്ട നേതാവ് കള്ളനെ പിടികൂടി ജയിലിൽ അടച്ചു.

# യഥാർഥമായ സൗഹൃദം

ഒരു ഗ്രാമത്തിൽ ചെറിയൊരു കുളം ഉണ്ടായിരുന്നു. അതിനു ചുറ്റും മുയലും കാക്കയും കരടിയും വളരെ സൗഹൃദത്തിൽ ജീവിച്ചിരുന്നു. എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും അവർ കുളത്തിനരികിൽ ഒരുമിച്ചുകൂടുകയും വീട്ടുകാര്യങ്ങളും നാട്ടുകാര്യങ്ങളും ചർച്ചചെയ്യുകയും ചെയ്തിരുന്നു. ആ ഗ്രാമത്തിൽ അക്രമിയും ശക്തനുമായ ഒരു വേട്ടക്കാരൻ ഉണ്ടായിരുന്നു. അവനെ ജനങ്ങളും മൃഗങ്ങളും പക്ഷികളും ഭയപ്പെട്ടിരുന്നു. വേട്ടക്കാരൻ മൃഗങ്ങൾക്കിടയിലെ ഒരു വിചിത്രമായ സൗഹാർദ്ദം മനസ്സിലാക്കി. എങ്ങനെ കരടിയെയും മുയലിനെയും പിടികൂടും -വേട്ടക്കാരൻ ചിന്തിച്ചു.

മുയൽ വരുന്ന വഴിയിൽ അവൻ ഒരു കെണിയൊരുക്കി. കരടിയുടെ വഴിയിൽ വേട്ടക്കാരൻ ആഴമുള്ള കുഴി ഉണ്ടാക്കി. പിന്നെ അവൻ വൃക്ഷത്തിന്റെ പിറകിൽ പോയി മറഞ്ഞിരുന്നു. ഈ കാഴ്ചകൾ എല്ലാം കാക്ക വൃക്ഷത്തിന്റെ മുകളിലിരുന്ന് കാണുന്നുണ്ടായിരുന്നു. അവൻ ഈ വിവരം മുയലിനെയും കരടിയെയും അറിയിച്ചു. അവരിൽ ആരും അന്നേദിവസം കുളത്തിന്റെ ഭാഗത്തേക്ക് പോയില്ല. വേട്ടക്കാരൻ നിരാശനായി മടങ്ങി. അടുത്ത ദിവസം രാവിലെതന്നെ കാക്കയും മുയലും കരടിയും ഒരുമിച്ചുകൂടി അവർ വേട്ടക്കാരൻ വരുന്ന വഴിയിൽ ആഴമുള്ള കുഴി കുഴിച്ചു. കാക്ക മരച്ചില്ലകൾ കൊണ്ടും മണ്ണുകൊണ്ടും കുഴി മറച്ചു. എന്നിട്ട് മുയൽ കെണിയിൽ അകപ്പെട്ടതുപോലെ ഭാവിച്ച് അവിടെ നിന്നു. കാക്കയും കരടിയും കുളത്തിന്റെ ഭാഗത്തേക്ക് പോയി മറഞ്ഞിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ വേട്ടക്കാരൻ മുയലിനെ പിടിക്കുവാൻ ധൃതിയിൽ വന്നു. പെട്ടെന്നുതന്നെ വേട്ടക്കാരൻ കുഴിയിൽ വീണു. അങ്ങനെ ആ സുഹൃത്തുക്കൾ അവന്റെ ഉപദ്രവത്തിൽനിന്ന് രക്ഷപ്പെട്ടു. അവർ കാട്ടിൽ സന്തോഷത്തോടെ ജീവിച്ചു.

# ചെന്നായയും കുറുക്കനും

ഒരു ദിവസം കുറുക്കൻ ഭക്ഷണം തേടി പുറപ്പെട്ടു. അവൻ വനങ്ങളിലൂടെയും പല വഴികളിലൂടെയും സഞ്ചരിച്ചു. അവന് വിശപ്പും ദാഹവും ശക്തിപ്പെട്ടു. എല്ലാ സ്ഥലങ്ങളിലും അവൻ ഇരയെ അന്വേഷിച്ചു. പക്ഷേ, ഒന്നും കിട്ടിയില്ല. കുറേ നേരത്തെ നടത്തത്തിനുശേഷം അവൻ ഒരു മരച്ചുവട്ടിൽ വിശ്രമിക്കുവാൻ ഇരുന്നു. അപ്പോഴാണ് അവിടെയൊരു കിണർ ശ്രദ്ധയിൽപ്പെട്ടത്. കുറുക്കൻ അതിലേക്ക് എത്തിനോക്കി. കിണറിന്റെ ആഴത്തിൽ ധാരാളം വെള്ളം കിടക്കുന്നതായി കണ്ടു. കുറുക്കൻ ശക്തി സംഭരിച്ച് കിണറ്റിലേക്ക് എടുത്തു ചാടി. ദാഹം ശമിക്കുന്നതുവരെ വെള്ളം കുടിച്ചു. അതിനുശേഷം കിണറിൽനിന്ന് രക്ഷപ്പെടുവാനുള്ള മാർഗത്തെക്കുറിച്ച് ചിന്തിച്ചു. അവൻ കിണറിന് വെളിയിലേക്ക് നോക്കി. പക്ഷേ, ആരെയും കണ്ടില്ല. അവൻ ഭയപ്പെട്ട് നിലവിളിക്കാൻ തുടങ്ങി. അവൻ ഒരു തൊട്ടി കണ്ടു. അതിൽ കയറിന്റെ ഒരറ്റം ബന്ധിച്ചിരിക്കുന്നു. കയറിന്റെ മറ്റേ അറ്റത്ത് വേറൊരു തൊട്ടിയും കണ്ടു. അവൻ ആ തൊട്ടിയിൽ കയറിയിരുന്നു. ആ സമയം തടിച്ചുകൊഴുത്ത ഒരു ചെന്നായ ആ വഴിയേ വന്നു. കിണറിൽനിന്ന് ശബ്ദം കേട്ട അവൻ കിണറിലേക്ക് നോക്കി. അപ്പോൾ കുറുക്കൻ പറഞ്ഞു: ''വരൂ സുഹൃത്തേ, ഈ വെള്ളത്തിന് എന്ത് മധുരം! നീ ഈ വെള്ളം വന്ന് കുടിച്ചുനോക്കൂ.''

''ഞാൻ എങ്ങനെ അവിടെ എത്തും'' -ചെന്നായ ചോദിച്ചു.

കുറുക്കൻ മറുപടി പറഞ്ഞു: ''എന്റ സുഹൃത്തേ, നീ ഭയപ്പെടേണ്ട. ആ തൊട്ടിയിൽ കയറിയിരിക്കൂ. തടിച്ച ആ ചെന്നായ തൊട്ടിയിൽ ചാടിക്കയറി. അവന്റെ ഭാരം കാരണം അവൻ കിണറിന്റെ ആഴത്തിലേക്ക് എത്തി. അതോടൊപ്പം സമർഥനായ ആ കുറുക്കൻ കിണറിൽനിന്ന് മുകളിലേക്ക് ഉയർന്നു വന്നു. ചെന്നായ വെള്ളത്തിൽ മുങ്ങുകയും ചെയ്തു. കുറുക്കൻ സന്തോഷത്തോടെ വനത്തിലേക്ക് മടങ്ങി.

# അഹന്ത ആപത്ത്

ഒരു ഗ്രാമത്തിൽ പ്രശസ്തനും പണ്ഡിതനുമായ ഒരു കുരങ്ങൻ ജീവിച്ചിരുന്നു. അവന്റെ വാക്ചാതുരിയിലും കഴിവിലും അവൻ പ്രൗഢി കാണിച്ചിരുന്നു. ഒരു ദിവസം കുരങ്ങൻ നദിയുടെ തീരത്തുകൂടെ നടക്കുമ്പോൾ ഒരു വലിയ മുതലയെ കണ്ടുമുട്ടി.

മുതല ചോദിച്ചു: ''അല്ലയോ നേതാവേ, താങ്കൾ എവിടേക്ക് പോകുന്നു?''

'പതിവുപോലെ നദികടന്ന് അക്കരെയുള്ള സഹോദരങ്ങളെ പോയി കാണുവാൻ ഉദ്ദേശിക്കുന്നു.'

''നദി കടക്കുവാൻ ഞാൻ താങ്കളെ സഹായിക്കാം.''

കുരങ്ങൻ മുതലയുടെ മുതുകത്ത് ചാടിക്കയറിയിരുന്നു. അവർ പുറപ്പെട്ടു.

കുരങ്ങൻ ചോദിച്ചു: ''നിനക്ക് കമ്പ്യൂട്ടർ ഉപയോഗിക്കുവാൻ അറിയുമോ?''

''ക്ഷമിക്കണം, എനിക്ക് കമ്പ്യൂട്ടർ എന്താണെന്ന് അറിയില്ല.''

''നിന്റെ ജീവിതത്തിന്റെ കാൽഭാഗം നഷ്ടപ്പെട്ടു. നിനക്ക് സയൻസ് അറിയുമോ?''

''ഇല്ല.''

''ഇത് സയൻസിന്റെയും ടെക്നോളജിയും യുഗമാണ്. നിന്റെ ജീവിതത്തിന്റെ പകുതിയും നഷ്ടപ്പെട്ടു.''

''നിനക്ക് രാഷ്ട്രീയം അറിയുമോ?''

''ഞാൻ വളരെയധികം ഖേദിക്കുന്നു. ഞാൻ രാഷ്ട്രീയം പഠിച്ചിട്ടില്ല.''

''അപ്പോൾ നിന്റെ ജീവിതത്തിന്റെ മുക്കാൽ ഭാഗവും നഷ്ടപ്പെട്ടു. എങ്ങനെ നിങ്ങൾ രാഷ്ട്രീയം ഇല്ലാതെ ജീവിക്കും.''

അവർ നദിയുടെ മദ്ധ്യഭാഗത്തെത്തിയപ്പോൾ കാറ്റ് ശക്തിയായി വീശുകയും മഴപെയ്യുകയും ചെയ്തു. നദിയിലൂടെയുള്ള യാത്ര ബുദ്ധിമുട്ടായി.

മുതല ചോദിച്ചു: ‘‘നിങ്ങൾക്ക് നീന്താൻ അറിയുമോ?’’

കുരങ്ങൻ: ‘‘ഇല്ല. എനിക്ക് നീന്താൻ അറിയില്ല.’’

മുതല: ‘‘നിന്റെ ജീവിതം മുഴുവൻ നഷ്ടപ്പെട്ടു.’’

പെട്ടെന്ന് മുതല വെള്ളത്തിലേക്ക് താഴ്ന്നു. കുരങ്ങൻ വെള്ളത്തിൽ മുങ്ങി. അങ്ങനെ അവന്റെ കഥ കഴിഞ്ഞു.

# കർത്തവ്യം മറക്കരുത്

ഒരിടത്ത് ഒരു സംഘം ഉറുമ്പുകൾ ജീവിച്ചിരുന്നു. അവർ പരിശ്രമശാലികളും കഠിനാധ്വാനികളും ആയിരുന്നു. അവരുടെ രാജ്ഞിയുടെ കല്പനകളെ അനുസരിക്കുന്ന കാര്യത്തിൽ അവർ ശ്രദ്ധിച്ചിരുന്നു. ഒരു ദിവസം ഒരു ആന ഉറുമ്പുകളുടെ മാളത്തിന്റെ അടുത്ത് എത്തി.

രാജ്ഞി ആനയോട് പറഞ്ഞു: സുഹൃത്തേ, ഞങ്ങൾ ബലഹീനരും അശക്തരുമാണ്. ഞങ്ങളെ ചവിട്ടരുത്. ഞങ്ങൾക്ക് നിന്നെ ചുമക്കുവാനുള്ള ശക്തിയില്ല. പക്ഷേ, ആന ഇതൊന്നും ശ്രദ്ധിച്ചില്ല. അവൻ മുമ്പിലേക്ക് വന്നു. കുറേ ഉറുമ്പുകൾ അവന്റെ കാലിനടിയിൽപെട്ടു.

ഉറുമ്പുകൾ ഒത്തുകൂടി. രാജ്ഞി പറഞ്ഞു: നമുക്ക് അവന്റെ അഹങ്കാരം അവസാനിപ്പിക്കണം. അതിന് നമ്മൾ എന്ത് ചെയ്യും?

അവന്റെ കണ്ണ് നമുക്ക് നശിപ്പിക്കാം -അവരിൽ ഒരാൾ പറഞ്ഞു. ആ അഭിപ്രായത്തോട് എല്ലാവരും യോജിച്ചു. ആ കർത്തവ്യം നിർവഹിക്കുവാൻ അവരിൽ ചിലർ മുന്നോട്ടുവന്നു. ആന നദിയുടെ തീരത്ത് വിശ്രമിക്കുകയായിരുന്നു. ഉറുമ്പുകൾ എല്ലാ ഭാഗത്തുനിന്നും അവന്റെ ശരീരത്തിൽ കയറി. അവന്റെ വായയുടെ ഭാഗത്ത് എത്തിച്ചേർന്നു.

-ഹായ് എന്ത് മധുരം... ഉറുമ്പുകൾ അവന്റെ ചുണ്ടിൽ കടിച്ചുതൂങ്ങി.

ഉറമ്പുകൾ മടങ്ങിവരുന്നതും കാത്ത് രാജ്ഞി ഇരുന്നു.

ഒരാൾ പോയതിനുശേഷം വേറൊരാളെ അയച്ചു. പോയവർ ആരും മടങ്ങിവന്നില്ല. അവസാനം തന്റെ സഹോദരങ്ങളെ അന്വേഷിക്കുവാൻ രാജ്ഞി പുറപ്പെട്ടു. തന്റെ സുഹൃത്തുക്കൾ ആനയുടെ ചുണ്ടിൽനിന്നും പഞ്ചസാരയുടെ മധുരം നുകരുകയാണെന്ന് അവർ മനസ്സിലാക്കി. അവർ തങ്ങളുടെ കർത്തവ്യത്തെ വിസ്മരിച്ചിരിക്കുന്നു.

# മണ്ടനായ ഫീലു

മീരാദാസ് എന്ന പേരുള്ള ഒരു മന്ത്രി ഉണ്ടായിരുന്നു; അവന്റെ വീട്ടിൽ മണ്ടനായ ഒരു ഭൃത്യനും. അവന്റെ പേര് ഫീലു എന്നായിരുന്നു. ഒരു ദിവസം മന്ത്രിയുടെ ഭാര്യ തന്റെ ബന്ധുക്കൾക്കുവേണ്ടി വലിയൊരു സദ്യ തയ്യാറാക്കി. ജനങ്ങളിൽ മിക്കപേരെയും അവൾ സദ്യയിലേക്ക് ക്ഷണിച്ചു. അവർ മന്ത്രിയുടെ വീട്ടിൽ ഒത്തുകൂടി. സദ്യയുടെ സമയമായപ്പോൾ മന്ത്രി മാത്രം അവിടെ ഉണ്ടായില്ല. മന്ത്രിയെ അറിയിക്കുവാൻ വേണ്ടി ഭാര്യ ഫീലുവിനെ അയച്ചു. മന്ത്രിസഭ കൂടിയ സമയത്ത് ഫീലു കൊട്ടാരത്തിന്റെ വെളിയിൽ എത്തിച്ചേർന്നു. അവൻ ഉറക്കെ വിളിച്ചുപറഞ്ഞു:

യജമാനാ... രാജ്ഞിയും ജനങ്ങളും സദ്യകഴിക്കുവാൻ വേണ്ടി താങ്കളെ കാത്തിരിക്കുകയാണ്. വേഗം അങ്ങോട്ട് വരൂ.

മന്ത്രി പുറത്തേക്ക് വന്നു. അദ്ദേഹം അവനെ ഉപദേശിച്ചു: ഫീലൂ, ഇതുപോലുള്ള സമയങ്ങളിൽ നീ പുറത്ത് കാത്തുനിൽക്കുകയാണ് വേണ്ടത്. എന്നിട്ട് മീറ്റിങ് കഴിയുമ്പോൾ കാര്യം രഹസ്യമായി വന്നുപറയണം.

-ഞാൻ ഇനി അങ്ങനെ ചെയ്യാം.

രണ്ടാം ദിവസം വീടിന്റെ അടുക്കളയ്ക്ക് തീപിടിച്ചു. ഈ വാർത്തയുമായി ഫീലുവിനെ മന്ത്രിയുടെ അടുത്തേക്ക് അയച്ചു. മീറ്റിങ് കഴിയുന്നതുവരെ അവൻ കൊട്ടാരത്തിന് വെളിയിൽ കാത്തുനിന്നു. മീറ്റിങ് കഴിഞ്ഞപ്പോൾ അവൻ മന്ത്രിയോട് കാര്യം പറഞ്ഞു: ''നേതാവേ, അടുക്കളയിൽ തീപിടിച്ചു. എല്ലാ വീട്ടുപകരണങ്ങളും നശിക്കുവാൻ സാധ്യതയുണ്ട്.''

ഇതുകേട്ട് മന്ത്രി കോപിച്ചു. ''പുക വന്നപ്പോൾത്തന്നെ നിനക്ക് വാഴയില കൊണ്ട് അടിച്ച് തീ അണച്ചുകൂടായിരുന്നോ?''

''ശരി, ഇനി ഞാൻ അങ്ങനെ ചെയ്യാം.''

മന്ത്രി തിരിച്ചെത്തിയപ്പോൾ കണ്ടത്, അടുക്കള പൂർണമായി കത്തിനശിച്ചിരിക്കുന്നു.

മറ്റൊരു ദിവസം മന്ത്രി കുളിക്കുകയായിരുന്നു. അപ്പോൾ അദ്ദേഹത്തിന്റെ ശരീരത്തിൽനിന്ന് പുക ഉയരുന്നതായി ഫീലു കണ്ടു. ഫീലു മന്ത്രി മുമ്പ് പറഞ്ഞ കാര്യം ഓർത്തു. ഉടനെ അവൻ മന്ത്രിയുടെ ശരീരത്തിൽ ശക്തിയായി അടിച്ചു. ഭർത്താവിന്റെ നിലവിളി കേട്ട് ഓടിവന്ന ഭാര്യ അയാളെ രക്ഷപ്പെടുത്തി.

# ഉറുമ്പും ചിത്രശലഭവും

**ആ** ചിത്രശലഭം ബുദ്ധിമതിയും സുന്ദരിയും ആയിരുന്നു. രാജ്ഞിയുടെ കല്പനകൾ അനുസരിക്കുന്ന കാര്യത്തിൽ അവൾ അലസയായിരുന്നു. ഭൗമാന്തരീക്ഷം അവളുടെ വാസസ്ഥലമാണെന്ന് അവൾ കരുതി. പ്രയോജനമുള്ള ഒരു ജോലിയും ചെയ്യാതെ അവൾ എല്ലായിടത്തും പാറിനടന്നു.

അവിടെ ഒരു ഉറുമ്പ് ഉണ്ടായിരുന്നു. ബുദ്ധിയിലും ശക്തിയിലും അവൾക്ക് എതിരാളിയായി ആരും ഉണ്ടായിരുന്നില്ല. അവളുടെ പ്രവർത്തനങ്ങളിൽ ഉത്സാഹവതിയും ഐഹികജീവിതത്തിന്റെ സന്തുഷ്ടയുമായിരുന്നു.

ഒരു ദിവസം അവർ രണ്ടുപേരും വഴിയിൽ കണ്ടുമുട്ടി. ശലഭത്തിന്റെ രൂപവും സൗന്ദര്യവും ഉറുമ്പനെ ആകർഷിച്ചു. ഉറുമ്പ് പറഞ്ഞു: ഹായ്, എന്ത് സുന്ദരമാണ് നിന്റെ രൂപം. നിന്നെപ്പോലെ പറക്കുവാൻ ഞാനും ആഗ്രഹിക്കുന്നു. നിന്റെ ചിറക് എനിക്ക് തരുമോ?

''നിനക്ക് പറക്കുവാൻ കഴിയില്ല.'' -ശലഭം പറഞ്ഞു.

ഈ മറുപടി ഉറുമ്പിന് തീരെ ഇഷ്ടപ്പെട്ടില്ല. അവൾ തന്റെ പരിശ്രമം വർധിപ്പിച്ചു. അങ്ങനെ ശക്തയും സമ്പന്നയും ആയിത്തീർന്നു. കുറേ കാലങ്ങൾക്കുശേഷം ശലഭത്തെ പിടിക്കുവാൻ പല്ലി എത്തി. ഉറുമ്പ് ആ കാഴ്ച കണ്ടു.

ഉറുമ്പ് ഉടനെ പല്ലിയുടെ കണ്ണിൽ കടിച്ചു. പല്ലി ഭയന്നുകൊണ്ട് അവിടെ നിന്നും ഓടി. ശലഭം ഉറുമ്പിന് നന്ദിപറഞ്ഞു. അവളോട് ക്ഷമചോദിക്കുകയും ചെയ്തു. അപ്പോൾ ഉറുമ്പ് പറഞ്ഞു: ആരെയും നിന്ദിക്കരുത്.

# ന്യൂ ഇയർ

2009 ഡിസംബർ 25

ദൈവത്തിന് സ്തുതി. ഇന്ന് ക്രിസ്മസ് – ഈ നല്ല ദിനത്തിൽ ഞാൻ എന്റെ ഡയറി എഴുത്ത് ആരംഭിക്കുകയാണ്. ഇന്നുതന്നെ ഞാൻ അതിന് തെരഞ്ഞെടുക്കുവാൻ കാരണം ഒരു ക്രിസ്മസ് ദിവസത്തിലാണ് പൊൻവിളക്കായി അവൾ എന്റെ ജീവിതത്തിലേക്ക് ആദ്യമായി കടന്നുവന്നത്. ഒരു വാടക ക്കൊലയാളിയായി മൃഗതുല്യനായി ജീവിച്ച ഞാൻ ഇന്ന് ഒരു നല്ല മനുഷ്യനായി ജീവിക്കുവാൻ ആഗ്രഹിക്കുന്നു.

2010 ജനുവരി 1

ഇന്ന് പുതുവർഷം. അവളോടുള്ള സ്നേഹം എനിക്ക് അടക്കാൻ കഴിയുന്നില്ല. തുറന്ന പറഞ്ഞാലോ? വേണ്ട, ഞാൻ ഒരിക്കലും അവളെ ആഗ്രഹിക്കുവാൻ പാടില്ല. ഞാൻ പാപിയാണ്.

2010 വലന്റൈൻസ് ഡേ

ഇന്ന് വലന്റൈൻസ് ഡേ – പ്രണയത്തിന്റെ ദിവസം. ഇന്ന് ഞാൻ ഉറപ്പായും അവളോട് ഇഷ്ടമാണെന്ന് പറയും. ഓ ഇപ്പോൾത്തന്നെ നെഞ്ചിടിക്കുന്നു. അവളോട് എങ്ങനെ പറയും?

ഇത് എന്റെ ആത്മസുഹൃത്തിന്റെ ഡയറിയാണ്. എന്റെ ജീവനു തുല്യം സ്നേഹിച്ച എന്റെ സജി. പക്ഷേ, ഒരിക്കലും എന്നോട് അവന്റെ ഇഷ്ടം പറഞ്ഞില്ല. എന്നാൽ, ഞാൻ അവന്റെ നാവുകൊണ്ട് കേൾക്കുവാൻ ഒരുപാട് കൊതിച്ചിരുന്നു. എനിക്ക് അവനെ അത്ര ഇഷ്ടമായിരുന്നു. But he is no more.

2011 ലെ പുതുവർഷത്തിൽ അങ്ങനെ ഞാൻ തനിച്ചായി. മറൈൻഡ്രൈവിലെ യങ്സ്റ്റേഴ്സിന്റെ ന്യൂഇയർ സെലിബ്രേഷൻ കഴിഞ്ഞ് രാത്രി ബൈക്കിൽ ഞങ്ങൾ മടങ്ങുകയായിരുന്നു.

ഞങ്ങളെ ഒരു സംഘം തടഞ്ഞുനിർത്തി. അവനെ ക്രൂരമായി മർദ്ദിച്ചു. അവർ അവനെ കൊല്ലുവാൻ കത്തിയൂരിയപ്പോൾ ഞാൻ തടുത്തു. എനിക്ക് കുത്തേറ്റ് ഞാൻ നിലത്ത് വീണു. അവനെ അവർ കഠാര കൊണ്ട് കുത്തിയിട്ട് പൊയ്ക്കളഞ്ഞു. ചോര വാർന്നുകൊണ്ടിരുന്ന എന്നെ അവൻ ഹോസ്പിറ്റലിൽ എത്തിച്ചു. എനിക്ക് രണ്ട് കുപ്പി ബ്ലഡ് പുറത്തുനിന്ന് വാങ്ങി അവൻ ഹോസ് പിറ്റലിൽ എത്തിച്ചു. എന്നെ ഓപ്പറേഷൻ തിയേറ്ററിൽ പ്രവേശിപ്പിച്ചു. അപ്പോൾ അവൻ പുറത്ത് എന്നെ കാത്തുനിൽപ്പുണ്ടായിരുന്നു. ഓപ്പറേഷൻ കഴിഞ്ഞ് ഡോക്ടർമാർ പുറത്തു വന്നപ്പോൾ കണ്ടത് ഡോറിനരികിൽ മരിച്ചുകിടക്കുന്ന അവനെയാണ്. ബോധം തെളിഞ്ഞപ്പോൾ ഞാൻ ആദ്യം അവനെ അന്വേഷിച്ചു. അപ്പോഴാണ് ഞാൻ ഇതറിയുന്നത്. സജി, നീയില്ലാതെ എനിക്ക് ജീവിക്കേണ്ട. ഞാൻ ഇതാ നിന്റെ അടുത്തേക്ക് വരുന്നു. ഞാൻ ഇതാ മരിക്കുന്നു.

Belive in love
Love is painful than death
True love directs you
But a false love misleads you
Anyway, beware of hunter's
God bless you
Good bye.

# മരണം

ജീവിതമായൊരു നിമിഷയാത്രയിൽ
യൗവനമെന്നൊരു മൂഢസ്വപ്നം.

ആ സ്വപ്നത്തിൻ ചിറകേറിപ്പാറിപ്പറക്കുമ്പോ-
ളെന്തേ നിനച്ചില്ലേ മരണത്തിലേക്കാണീ യാത്രയെന്ന്.

പകലേ നീ രാവിനെ പ്രതീക്ഷിക്കരുതെന്ന്
പ്രായതോഴനോതിയതോർത്തില്ലേ?

സ്വപ്നങ്ങൾ കൊണ്ട് നീ കൊട്ടാരം പണിയുമ്പോ-
ളാറടി മണ്ണിനെ മറന്നുപോയോ?

ഞാൻ ഞാനെന്ന ഭാവം ലഹരിയായപ്പോൾ
നിന്നെ നീയാക്കിയ റബ്ബിനെ മറന്നുപോയോ?

# തത്ത്വജ്ഞാനിയായ കരടി

ഇടതുർന്ന പുല്ലും തെളിഞ്ഞ മധുരമായ വെള്ളവുമുള്ള മനോഹരമായ മേച്ചിൽ സ്ഥലത്ത് സന്തോഷത്തോടും സ്നേഹത്തോടും കൂടി ഒരുകൂട്ടം മൃഗങ്ങളും അവർക്കൊപ്പം കുറേ ചെമ്മരിയാടുകളും താമസിച്ചിരുന്നു. എന്നാൽ, മലയുടെ അപ്പുറത്തുനിന്നും ദുഷ്ടനായ ഒരു ചെന്നായ ഇടയ്ക്കിടയ്ക്ക് അവരെ ആക്രമിക്കുമായിരുന്നു. വളരെയധികം സ്നേഹത്തോടുകൂടി ജീവിക്കുന്ന ഇവർക്ക് ചെന്നായയോട് ദേഷ്യവും വെറുപ്പും ഉണ്ടായിരുന്നു. മിക്ക സമയങ്ങളിലും ചെമ്മരിയാടിൻകൂട്ടത്തെ ആക്രമിക്കുവാൻ അവസരം പാർത്തിരിക്കുകയായിരുന്നു ആ ദുഷ്ടൻ ചെന്നായ.

ഒരു ദിവസം ചെന്നായ വേഗതയിൽ മലമുറിച്ചു കടക്കുന്നതിനിടയിൽ അവന്റെ കാലുകൾ പാറക്കെട്ടുകൾക്കിടയിൽ തെന്നി. അപ്പോൾ അവന് ചലിക്കാൻ പറ്റാത്തവിധം ഒരു പാറ അവന്റെ പുറത്തേക്ക് വീണു. രക്ഷയ്ക്കായി വേദനയോടെ അവൻ അലറാൻ തുടങ്ങി.

അതുവഴി വന്ന ചെമ്മരിയാട് ചെന്നായയുടെ വിളികേട്ടു. ചെമ്മരിയാടിനോട് തന്നെ രക്ഷിക്കാൻ ആവശ്യപ്പെട്ടു. ചെമ്മരിയാട് അപ്പോൾ ഓർത്തു - എപ്പോഴും തങ്ങളെ ആക്രമിക്കുന്ന ഒരുവനെ എങ്ങനെ സഹായിക്കും?

പാറക്കല്ല് എടുത്തുമാറ്റി എന്നെ രക്ഷിച്ചാൽ ഞാൻ ഇനി നിങ്ങളെ ഉപദ്രവിക്കില്ലെന്ന് ചെന്നായ ചെമ്മരിയാടിനോട് കരാർ ചെയ്തു. നല്ല മനസ്സിനുടമയായ ചെമ്മരിയാട് ചെന്നായയെ രക്ഷിക്കുവാൻ വേണ്ടി തന്റെ ശക്തിയുള്ള കൊമ്പുകൾ കൊണ്ട് കല്ല് എടുത്തുമാറ്റി. ഇതുകൊണ്ട് തങ്ങളെ ആക്രമിക്കുന്നത് ചെന്നായ അവസാനിപ്പിക്കുമല്ലോ എന്ന് ആട് വിശ്വസിക്കുകയും ചെയ്തു.

ചെമ്മരിയാട് ഓടി അകലുന്നതിനു മുമ്പുതന്നെ രക്ഷപ്പെട്ട ചെന്നായ ആടിന്റെ കാല് ശക്തിയായി കടിച്ചുപിടിച്ചു. ചെന്നായയുടെ പിടിയിൽനിന്നും ചെ

മ്മരിയാടിന് അനങ്ങുവാൻ സാധിച്ചില്ല. ആടിന്റെ യാചനാപരമായ ശബ്ദം കേട്ടപ്പോൾ തത്ത്വജ്ഞാനിയായ ഒരു കരടി വേഗത്തിൽ ഇവരുടെ അടുത്തേക്ക് വന്നു. ചെമ്മരിയാടിനെ ചെന്നായയുടെ പിടിയിൽനിന്നും കരടി വേർപെടുത്തി. ചെന്നായ അലറിക്കൊണ്ട് കരടിയോട് പറഞ്ഞു: അല്ലയോ കരടി! വേട്ടയിൽനിന്നും എന്നെ തടയുവാൻ നിനക്ക് അർഹതയില്ല. അതില്ലെങ്കിൽ ഞാനെങ്ങനെയാണ് ജീവിക്കുക? ചെന്നായയുടെ മറുപടി കേട്ട ചെമ്മരിയാട് കരടിയോട് ആവലാതിപ്പെട്ടു. പാറയിൽനിന്നും ഇവനെ രക്ഷപ്പെടുത്തിയാൽ ഞങ്ങളെ ആക്രമിക്കില്ല എന്ന് എന്നോട് കരാർ ചെയ്തു.

കുറച്ചു നേരം ചിന്തിച്ച ശേഷം കരടി പറഞ്ഞു: ചെന്നായ പറഞ്ഞത് സത്യമാണ്. വേട്ടമൃഗങ്ങൾക്ക് വേട്ടയാടാതെ ജീവിക്കാൻ സാധിക്കില്ല. പക്ഷേ, ചെമ്മരിയാട് പറഞ്ഞതും സത്യമാണ്. ചെന്നായ അവനോട് കരാർ ചെയ്തു. ഇപ്പോൾ അതിനെ ലംഘിച്ചു. കരടിക്ക് ചെന്നായയുടെ കുതന്ത്രങ്ങളെക്കുറിച്ച് അറിയാമായിരുന്നു. ഇത് അവനെ ആഴത്തിൽ ചിന്തിക്കാൻ വഴിയൊരുക്കി. കരടി പറഞ്ഞു: ''നിങ്ങൾക്കിടയിൽ സംഭവിച്ചതെന്താണെന്ന് എന്റെ മുമ്പിൽ ചിത്രീകരിക്കാം'' എന്ന് കരാർ ചെയ്യുക. അപ്പോൾ ഞാൻ ശരിയായ നീതി അറിയിക്കും. ചെന്നായക്ക് ഇതിന്റെ കാഠിന്യത മനസ്സിലായി. അവൻ ഈ കരാറിനെ നിരസിച്ചു. അപ്പോൾ കരടി ചെന്നായയോട് പറഞ്ഞു: ''ഇതിനുശേഷം ചെന്നായ ചെമ്മരിയാടിൻകൂട്ടത്തെ ആക്രമിക്കാതിരിക്കുകയും ചെമ്മരിയാട് പറഞ്ഞത് സത്യപ്പെടുത്തുകയും ചെയ്യും എന്ന്.'' അപ്പോൾ എന്താണ് സംഭവിച്ചതെന്ന് കാണിക്കാം എന്ന് പറഞ്ഞുകൊണ്ട് ചെന്നായ ഭൂമിയോട് ചേർന്നു കിടന്നു. അപ്പോൾ കരടി ഒരു പാറക്കല്ല് എടുത്തുകൊണ്ടുവന്ന് ചെന്നായയുടെ പുറത്ത് വെച്ചു.

അപ്പോൾ ചെന്നായ ചെമ്മരിയാടിനോട് തന്നെ രക്ഷിക്കാൻ ആവശ്യപ്പെട്ടു. ചെമ്മരിയാട് അത് നിരസിച്ചു. ഇനി ഒരിക്കലും ഞങ്ങളുടെ കൂട്ടത്തിലേക്ക് അടുക്കില്ലെന്ന് എനിക്ക് നീ വാഗ്ദാനം ചെയ്യണം. അപ്പോൾ ചെന്നായ അതിന് വിസമ്മതം പ്രകടിപ്പിച്ചു. എന്നിട്ട് പറഞ്ഞു: ഇതിന് മുമ്പ് നിന്നോട് കരാർ ചെയ്തതുപോലെ ഞാൻ നിന്നോട് കരാർ ചെയ്യില്ല. എന്നിട്ട് ചെമ്മരിയാട് പറഞ്ഞു: ''ഞങ്ങളെ ആക്രമിക്കുന്ന നിന്നെ സഹായിക്കുന്നതിൽ എനിക്ക് ഒരു ആവശ്യവുമില്ല.'' അപ്പോൾ കരടി ചിരിച്ചുകൊണ്ട് പറഞ്ഞു: ''ഇതാണ് നീതി.'' ചെന്നായക്ക് അവന്റെ തെറ്റായ പ്രവർത്തനത്തിൽ സംഭവിച്ചതെന്താണെന്ന് തീർത്തും ബോധ്യപ്പെട്ടു.

ബുഷ്റ ബീവി ആർ.

# സിൻഡ്രല

ഒരു പ്രഭുകുടുംബത്തിലാണ് സിൻഡ്രല ജനിച്ചത്. അച്ഛനമ്മമാരുടെ കണ്ണിലുണ്ണിയായിരുന്നു അവൾ. ഭംഗിയുള്ള ഉടുപ്പുകളുമണിഞ്ഞ് ഒരു പൂമ്പാറ്റയെപ്പോലെ തുള്ളിച്ചാടി നടന്ന സിൻഡ്രലയുടെ ജീവിതം പെട്ടെന്നാണ് കഷ്ടതയിലായത്.

അവളുടെ അമ്മ അസുഖം വന്ന് കിടപ്പിലായി. ഏറ്റവും നല്ല ചികിത്സകൾ നൽകിയിട്ടും രക്ഷപ്പെട്ടില്ല. അമ്മയുടെ മരണത്തോടെ കൊട്ടാരം പോലുള്ള ആ വീട്ടിൽ അച്ഛനും മകളും തനിച്ചായി.

കുറച്ചുകാലം കഴിഞ്ഞപ്പോൾ സിൻഡ്രലയുടെ അച്ഛൻ വീണ്ടും വിവാഹം കഴിച്ചു. രണ്ടു പെൺമക്കളുള്ള ഒരു ദുഷ്ടയെയാണ് അയാൾക്ക് ഭാര്യയായി ലഭിച്ചത്. ആ സ്ത്രീയുടെ പെൺമക്കൾ അവരെപ്പോലെ തന്നെ വിരൂപികളും ദുഷ്ടകളും ആയിരുന്നു. സിൻഡ്രല സുന്ദരിയായതുകൊണ്ട് ആ പെൺകുട്ടികൾക്ക് അവളോട് വലിയ അസൂയയായിരുന്നു.

രണ്ടാനമ്മയും പെൺമക്കളും ചേർന്ന് ആ വീട്ടിലെ എല്ലാ ജോലികളും സിൻഡ്രലയെക്കൊണ്ടാണ് ചെയ്യിച്ചിരുന്നത്. പാത്രം കഴുകുക, തറ തുടയ്ക്കുക, തുണി അലക്കുക തുടങ്ങിയതെല്ലാം അവളുടെ മാത്രം ജോലിയായി. എല്ലാ ജോലിയും ചെയ്തുതീർത്തശേഷം അടുക്കളയിലെ വെറും തറയിലാണ് അവൾ ഉറങ്ങാൻ കിടക്കുന്നത്. വിരൂപികളായ സഹോദരിമാരാകട്ടെ എല്ലാ സൗകര്യങ്ങളുമുള്ള വിശാലമായ കിടപ്പുമുറിയിലെ തൂവൽമെത്തയിലാണ് ഉറങ്ങിയിരുന്നത്. കഠിനമായി അധ്വാനിച്ചെങ്കിലും സിൻഡ്രലയ്ക്ക് ഒരിക്കലും നല്ല വസ്ത്രങ്ങൾ കിട്ടിയിരുന്നില്ല. കാണാനൊരു ചന്തവുമില്ലാത്ത സഹോദരിമാർക്കാണെങ്കിൽ വിലപിടിപ്പുള്ള വസ്ത്രങ്ങളും ആഭരണങ്ങളും ധാരാളമായി വാങ്ങിക്കൊടുത്തിരുന്നു.

ഒരു ദിവസം ആ രാജ്യത്തെ രാജകുമാരൻ ഒരു വലിയ വിരുന്നും നൃത്ത പരിപാടിയും നടത്താൻ തീരുമാനിച്ചു. പ്രധാനപ്പെട്ട എല്ലാ ആളുകളെയും ക്ഷണിക്കുകയും ചെയ്തു. പ്രഭുകുടുംബമായതിനാൽ സിൻഡ്രലയുടെ വീട്ടിലും ക്ഷണക്കത്ത് കിട്ടി. വിരൂപികളായ സഹോദരിമാർ ക്ഷണക്കത്ത് കണ്ട് സന്തോഷം കൊണ്ട് തുള്ളിച്ചാടി. വിരുന്നിന് പോകാനുള്ള ഒരുക്കങ്ങളും ആരംഭിച്ചു. സഹോദരിമാരെ അണിയിച്ചൊരുക്കുന്ന ചുമതല മുഴുവൻ സിൻഡ്രലയ്ക്കായി. അവരുടെ വസ്ത്രങ്ങൾ തേക്കുക, തലമുടി ചീകിക്കൊടുക്കുക തുടങ്ങിയ ജോലികൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ സഹോദരിമാരിൽ ഒരുത്തി സിൻഡ്രലയോട് ചോദിച്ചു: ''രാജകുമാരന്റെ കൂടെ നൃത്തത്തിന് വന്നാൽ കൊള്ളാമെന്ന് നിനക്കും ആഗ്രഹമുണ്ടോ, സിൻഡ്രലേ?''

''നല്ല വസ്ത്രങ്ങൾ ഉണ്ടായിരുന്നെങ്കിൽ ഞാനും വരുമായിരുന്നു'' - സിൻഡ്രല പറഞ്ഞു.

''നീ അങ്ങനെ തന്നെ വിചാരിക്കണം'' എന്ന് പറഞ്ഞ് സഹോദരിമാർ അവളെ കളിയാക്കി ചിരിച്ചു.

വിശേഷപ്പെട്ട വസ്ത്രങ്ങൾ അണിഞ്ഞിട്ടും കാഴ്ചയിൽ ഒട്ടും ചന്തമില്ലാത്ത ഈ പെൺകുട്ടികൾ കുതിരവണ്ടിയിൽ കയറി കൊട്ടാരത്തിലേക്ക് യാത്ര തിരിച്ചു.

എല്ലാവരും പൊയ്ക്കഴിഞ്ഞപ്പോൾ സിൻഡ്രല നിരാശയോടെ അടുക്കളയുടെ മൂലയിൽ ചെന്നിരുന്ന് വിങ്ങിവിങ്ങി കരഞ്ഞു. പെട്ടെന്ന് ഇരുളടഞ്ഞ അടുക്കളയിൽ സ്വർഗീയമായ ഒരു പ്രകാശം നിറഞ്ഞു. പ്രകാശരശ്മികൾക്കു നടുവിൽ സ്വർണവസ്ത്രങ്ങൾ ധരിച്ച ഒരു മാലാഖ നിൽക്കുന്നതു കണ്ട് സിൻഡ്രല അമ്പരന്നു.

''നിങ്ങൾ ആരാണ്? എവിടെ നിന്നാണ് വരുന്നത്?'' - സിൻഡ്രല പരിഭ്രമത്തോടെ ചോദിച്ചു.

''മാലാഖയായിത്തീർന്ന നിന്റെ അമ്മൂമ്മയാണ് ഞാൻ. ഇനി പറയൂ, നിനക്ക് രാജകുമാരനോടൊത്ത് നൃത്തം ചെയ്യാൻ ആഗ്രഹമുണ്ടോ?'' മാലാഖ അവളോട് ചോദിച്ചു.

''ഉണ്ട്. എനിക്കും നൃത്തത്തിന് പോകാൻ ആഗ്രഹമുണ്ട്.'' ഇടറുന്ന സ്വരത്തിൽ സിൻഡ്രല പറഞ്ഞു.

''നിന്റെ ആഗ്രഹം ഞാൻ സാധിച്ചുതരാൻ പോകുകയാണ്. പക്ഷേ, ഞാൻ പറയുന്നതുപോലെ നീ ചെയ്യണം.'' മാലാഖ പറഞ്ഞു.

തീർച്ചയായും ഞാൻ ചെയ്യാം. എന്താണ് വേണ്ടതെന്ന് പറഞ്ഞാൽ മാത്രം മതി. സിൻഡ്രല ഉറപ്പുനൽകി.

''ആദ്യം നീ തോട്ടത്തിലേക്ക് പോകണം. അവിടെ നിന്ന് വലിയ ഒരു മത്തങ്ങ മറിച്ചുകൊണ്ടുവരണം.'' മാലാഖ പറഞ്ഞു.

സിൻഡ്രല മാലാഖ പറഞ്ഞതുപോലെ ചെയ്തെങ്കിലും മത്തങ്ങ കൊണ്ട് എന്ത് ചെയ്യാനാണെന്ന് അവൾ അദ്ഭുതപ്പെട്ടു. പക്ഷേ, വേഗം തന്നെ അവർക്കത്

മനസ്സിലായി. മാലാഖ തന്റെ ദിവ്യശക്തിയുള്ള വടികൊണ്ട് മത്തങ്ങയിൽ ഒന്ന് തൊട്ടു. ഉടൻതന്നെ മത്തങ്ങയുടെ സ്ഥാനത്ത് മനോഹരമായ ഒരു സ്വർണ ക്കുതിരവണ്ടി പ്രത്യക്ഷമായി. സിൻഡ്രല അമ്പരപ്പോടെ അതിൽത്തന്നെ നോക്കിനിന്നു. അപ്പോൾ മാലാഖ പറഞ്ഞു: ''നീ വേഗം പോയി ആ എലിപ്പെട്ടി എടുത്തുകൊണ്ടുവരൂ. അതിൽ ആറ് എലിക്കുഞ്ഞുങ്ങൾ കാണും.'' സിൻഡ്രല അതുപോലെ ചെയ്തു.

''എലിപ്പെട്ടിയുടെ അടപ്പു തുറന്ന് എലിക്കുഞ്ഞുങ്ങളെ ഓരോന്നായി പുറത്തേക്ക് വിടൂ.'' മാലാഖ പറഞ്ഞു.

സിൻഡ്രല എലിപ്പെട്ടിയുടെ അടപ്പ് മെല്ലെ തുറന്നു. പുറത്തുവന്ന ഓരോ എലിക്കുഞ്ഞിന്റെയും തലയിൽ മാലാഖ തൊട്ടു. ആ നിമിഷം തന്നെ എലികൾ കരുത്തുറ്റ ആറ് കുതിരകളായി മാറി.

''നമുക്ക് കുതിരവണ്ടിയും കുതിരകളും ആയി. ഇനി ഒരു വണ്ടിക്കാരനെക്കൂടി വേണം.'' മാലാഖ പറഞ്ഞു.

''എലിപ്പെട്ടിയിൽ ഇനി എലികൾ വല്ലതും ഉണ്ടോ എന്ന് നോക്കിയാലോ?'' സിൻഡ്രല ചോദിച്ചു.

''എന്നാൽ അങ്ങനെ ചെയ്യൂ. നല്ല ഒരു എലിയെ കിട്ടിയാൽ നമുക്ക് വണ്ടിക്കാരനാക്കാം.'' മാലാഖ പറഞ്ഞു.

സിൻഡ്രല എലിപ്പെട്ടി തുറന്നു. മൂന്നെലികൾ പുറത്ത് ചാടി. അതിൽ ഏറ്റവും തടിച്ച എലിയുടെ തലയൽ മാലാഖ മന്ത്രവടികൊണ്ട് തട്ടി. പെട്ടെന്ന് എലി ഒരു വണ്ടിക്കാരനായി മാറി.

''നിന്റെ ആഗ്രഹം ഇതാ സാധിക്കുവാൻ പോവുകയാണ്. ഈ വണ്ടിയിൽ നിനക്ക് കൊട്ടാരത്തൽ പോകാം.'' മാലാഖ പറഞ്ഞു.

''ഈ കീറിയ ഉടുപ്പുകളുമിട്ടുകൊണ്ട് ഞാൻ എങ്ങനെയാണ് കൊട്ടാരത്തിൽ പോവുക? കാവൽക്കാർ എന്നെ പുറത്താക്കും.'' സിൻഡ്രല പറഞ്ഞു.

മാലാഖ മന്ത്രവടി മൂന്നു പ്രാവശ്യം വീശി. സിൻഡ്രലയുടെ കീറിയ ഉടുപ്പുകൾ രത്നങ്ങൾ പതിച്ച പട്ടുവസ്ത്രങ്ങളായി മാറി.

''ഇനി ഞാൻ നിനക്ക് എന്റെ ഏറ്റവും വിലപ്പെട്ട സമ്മാനം തരാം.'' മാലാഖ മനോഹരമായ ഒരു ജോഡി സ്ഫടിക ചെരുപ്പുകൾ അവൾക്ക് സമ്മാനിച്ചു.

സിൻഡ്രല സന്തോഷം കൊണ്ട് തുള്ളിച്ചാടി. അവൾ മാലാഖയോട് നന്ദി പറഞ്ഞ ശേഷം വണ്ടിയിൽ കയറാൻ തുടങ്ങി. പെട്ടെന്ന് മാലാഖ അവളെ തടഞ്ഞുനിർത്തിക്കൊണ്ട് പറഞ്ഞു: ''ഒരു കാര്യം നീ പ്രത്യേകം ഓർമിച്ചുകൊള്ളണം. അർധരാത്രി കഴിഞ്ഞ് ഒരു മിനിറ്റു പോലും നീ അവിടെ നിൽക്കരുത്. കാരണം, ആ സമയം കഴിഞ്ഞാൽ നിന്റെ വണ്ടി മത്തങ്ങയും കുതിരകൾ എലിക്കുഞ്ഞുങ്ങളും വണ്ടിക്കാരൻ എലിയും ആകും. നിന്റെ വസ്ത്രങ്ങൾ പഴയതുപോലെ കീറിയതും ആകും.''

''രാത്രി പന്ത്രണ്ടുമണിക്കു മുമ്പേ ഞാൻ തിരിച്ചുവരും.'' സിൻഡ്രല പറഞ്ഞു.

അവൾ വണ്ടിയിൽ കയറി. വണ്ടിക്കാരൻ കുതിരകളെ ഓടിച്ചു. വളരെ

വേഗം കുതിരവണ്ടി കൊട്ടാരത്തിലെത്തി.

സ്വർണക്കുതിരവണ്ടിയിൽ അതിസുന്ദരിയായ ഒരു രാജകുമാരി വരുന്നത് കൊട്ടാരത്തിലെ എല്ലാവരും നോക്കിനിന്നു. രാജകുമാരൻ ഓടിവന്ന് വണ്ടി യിൽനിന്ന് ഇറങ്ങാൻ അവളെ സഹായിച്ചു. രാജകുമാരനോടൊത്ത് സിൻഡ്രല നൃത്തമണ്ഡപത്തിലെത്തിയപ്പോൾ വിരുന്നിന് വന്ന ആളുകൾ പരസ്പരം ചോദിച്ചു: ''ആരാണിവൾ? എത്ര സുന്ദരിയായിരിക്കുന്നു.''

അവൾ ആരാണെന്ന് മാത്രം ആർക്കും മനസ്സിലായില്ല. അവളുടെ അതു ല്യമായ സൗന്ദര്യം അവരെ അദ്ഭുതപ്പെടുത്തി. ഇത്രയും സൗന്ദര്യമുള്ള ആരെയും അവർ ഇതിനുമുമ്പ് കണ്ടിട്ടില്ല. രാജകുമാരൻ സിൻഡ്രലയുമായി നൃത്തം ചെയ്തു. എല്ലാവരും അവളെ അഭിനന്ദിച്ചു. നൃത്തത്തിനുശേഷം വി ശിഷ്ടഭോജ്യങ്ങൾ വിളമ്പി. സിൻഡ്രല അല്പസമയം അവളുടെ സഹോദരി മാരുടെ അടുക്കൽ ചെന്നിരുന്നു. അവർക്ക് ചില മധുരപലഹാരങ്ങൾ കൊടു ക്കുകയും ചെയ്തു. സുന്ദരിയായ ഈ രാജകുമാരി ആരാണെന്ന് അവർ അദ്ഭുതപ്പെട്ടു. രാജകുമാരൻ എപ്പോഴും അവളുടെ കൂടെത്തന്നെയുണ്ടായി രുന്നു. സിൻഡ്രലയ്ക്ക് വളരെ സന്തോഷമായി. അവളുടെ ജീവിതത്തിൽ ഒരി ക്കലും ഇത്രയും സന്തോഷം ഉണ്ടായിട്ടില്ല. എല്ലാം മറന്ന് അവൾ ആഹ്ലാദത്തിൽ മുഴുകി. ക്ലോക്കിൽ പന്ത്രണ്ടടിക്കാൻ തുടങ്ങിയപ്പോൾ സിൻഡ്രല ഞെട്ടിപ്പോയി. മാലാഖ പറഞ്ഞത് അവൾ അപ്പോഴാണ് ഓർത്തത്.

യാത്രപറയാൻ പോലും നിൽക്കാതെ രാജകുമാരന്റെ കൈ വിട്ടുകൊണ്ട് സിൻഡ്രല ഓടി കൊട്ടാരത്തിന് പുറത്തെത്തി. തന്റെ കുതിരവണ്ടിയുടെ സ്ഥാന ത്ത് ഒരു മത്തങ്ങയാണ് അവൾ കണ്ടത്. സിൻഡ്രല തന്റെ വസ്ത്രത്തിലേക്ക് നോക്കി. അത് പഴയതുപോലെ കീറിപ്പറിഞ്ഞിരിക്കുന്നു. തിരിഞ്ഞുപോലും നോക്കാതെ അവൾ വീട്ടിലേക്ക് ഓടി. വീട്ടിലെത്തിയപ്പോഴാണ് സിൻഡ്രല അത് ശ്രദ്ധിച്ചത്. മാലാഖ സമ്മാനിച്ച ചെരുപ്പുകളിൽ ഒരെണ്ണം മാത്രമേ കാലിൽ ഉള്ളൂ. മറ്റേത് എവിടെയോ നഷ്ടപ്പെട്ടിരിക്കുന്നു. സഹോദരിമാർ വരുന്നതിനുമുമ്പ് അവൾ ആ ചെരുപ്പ് ഒളിപ്പിച്ചുവെച്ചു. അല്പം കഴിഞ്ഞപ്പോൾ സഹോദരിമാർ വീട്ടിലെത്തി. അവരോട് സിൻഡ്രല പരിഭവത്തിൽ പറഞ്ഞു:

''നിങ്ങൾ പോയിട്ട് എത്ര നേരമായി?''

''സമയം പോയതൊന്നും ഞങ്ങളറിഞ്ഞില്ല. അത്ര രസമായിരുന്നു. വളരെ സുന്ദരിയായ ഒരു രാജകുമാരി അവിടെ വന്നിരുന്നു. അവൾ ഞങ്ങൾക്ക് മധു രപദാർഥങ്ങൾ തന്നു.'' മൂത്തസഹോദരി പറഞ്ഞു.

സിൻഡ്രലയ്ക്ക് വളരെ സന്തോഷമായി. ''ആ രാജകുമാരിയുടെ പേരെ ന്താണ്?'' സിൻഡ്രല ചോദിച്ചു.

''അവളുടെ പേര് ആർക്കും അറിഞ്ഞുകൂടാ. ആരാണെന്നുപോലും മന സ്സിലാക്കാൻ കഴിഞ്ഞില്ല. എങ്കിലും രാജകുമാരന് അവളെ വളരെ ഇഷ്ടപ്പെട്ടെ ന്നാണ് തോന്നുന്നത്.'' സഹോദരിമാരിൽ ഇളയവൾ പറഞ്ഞു.

വാസ്തവമായും അവൾ വളരെ സുന്ദരിയാണോ? നിങ്ങളെപ്പോലെ

എനിക്കും അവളെ ഒന്ന് കാണാൻ കഴിഞ്ഞെങ്കിൽ. അടുത്ത പ്രാവശ്യം എന്നെ ക്കൂടി കൊണ്ടുപോകുമോ? നിങ്ങളുടെ ഒരു പഴയ വസ്ത്രം കൂടി എനിക്ക് തരണം. കൊട്ടാരത്തിൽ പോകാനുള്ളതല്ലേ.

ആ പറച്ചിൽ സഹോദരിമാർക്ക് ഇഷ്ടപ്പെട്ടില്ല. അവർ അവളെ അവജ്ഞ യോടെ നോക്കിയശേഷം തങ്ങളുടെ മുറികളിലേക്ക് കയറിപ്പോയി.

സിൻഡ്രല പോയതിനുശേഷം രാജകുമാരൻ കൊട്ടാരത്തിലും പരിസരത്തു മൊക്കെ അന്വേഷിച്ചു. അവൾ എങ്ങോട്ട് പോയെന്ന് ആർക്കും കണ്ടെത്താൻ കഴിഞ്ഞില്ല. പുൽത്തകിടിയിൽനിന്ന് ഒരു സ്ഫടികച്ചെരുപ്പു മാത്രം രാജകു മാരന് കിട്ടി. അത് തന്നോടൊപ്പം നൃത്തം ചെയ്ത സുന്ദരിയുടേതാണെന്ന് രാജകുമാരന് മനസ്സിലായി.

പിറ്റേ ദിവസം തെരുവീഥികളിൽ രാജകീയ വിളമ്പരമുണ്ടായി. ''രാജകുമാര ന്റെ പക്കലുള്ള സ്ഫടികച്ചെരുപ്പ് പാകമാകുന്ന യുവതിയെയേ രാജകുമാരൻ വിവാഹം കഴിക്കൂ''വെന്നായിരുന്നു അത്.

രാജഭടന്മാർ ആദ്യം രാജകുടുംബങ്ങളിലാണ് ചെന്നത്. രാജകുമാരന്റെ വധുവാകാനുള്ള ആഗ്രഹത്തോടെ രാജകുമാരിമാർ മത്സരബുദ്ധിയോടെ ചെ രുപ്പിട്ട് നോക്കാൻ മുന്നോട്ട് വന്നു. എന്നാൽ അവരിൽ ആർക്കും തന്നെ ആ സ്ഫടികച്ചെരുപ്പ് പാകമായില്ല. വലുപ്പച്ചെറുപ്പം കൂടാതെ എല്ലാ പെൺകുട്ടി കൾക്കും അവസരം നൽകണമെന്നായിരുന്നു രാജകല്പന. രാജഭടന്മാർ ചെരു പ്പുമായി പ്രഭുകുടുംബങ്ങളിലേക്ക് നീങ്ങി. പല വീടുകൾ കയറിയശേഷം ഒടുവിൽ സിൻഡ്രലയുടെ വീട്ടിലുമെത്തി.

''ഞാൻ ആദ്യം ഇട്ടുനോക്കാം... ഞാൻ ആദ്യം...'' എന്നു വിളിച്ചുപറഞ്ഞു കൊണ്ട് സിൻഡ്രലയുടെ വിരൂപികളായ സഹോദരിമാർ മത്സരിച്ച് ഓടിവന്നു. എങ്ങനെയെങ്കിലും പാകമാണെന്ന് വരുത്താൻ ശ്രമിച്ചുനോക്കിയെങ്കിലും അളവിൽ വളരെ വ്യത്യാസമുള്ളതിനാൽ കഴിഞ്ഞില്ല.

''ഇനി ചെരുപ്പിട്ടുനോക്കാൻ ആരെങ്കിലും വീട്ടിലുണ്ടോ?''

''ഇവിടെ ഇനി ആരുമില്ല.'' സഹോദരിമാർ ഒരുമിച്ചുപറഞ്ഞു. ഭടന്മാർ സിൻ ഡ്രലയെ കണ്ടു. അവൾ വളരെ സുന്ദരിയാണെന്നുകൂടി കണ്ടപ്പോൾ അവളു ടെ അരികിലേക്ക് നീങ്ങി.

''അവൾ ഇവിടുത്തെ വേലക്കാരിയാണ്. അവളുടെ കാലിൽ ഇട്ടുനോക്കേ ണ്ടതില്ല.'' സഹോദരിമാർ ഏകസ്വരത്തിൽ പറഞ്ഞു.

രാജഭടന്മാർ ആ അഭിപ്രായത്തോട് യോജിച്ചില്ല. അവർ പറഞ്ഞു:

''എല്ലാ പെൺകുട്ടികൾക്കും അവസരം നൽകണമെന്നാണ് രാജകല്പന.''

സിൻഡ്രലയോട് ചെരുപ്പ് ഇട്ടുനോക്കാൻ ഭടന്മാർ ആവശ്യപ്പെട്ടു. അവളുടെ കാലിൽ അത് പാകമായത് കണ്ടപ്പോൾ സഹോദരിമാർ അമ്പരന്നു. സിൻഡ്രല വേഗം അകത്ത് ചെന്ന് മറ്റേ ചെരുപ്പും കൂടി എടുത്തുകൊണ്ടുവന്നതോടെ ഭടന്മാർക്ക് പൂർണബോധ്യമായി. അവളുടെ സഹോദരിമാർക്ക് അത് വിശ്വ സിക്കാൻ പോലും കഴിഞ്ഞില്ല.

സഹോദരിമാർ അവളോട് മാപ്പുചോദിച്ചു. സിൻഡ്രല അവരോട് പറഞ്ഞു: ''എനിക്ക് നിങ്ങളോട് ഒരു പിണക്കവുമില്ല. എന്നും ഞാൻ നിങ്ങളെ സ്നേഹിക്കും.'' രാജഭടന്മാർ സിൻഡ്രലയെ കൊട്ടാരത്തിലേക്ക് കൊണ്ടുപോയി. കൊട്ടാരത്തിൽ അവൾക്ക് രാജകീയ വരവേൽപ്പ് ലഭിച്ചു. ഏതാനും ദിവസങ്ങൾക്കുശേഷം രാജകുമാരനുമായുള്ള സിൻഡ്രലയുടെ വിവാഹം ആർഭാടമായി നടന്നു.

സഹോദരിമാരോട് സിൻഡ്രല ക്ഷമിച്ചു. അവൾ കൊട്ടാരത്തിൽ രാജകുമാരനുമൊത്ത് ഏറെക്കാലം സന്തോഷമായി ജീവിച്ചു.

# മോഹഭംഗം

**എ**ന്നിൽ നിന്നകലുന്ന പക്ഷിയെ നോക്കി ഞാൻ
എന്തോ വിചാരിച്ചു കണ്ണീർ തുടച്ചു.

കളകളം പാടുന്നൊരരുവിയെപ്പോലെ ഞാൻ
കരളിലെ നോവിന് കൂടൊരുക്കുന്നു.

എന്തിനു വേണ്ടിയേ തനിച്ചിരിക്കുന്നു ഞാൻ
എനിക്കായ് മാത്രം തീർത്തൊരാപ്പുൽക്കൂട്ടിൽ.

ഒരു നൂറ് സ്നേഹനൊമ്പരങ്ങൾ പകർന്നിട്ടു-
മൊടുവിൽ പറിച്ചെറിയപ്പെട്ടവളായി

ഞാനിന്നും മനസ്സിന്റെ ശാപമോക്ഷത്തിനായ്,
നൊമ്പരങ്ങൾക്കിടയിൽ വസിക്കുന്നു.



37

# സിംഹവും പെൺകുട്ടിയും

ഒരു വ്യാപാരി തന്റെ കച്ചവടത്തിനാവശ്യമായ ചരക്കുകൾ വാങ്ങുവാൻ വേണ്ടി ഒരു യാത്രപോകാൻ തീരുമാനിച്ചു. ഈ അവസരത്തിൽ തന്റെ മൂന്ന് പെൺ മക്കളെയും വിളിച്ച് താൻ പോയിവരുമ്പോൾ എന്ത് കൊണ്ടുവരണം എന് ഓരോരുത്തരോടായി ചോദിച്ചു.

മൂത്തമകൾ വാപ്പയോട് ഇപ്രകാരം പറഞ്ഞു: ''വാപ്പാ, ഞാൻ ആഗ്രഹിക്കുന്ന ത് വിലപിടിപ്പുള്ള മുത്തിന്റെ മാലയാണ്.'' രണ്ടാമത്തെ മകൾ വാപ്പയോട് ആവശ്യപ്പെട്ടതാകട്ടെ സ്വർണത്തിന്റെ വാച്ചും. അവളുടെ കൈയിലാകട്ടെ നേരത്തെ തന്നെ ഭംഗിയുള്ള ഒരു വളയുണ്ടായിരുന്നു. ഇവർ രണ്ടുപേരിൽ നിന്നും തീർത്തും വ്യത്യസ്തമായ ഒരു ആഗ്രഹമായിരുന്നു ഇളയ മകളുടേത്. അവൾ വാപ്പയോട് സ്നേഹബഹുമാനത്തോടെ പറഞ്ഞു: ''എന്റെ വന്ദ്യ പിതാവേ, എന്റെ ആഗ്രഹം - അങ്ങ് വരുമ്പോൾ എനിക്കൊരു വെളുത്ത റോസാ പുഷ്പം കൊണ്ടുവന്ന് തരണം എന്നുള്ളതാണ്. അവൾ അതുകൊണ്ട് ഉദ്ദേ ശിച്ചത് തന്റെ ആഗ്രഹം ഒരിക്കലും പിതാവിനെ ബുദ്ധിമുട്ടിക്കുന്നതായിരിക്ക രുതെന്നാണ്. ആ മകൾ പൂക്കളുടെ വൈവിധ്യഭംഗി ആസ്വദിക്കുന്ന കൂട്ടത്തി ലായിരുന്നു. ശൈതയകാലമാണെന്ന വസ്തുത ഓർക്കാതെയാണ് അവൾ തന്റെ ആഗ്രഹം പിതാവിനു മുമ്പിൽ അവതരിപ്പിച്ചത്. മരങ്ങൾക്കു മുകളിൽ മഞ്ഞ് പുതപ്പായി മാറി അന്തരീക്ഷമാകെ കഠിന തണുപ്പുള്ളതായി മാറി. കട ലുകൾ ഇരമ്പി ഇപ്രകാരം ശൈത്യകാലം കൊടുമ്പിരിക്കൊണ്ട വേളയിൽ വെളുത്ത റോസാപുഷ്പം സംഘടിപ്പിക്കുക എന്നത് അങ്ങേയറ്റം പ്രയാസക രമായിരുന്നു. ഇന്നത്തെപ്പോലെ തണുത്ത കാലാവസ്ഥയുള്ള ഭൂഖണ്ഡങ്ങളി ലേക്ക് പുഷ്പങ്ങൾ സുലഭമായ പ്രദേശത്തുനിന്ന് പൂക്കൾ എത്തിക്കാൻ കഴി ഞ്ഞിരുന്നില്ല. കാരണം, അങ്ങനെയൊരു ഇറക്കുമതി നടത്താൻ വേണ്ട

വിമാനങ്ങൾ അവിടെ ഉണ്ടായിരുന്നില്ല. ഇന്നാകട്ടെ തണുപ്പുള്ള രാജ്യങ്ങളിൽ മരങ്ങളും പൂക്കളും കൃഷിചെയ്യാൻ വേണ്ടി കൃത്രിമ പ്രതിരോധം നൽകുന്ന ഹരിതഭവനങ്ങൾ ലഭ്യമാണ്. അവയുടെ കുറവുകാരണം ഇളയമകൾ ചോദിച്ചതായ വെളുത്ത പുഷ്പം നേടുക എന്നത് ആ പിതാവിനെ സംബന്ധിച്ചിടത്തോളം ശ്രമകരമായ ജോലിയായിത്തീർന്നു. അവൾ തന്റെ പിതാവിനെ ദുഃഖത്തിലാഴ്ത്തുന്ന ആഗ്രഹമാണ് പറഞ്ഞതെന്ന് കരുതിയിരുന്നില്ല.

ആ പിതാവിന്റെ മക്കളിൽവച്ച് ഏറ്റവും സൗന്ദര്യമുള്ളത് ഇളയ മകൾക്കായിരുന്നു. അവളുടെ ആവശ്യം പോലെ തന്നെ വെളുത്ത റോസാപ്പൂക്കൾ കിട്ടുംവരെ പരിശ്രമിക്കാൻ ആ പിതാവ് ദൃഢനിശ്ചയമെടുത്തു.

യാത്രയ്ക്കുമുമ്പ് ഭാര്യയെയും തന്റെ മൂന്ന് മക്കളെയും കച്ചവടക്കാരൻ ചുംബിച്ചു. അപ്രകാരം അവരും അദ്ദേഹത്തിന് ചുംബനങ്ങൾ നൽകി അദ്ദേഹത്തെ യാത്രയാക്കി. അന്യരാജ്യത്തുനിന്ന് കച്ചവട സാധനങ്ങൾ വാങ്ങുന്നതിനായി അദ്ദേഹം പുറപ്പെട്ടു.

• • •

കച്ചവട സാധനങ്ങൾ വാങ്ങിയശേഷം തന്റെ രാജ്യത്തേക്ക് മടങ്ങാൻ വ്യാപാരി തീരുമാനിച്ചു. മൂത്തമകൾ ആവശ്യപ്പെട്ടതുപോലെ തന്നെ വിലപിടിപ്പുള്ള മുത്തിന്റെ മാല വാങ്ങി. പിന്നീട് ഇളയമകളുടെ ആവശ്യപ്രകാരം സ്വർണത്തിന്റെ വാച്ചും അദ്ദേഹം കരസ്ഥമാക്കി. തന്റെ പ്രിയപ്പെട്ട ഇളയമകളുടെ ആവശ്യം നിറവേറ്റുന്നതിനായി വെളുത്ത റോസാപുഷ്പം അന്വേഷിച്ച് എല്ലാ തോട്ടങ്ങളിലും പരതാൻ തുടങ്ങി. പക്ഷേ, നിർഭാഗ്യമെന്നു പറയട്ടെ, അദ്ദേഹത്തിന് അത് കണ്ടെത്താനായില്ല.

യാത്രയിലുടനീളം ഓരോ തോട്ടം കാണുമ്പോഴും പ്രതീക്ഷയോടെ വെളുത്ത പുഷ്പം ലഭിക്കുന്നതിനുള്ള തിരച്ചിൽ നടത്തി. അദ്ദേഹത്തിന്റെ ഈ അത്യപൂർവമായ ചോദ്യം കേട്ട് ജനങ്ങൾ അദ്ഭുതം പൂണ്ടു. അവർ അദ്ദേഹത്തിനോട് പറഞ്ഞു: ''നിങ്ങൾ വിചാരിക്കുന്നുണ്ടോ, ഈ മഞ്ഞിന്റെ ഇടയിൽ നിന്ന് റോസാപ്പൂ പ്രത്യക്ഷപ്പെടുമെന്ന്?'' ഈ കഠിന തണുപ്പുള്ള അന്തരീക്ഷത്തിൽ അതിനുള്ള സാധ്യതയില്ല എന്നത് പകൽപോലെ വാസ്തവമാണ്. പൂജ്യം ഡിഗ്രി സെൽഷ്യസിനു താഴെയാണ് അന്തരീക്ഷോഷ്മാവ്. ബുദ്ധിപരമായ ഈ മറുപടികൾ കേട്ടപ്പോൾ കച്ചവടക്കാരൻ ഒരുപാട് വേദനിച്ചു. തന്റെ ചെറിയ മകളുടെ ആഗ്രഹ സാക്ഷാത്കാരത്തിന് ഒരു വഴി കാണാതെ അദ്ദേഹത്തിന്റെ മാനസികവ്യഥ നിമിഷംപ്രതി വർധിച്ചുകൊണ്ടിരുന്നു. അവൾ തന്നോട് പറഞ്ഞത് നിസ്സാരമായ ഒരു ആഗ്രഹമാണ്. ഒരു ഭാരവും തന്നെ അവൾ ഏൽപ്പിച്ചിട്ടില്ല. നല്ല കാലാവസ്ഥയിൽ സുലഭമായി ലഭിച്ചിരുന്നതാണ് പ്രസ്തുത പൂക്കൾ. ചിന്തയിൽ വ്യാപൃതനായി നടക്കുന്ന വേളയിൽ അവിടെ ഒരു കൊട്ടാരം കണ്ടു. അതിന്റെ ചുറ്റും അപരിചിതമായ പൂന്തോട്ടമുണ്ട്. തോട്ടം രണ്ടു ഭാഗമായിട്ടാണുള്ളത്. ഒന്നിൽ വേനൽ കാലാവസ്ഥയാണ്. അവിടെയാ

കട്ടെ, പച്ചപിടിച്ചുനിൽക്കുന്ന മരങ്ങളും ധാരാളം ഭംഗിയുള്ള പൂക്കളും ദൃശ്യമാകുന്നു. രണ്ടാമത്തെ വിഭാഗത്തിൽ മഞ്ഞുകണങ്ങളാൽ മറയ്ക്കപ്പെട്ട മരങ്ങൾ കാണാം. അതിൽ ഇലകളില്ല. പൂവിന്റെ അടയാളം പോലും കാണാനില്ല. അദ്ഭുതത്തോടുകൂടി അതിനെ നിരീക്ഷിച്ച അദ്ദേഹം, വേനൽ കാലാവസ്ഥയുള്ള തോട്ടത്തിൽ വെളുത്ത റോസാപുഷ്പം കണ്ടു. വ്യാപാരി പുഷ്പം പറിക്കുവാൻ അനുവാദത്തിനായി തോട്ടം ഉടമയെ വിളിച്ചു. പക്ഷേ, ആ വിളിക്ക് മറുപടി നൽകാൻ ആരെയും കണ്ടില്ല. സന്തോഷാധിക്യത്താൽ അദ്ദേഹം ആ മരത്തിൽ നിന്ന് ഒരു പൂവ് പറിച്ചു. ആ പൂവ് ലഭ്യമായതിനെ തുടർന്ന് അദ്ദേഹം വളരെയധികം സന്തോഷിച്ചു. അവിടെ നിന്ന് മടങ്ങിയ അദ്ദേഹം വഴിമധ്യേ ഒരു സിംഹത്തെ കണ്ടു. ഭീകരനായ ആ സിംഹം അദ്ദേഹത്തെ പിന്തുടർന്നു. അതിഘോരമായി അത് ഗർജ്ജിച്ചു. എന്നിട് ആ വ്യാപാരിയോട് ചോദിച്ചു: ''എന്റെ അനുവാദം കൂടാതെ ഈ റോസാപുഷ്പം പറിക്കാൻ നിനക്ക് എങ്ങനെ ധൈര്യമുണ്ടായി?''

വ്യാപാരി, ക്രുദ്ധനായി നിൽക്കുന്ന സിംഹത്തോട് പറഞ്ഞു: ''ഞാൻ വിളിച്ചിരുന്നു-സമ്മതത്തോടെ പൂവ് പറിക്കുന്നതിനായി. പക്ഷേ, ആരെയും കണ്ടില്ല. അനുവാദം വാങ്ങാതെ പൂ പറിച്ചതിൽ അങ്ങേയറ്റം ഞാൻ ഖേദിക്കുന്നു. ഈ പൂന്തോട്ടം നിന്റേതാണെന്ന് എനിക്ക് അറിയില്ലായിരുന്നു.'' മറുപടി കേട്ടശേഷം സിംഹം വ്യാപാരിയോട് ഒരു ദയയും കൂടാതെ പറഞ്ഞു: ''തീർച്ചയായും നീ എന്റെ റോസാപൂവ് എടുത്തു – അത് എന്റെ തോട്ടത്തിൽനിന്ന് മോഷ്ടിച്ചു. ഞാൻ നിന്നെ കൊല്ലാൻ പോവുകയാണ്. ഭയന്നുപോയ വ്യാപാരി, ''നീ എനിക്ക് മാപ്പുതരണം, എന്നെ കൊല്ലരുത്. ഇതിന്റെ വില നിനക്ക് നൽകാം'' എന്ന് സിംഹത്തോട് പറഞ്ഞു. സിംഹം വ്യാപാരിയുടെ മറുപടി കേട്ടശേഷം പറഞ്ഞു: ''എനിക്ക് നാണയങ്ങൾ വേണ്ട. നിന്റെ വീട്ടിൽ നീ തിരിച്ചെത്തുമ്പോൾ ആദ്യം കാണുന്നതെന്തോ അത് എനിക്ക് നൽകണം. അങ്ങനെയെങ്കിൽ ഞാൻ നിന്നെ വെറുതെ വിടാം.'' വ്യാപാരിയിൽനിന്ന് അങ്ങനെ സത്യം വാങ്ങി. മനസ്സില്ലാമനസ്സോടെ ആ കരാറിൽ വ്യാപാരി സമ്മതം മൂളി. കാരണം, താൻ വീട്ടിലെത്തുമ്പോൾ തന്നോട് ഏറെ ഇഷ്ടമുള്ള ഇളയമകൾ പുറത്തുണ്ടാകും. തന്റെ വരവും പ്രതീക്ഷിച്ച് അവൾ ഇരിക്കുന്നുണ്ടാകും. അദ്ദേഹത്തിന്റെ ചിന്തകൾ അങ്ങനെ കാടുകയറി പൊയ്ക്കൊണ്ടിരുന്നു. ഇതിനുശേഷം സിംഹം തന്റെ തോട്ടത്തിലേക്കും വ്യാപാരി തന്റെ വീട്ടിലേക്കും പോയി.

തന്റെ പിതാവിന്റെ ആഗമനവും കാത്ത് വഴികണ്ണുമായ് ഇരുന്ന ആ സ്നേഹമയിയായ മകൾ അദ്ദേഹത്തിന്റെ വരവ് കണ്ട് ധൃതിയിൽ അരികിലേക്ക് ഓടി. നിർഭാഗ്യമെന്നു പറയട്ടെ, വ്യാപാരി ആദ്യം കണ്ടതും ആ മകളെത്തന്നെയാണ്. പിതാവിന്റെ പക്കൽ വെളുത്ത പുഷ്പം കണ്ട് അവളുടെ സന്തോഷം വർധിച്ചു. അതേസമയം, ആ പിതാവിന്റെ ദുഃഖം ഇരട്ടിച്ചു. ദുഃഖത്തോടുകൂടി ആ സ്നേഹമുള്ള പിതാവ് നിഷ്കളങ്കമായ മകളോട് പറഞ്ഞു: ''മകളേ, ഇതിന്റെ വില രത്നങ്ങൾ കൊണ്ടോ ധനം കൊണ്ടോ നികത്താൻ പറ്റാത്തതാണ്. അത്ര

യ്ക്ക് വില കൊടുത്താണ് ഈ പൂവ് കരസ്ഥമാക്കിയത്. അതിന്റെ വില ഒരിക്കലും എനിക്ക് നൽകാൻ ആവില്ല. വർധിച്ച കൗതുകത്തോടുകൂടി ആ പിതാവിനെ ഉറ്റുനോക്കിക്കൊണ്ട് ആ മകൾ അദ്ദേഹത്തോട് താങ്കൾ വിഷമിക്കുന്നതിന്റെ കാരണവും പൂവിന്റെ വിലയും ആരാഞ്ഞു. ദുഃഖിതനായ പിതാവ് മകളോടായി പറഞ്ഞു: ''ഞാൻ നിന്റെ കാര്യത്തിൽ ദുഃഖിതനാണ്. മകളേ, നിന്റെ കാര്യമോർത്ത് ഞാൻ ഭയക്കുന്നു. ഞാൻ വീട്ടിലെത്തുമ്പോൾ ആദ്യം കാണുന്ന വസ്തുവിനെ കൊടുക്കാമെന്ന് സിംഹത്തിന് കൊടുത്ത വാക്കിനു മേലാണ് ഈ പുഷ്പം ഇന്ന് നിനക്ക് ലഭ്യമായിരിക്കുന്നത്. ഈ പൂവിന്റെ വിലയായ് നിന്നെ ആ സിംഹം തിന്നുമോയെന്ന് ഞാൻ ഭയക്കുന്നു. പിതാവ് നടന്ന സംഭവമെല്ലാം മകളോട് പറഞ്ഞു.

ഭയരഹിതയായ ആ മകൾ പിതാവിനെ ആശ്വസിപ്പിച്ചു. അങ്ങ് ശാന്തനായിരിക്കണം. വിഷമിക്കരുത്. എന്നെയോർത്ത് ഭയപ്പെടുകയും അരുത്. എനിക്ക് നല്ല ചിന്താശേഷിയും ബുദ്ധിയും ഉണ്ട് അങ്ങേക്ക് അവിടുത്തെ കരാർ നിറവേറ്റാൻ കഴിയും. എന്നെ പോകാൻ അനുവദിക്കണം. തീർച്ചയായും സിംഹത്തിന്റെ അരികിൽനിന്ന് തിരിച്ചുവരാനുള്ള അനുവാദം അവൻതന്നെ എനിക്ക് നൽകും.

അടുത്ത ദിവസം പ്രഭാതത്തിൽത്തന്നെ സിംഹത്തിന്റെ അരികിലേക്ക് പോകാൻ ആ പിതാവ് മകൾക്ക് അനുവാദം നൽകി. കൊട്ടാരത്തിലേക്കുള്ള വഴി ചോദിച്ചു മനസ്സിലാക്കി, ധീരമായ മനസ്സോടുകൂടി വീട്ടിലുള്ളവരോട് യാത്രപറഞ്ഞ് പുറപ്പെട്ടു.

• • •

ആ സിംഹം മാന്ത്രികനായ ഒരു രാജാവായിരുന്നു. പകൽസമയങ്ങളിൽ അദ്ദേഹം തന്റെ പരിവാരങ്ങളുമായി സിംഹത്തിന്റെ രൂപത്തിൽ ചുറ്റിനടക്കുകയായിരുന്നു. പെൺകുട്ടി കൊട്ടാരത്തിൽ ചെന്നത് വൈകുന്നേരം ആയിരുന്നു. അപ്പോഴാകട്ടെ, രാജാവ് സിംഹത്തിന്റെ രൂപത്തിലായിരുന്നു. മാന്ത്രികനായ അദ്ദേഹം അവളെ സ്വീകരിച്ചു. ഊഷ്മളമായ വരവേൽപ്പ് നൽകി. പിന്നീട് മനുഷ്യർ സംസാരിക്കുംപോലെ സംസാരിക്കുകയും തന്റെ കഥ അവളോട് പറയുകയും ചെയ്തു. തുടർന്ന് അവളോട് വിവാഹാഭ്യർഥന നടത്തി. അതിൽ അവൾക്ക് പൂർണ യോജിപ്പായിരുന്നു. അദ്ദേഹം തന്റെ ശരിയായ രൂപം പ്രാപിച്ചു. ദിവസങ്ങൾക്കുശേഷം ആ കൊട്ടാരത്തിൽ വിവാഹാഘോഷത്തിന് കൊടിയേറി. അങ്ങനെ ഇണകൾ സന്തോഷത്തോടുകൂടി അവരുടെ ദാമ്പത്യജീവിതം ആരംഭിച്ചു.

അങ്ങനെയിരിക്കെ, ഒരു ദിവസം രാത്രി അവളോട് ഭർത്താവ് പറഞ്ഞു: ''നാളെ നിന്റെ സഹോദരി വിവാഹിതയാകാൻ പോവുകയാണ്. നിനക്ക് അവിടെ പോയിവരാം. അതിന് ഞാൻ ഒരു തടസ്സമാവുകയില്ല. അവൾ തന്റെ ഭർത്താവിന് നന്ദിപറഞ്ഞു. എങ്കിൽ തന്റെ പിതാവിനെയും മറ്റു വീട്ടുകാരെയും

കാണാൻ കഴിയും. കൊട്ടാരത്തിലേക്ക് വന്നശേഷം തന്നെക്കുറിച്ച് ഒരു അറിവും അവർക്ക് ഇല്ല. താൻ മരണപ്പെട്ടെന്നാണ് അവരുടെ ചിന്ത.

അവൾ യാത്ര പുറപ്പെട്ടു. സിംഹത്തിന്റെ വേഷം കെട്ടി മാന്ത്രികരായ പരിചാരകന്മാരും സഹായത്തിന് അവളെ പിന്തുടർന്നു. അവൾ വീട്ടിലെത്തി. കുടുംബക്കാരും വീട്ടുകാരും സുഹൃത്തുക്കളും അവളെ സന്തോഷത്തോടെ സ്വീകരിച്ചു. അവൾ അവരെ എല്ലാവരെയും സമാധാനിപ്പിച്ചു. കഥകളെല്ലാം അവർക്ക് വിവരിച്ചുകൊടുത്തു. കല്യാണച്ചടങ്ങുകൾ കഴിയുംവരെ വീട്ടുകാരോടൊത്ത് അവൾ കഴിഞ്ഞു. പിന്നീട് അവരുടെ അനുവാദത്തോടെ ഭർത്താവിന്റെ അടുത്തേക്ക് മടങ്ങി. ഭാര്യ തിരിച്ചുവന്നപ്പോൾ രാജാവ് സന്തോഷിച്ചു. അങ്ങനെ സന്തോഷകരമായ ദാമ്പത്യജീവിതം നയിച്ചുകൊണ്ടിരുന്ന അവർക്ക് ഒരു ആൺകുഞ്ഞ് ജനിച്ചു. അതിൽ അവർ അതിയായി ആമോദം പൂണ്ടു.

അങ്ങനെയിരിക്കെ ഒരു ദിവസം രാജാവിന് തന്റെ ഭാര്യയുടെ രണ്ടാമത്തെ സഹോദരിയുടെ വിവാഹത്തിന് ക്ഷണം ലഭിച്ചു. ഇത്തവണ തന്നോടൊപ്പം താങ്കളും വരണമെന്ന് ഭാര്യ അദ്ദേഹത്തോട് പറഞ്ഞു. തനിക്ക് വരാൻ ആഗ്രഹമുണ്ടെന്നും എനിക്ക് നിന്നെ പിരിഞ്ഞിരിക്കാൻ കഴിയില്ലെന്നും ഈ അവസരത്തിൽത്തന്നെ നിന്നോടൊപ്പം വരാൻ നിർവാഹമില്ലെന്നും അദ്ദേഹം അറിയിച്ചു. തന്റെ വരവ് അപകടം വരുത്തിവെക്കുമെന്നും ഒരു പ്രകാശരശ്മി എങ്ങാനും എന്റെ തലയിൽ വീണുപോയാൽ എന്റെ രൂപം തന്നെ മാറിപ്പോകുമെന്നും അറിയിച്ചു. ആ രൂപം ഒരു വെളുത്ത പക്ഷിയുടേതാണ്. അങ്ങനെ ഒരു ഭൂഖണ്ഡത്തിൽനിന്ന് മറ്റൊന്നിലേക്ക് മാറിമാറിപ്പറക്കാൻ എന്റെ മേൽ വിധിക്കപ്പെടും. ആഘോഷങ്ങൾക്കിടയിൽ ഒരു പ്രകാശരശ്മി പോലും ശിരസ്സിൽ വീഴാതെ നോക്കാമെന്ന് അവൾ ഭർത്താവിനോട് പറഞ്ഞു. സന്തോഷത്തോടെ ഭാര്യയുടെ കുടുംബക്കാരെ കാണാൻ പുറപ്പെട്ടു. തങ്ങളുടെ കുഞ്ഞിനെയും കൂട്ടി.

ഭർത്താവിനുവേണ്ടി വലിയൊരു മുറി തന്നെ അവൾ തിരഞ്ഞെടുത്തു. പക്ഷേ, ദൗർഭാഗ്യവശാൽ വാതിലിനു മുകളിലുള്ള സുഷിരം ആരും കണ്ടിരുന്നില്ല. അതിനുള്ളിലൂടെ പ്രകാശരശ്മി കടന്നുചെന്നു. സാധുവായ മഹാരാജാവിന്റെ പേൽ പ്രകാശരശ്മി പതിക്കുകയും അദ്ദേഹം ഒരു വെളുത്ത പക്ഷിയായി മാറുകയും ചെയ്തു. അദ്ദേഹം ഒരുപാട് വിഷമിച്ചു. കല്യാണച്ചടങ്ങുകൾക്കുശേഷം മുറിയിലെത്തി ഭർത്താവിനെ നോക്കിയ അവൾക്ക് അവിടെ ഒരു വെളുത്ത പക്ഷിയെ മാത്രമേ കാണാൻ കഴിഞ്ഞുള്ളൂ. കാര്യം മനസ്സിലാക്കി നിസ്സഹായയായ ആ പെൺകുട്ടി ഉറക്കെ കരയാൻ തുടങ്ങി. കാരണം ആരാഞ്ഞ പെൺകുട്ടി വാതിലിന് സുഷിരമുള്ള കാര്യം അറിഞ്ഞിരുന്നില്ല.

വിഷമിച്ചിട്ട് കാര്യമില്ലെന്നു പറഞ്ഞ് സ്നേഹമസൃണനായ ആ രാജാവ് ഭാര്യയെ സമാധാനിപ്പിച്ചു. ഭൂമുഖത്ത് ഏഴുവർഷത്തേക്ക് പറക്കാൻ എന്നോട് കല്പിക്കപ്പെട്ടിരിക്കുന്നു. ഞാൻ നിനക്കൊരു വെളുത്ത തൂവൽ തരാം. അതിൽ നിന്നും ഞാൻ പോകുന്ന ദിക്ക് ഏതാണെന്ന് നിനക്ക് അറിയാം. ഞാൻ പോ

കുന്ന ഭാഗത്തേക്ക് എന്നെ പിന്തുടർന്ന് വരാൻ ഇത് നിന്നെ തുണയ്ക്കും. അവസാനം വരെ നീ കൂടെ വരണം; ഞാൻ ഏഴു വർഷങ്ങൾ താണ്ടി വരുന്ന തുവരെ. എന്റെ വിജയം നിന്റെ കൈകളിലാണ്. നീ നമ്മുടെ കുഞ്ഞിനെ അവന്റെ മുത്തശ്ശിയുടെ കൈകളിൽ ഏൽപ്പിക്കണം. അങ്ങനെ ആ പാവം പക്ഷി വീട്ടിൽനിന്ന് യാത്രയായി. പിന്നാലെ അദ്ദേഹത്തിന്റെ ഭാര്യയും ഇറങ്ങി. ഇതിൽ കുടുംബക്കാർ അതിയായി വിഷമിച്ചു. ആ സ്നേഹമുള്ള ഭാര്യയാകട്ടെ ഭർത്താവിനെ പിന്തുടർന്നുകൊണ്ടിരുന്നു. അങ്ങനെ ആ യാത്ര നീണ്ട ഏഴു വർഷം നീണ്ടു. അവർക്കാകട്ടെ യാതൊരു ക്ഷീണവും അനുഭവപ്പെട്ടില്ല. ഒരു നിമിഷം പോലും അദ്ദേഹത്തെ വേർപിരിഞ്ഞില്ല.

അങ്ങനെ ഏഴു വർഷം അവസാനിക്കാറായി. അവൾ അതിയായി സന്തോഷിച്ചു. ദൗർഭാഗ്യമെന്നല്ലാതെ എന്തു പറയാൻ, ആ വെളുത്ത തൂവൽ അവളുടെ കൈയിൽനിന്ന് നഷ്ടപ്പെട്ടു. അതുവരെ ആ തൂവൽ ഒരു മാന്ത്രികക്കണ്ണാടി പോലെ ആയിരുന്നു. തൂവൽ കൈയിലുള്ളപ്പോഴെല്ലാം അതിൽ നോക്കിയാൽ തന്റെ ഭർത്താവിനെ കാണാൻ അവൾക്ക് സാധിച്ചരുന്നു. എന്നാൽ അവൾ ചുറ്റുപാടും നോക്കിയിട്ടും പിന്നീട് ആ പക്ഷിയെ കാണാൻ അവൾക്ക് കഴിഞ്ഞില്ല. ഈ വേർപാട് അവളെ ഒരുപാട് വേദനിപ്പിച്ചു. ഈ പ്രതിസന്ധി എങ്ങനെ തരണം ചെയ്യണമെന്ന് അവൾ ചിന്തിച്ചുതുടങ്ങി.

ഈ അവസരത്തിൽ അവൾ സൂര്യനെ കണ്ടു. സൂര്യനോടായി പറഞ്ഞു: ''നീ ലോകവും അതിലുള്ളതിനെയും പ്രകാശിപ്പിക്കുന്നു. നിന്റെ പ്രകാശമാകട്ടെ എല്ലായിടത്തും പരക്കുന്നു. നീ ഭൂമിയിൽ എവിടെയെങ്കിലും ഒരു വെളുത്ത പക്ഷിയെ കണ്ടോ?

സൂര്യൻ അവൾക്ക് മറുപടി നൽകി: ക്ഷമിക്കണം, ഞാൻ ഒരു വെളുത്ത പക്ഷിയെ കണ്ടില്ല. പക്ഷേ, ഞാൻ നിനക്കൊരു വിലപിടിപ്പുള്ള സമ്മാനം നൽകാം. ഒരു ഭംഗിയുള്ള ആഭരണപ്പെട്ടി - ഇതിൽ അപൂർവമായ ഒരു സമ്മാനമുണ്ട്. പക്ഷേ, ഒരു വ്യവസ്ഥയുണ്ട്. നിനക്ക് കഠിനമായ ആവശ്യം തോന്നുമ്പോഴല്ലാതെ നീ ഇത് തുറക്കരുത്. അവൾ സൂര്യനോട് നന്ദിപറഞ്ഞു. എന്നിട്ട് നടന്നു നീങ്ങി. സൂരയൻ മറഞ്ഞ് ചന്ദ്രിക വാനിലുദിച്ചു. ചന്ദ്രനോടും അവൾ പറഞ്ഞു: ലോകം ഇരുളിലാകുമ്പോൾ നീ പ്രകാശപൂരിതമാക്കുന്നു. ഭൂമിയുടെ ഏതെങ്കിലും ഒരു ഭാഗത്ത് വെളുത്ത പക്ഷിയെ കണ്ടോ? താൻ സഞ്ചരിച്ച വഴികളിലൊന്നും അങ്ങനെ ഒരു പക്ഷിയെ കണ്ടില്ലെന്ന് ചന്ദ്രനും പറഞ്ഞു. സൂര്യൻ പറഞ്ഞതുപോലെ ചന്ദ്രനും വിലപിടിപ്പുള്ള സമ്മാനം നൽകാമെന്നും അത്യാവശ്യം വരുമ്പോഴല്ലാതെ എടുക്കരുതെന്നും പറഞ്ഞ് ഒരു മുട്ട നൽകി. ചന്ദ്രന് നന്ദി ചൊല്ലി അവൾ അവിടെ നിന്ന് യാത്രയായി. പിന്നീട് വടക്കൻകാറ്റിനോടും തന്റെ പ്രിയതമനെ കണ്ടോയെന്ന ചോദ്യം അവൾ ആവർത്തിച്ചു - ''ഓ ഭംഗിയുള്ള കാറ്റേ, നീ ഏതെങ്കിലും മരച്ചില്ലയിൽ ഒരു വെളുത്ത പക്ഷി ഇരിക്കുന്നത് കണ്ടോ? അപ്പോൾ കാറ്റ് പറഞ്ഞു: ഞാൻ അതിനെ കണ്ടില്ലല്ലോ. പിന്നീട് തെക്കൻകാറ്റിനെ കണ്ട അവൾ സൂര്യനോടും ചന്ദ്രനോടും വടക്കൻകാറ്റിനോടും

ചോദിച്ച ചോദ്യം ആവർത്തിച്ചു. അപ്പോൾ കാറ്റ് പറഞ്ഞു: അതെ. ഞാനൊരു മാന്ത്രികപ്രാവിനെ കണ്ടു. അത് ചെങ്കടലിനു മുകളിലൂടെ പറന്നുപോവുകയായിരുന്നു. അത് ഏഴു വർഷത്തെ തന്റെ യാത്ര പൂർത്തിയാക്കിയിരിക്കുന്നു. അത് ഇപ്പോൾ ഒരു മാന്ത്രികനായ പാമ്പുമായി മല്ലിട്ടുകൊണ്ടിരിക്കുകയായിരുന്നു. യഥാർഥത്തിൽ അതൊരു മാന്ത്രികയായ രാജ്ഞിയാണ്. അതിന്റെ ഉദ്ദേശ്യം നിനക്കും നിന്റെ ഭർത്താവിനുമിടയിൽ പ്രശ്നങ്ങൾ ഉണ്ടാക്കി, തമ്മിൽ അകറ്റി അവൾക്ക് രാജാവിനെ വിവാഹം കഴിക്കാനാണ്.

ഇത് കേട്ട സാധുവായ ഭാര്യയ്ക്ക് സങ്കടമായി. അവൾ തന്റെ ഭർത്താവിനെ രക്ഷിക്കാൻ എന്താണ് മാർഗമെന്ന് ചിന്തിച്ചു. അതിനുള്ള വഴി കാറ്റ് തന്നെ അവൾക്ക് പറഞ്ഞുകൊടുത്തു. നീ ചെങ്കടലിന്റെ തീരത്തേക്ക് പോകണം. അവിടെ നിനക്ക് മരക്കഷണങ്ങൾ കാണാം. അതിൽനിന്ന് ഒരു മരക്കഷണം എടുത്ത് സിംഹത്തെയും പാമ്പിനെയും അടിക്കണം. അപ്പോൾ അവർ പഴയ രൂപത്തിലാകും. ഈ സന്ദർഭത്തിൽ നിന്റെ ഭർത്താവിനെ നീ രക്ഷിക്കണം. ധൈര്യമായി നിന്റെ ഭർത്താവിനെയും കൊണ്ട് നാട്ടിലേക്ക് മടങ്ങണം.

അവൾ തെക്കൻകാറ്റിനോട് നന്ദിപറഞ്ഞു. പിന്നീട് കടൽത്തീരത്തേക്ക് മടങ്ങി. അവിടെ കണ്ട മരക്കഷണങ്ങളിൽ ഒന്നെടുത്ത് പാമ്പിന്റെ പുറത്ത് അടിച്ചു. പാമ്പ് പരാജയപ്പെട്ട് രാജ്ഞിയുടെ രൂപം പ്രാപിച്ചു. സിംഹത്തെയും അപ്രകാരം ചെയ്തു. സിംഹം രാജാവായി. പക്ഷേ, അതിനുശേഷം പാവം ഭാര്യ എന്ത് ചെയ്യണമെന്നറിയാതെ കുഴങ്ങിപ്പോയി. കാറ്റ് ഉപദേശിച്ചതെല്ലാം മറന്ന് സ്തബ്ധയായി നിന്നുപോയി ആ സാധുസ്ത്രീ. അവസരം മുതലെടുത്ത രാജ്ഞി ഭാര്യയെ അവിടെ ഉപേക്ഷിച്ച് ഭർത്താവിനെയും കൂട്ടി തന്റെ കൊട്ടാരത്തിലേക്ക് പോയി. അദ്ദേഹത്തെ വീണ്ടും കണ്ടെത്താൻ തന്റെ യാത്ര തുടരാൻ അവൾ ഉറച്ച തീരുമാനമെടുത്തു.

അവൾ തന്റെ ഭർത്താവിനെ തട്ടിയെടുത്ത രാജ്ഞിയുടെ കൊട്ടാരത്തിൽ എത്തും മുമ്പ് പല രാജ്യങ്ങളിൽനിന്നും രാജ്യങ്ങളിലേക്ക് സഞ്ചരിച്ചുകൊണ്ടിരുന്നു. അവിടെയെത്തിയ ഘട്ടത്തിൽ വലിയ ആഘോഷത്തിനുള്ള മട്ടങ്ങൾ ഒക്കെ അവിടെ ദൃശ്യമായി. അത് രാജ്ഞിയുടെ കല്യാണത്തിനു വേണ്ടിയുള്ള ഒരുക്കങ്ങൾ ആണെന്ന് അവൾക്ക് മനസ്സിലായി. തന്റെ ഭർത്താവാണ് അവളുടെ പ്രതിശ്രുത വരൻ എന്നും അവൾ തിരിച്ചറിഞ്ഞു. അവൾ തന്റെ ശിരസ്സ് ആകാശത്തിലേക്ക് ഉയർത്തി അക്രമിയായ രാജ്ഞിയുടെ കൈകളിൽനിന്ന് ഭർത്താവിനെ രക്ഷിക്കണേയെന്ന് പ്രാർഥിച്ചു.

ആ അവസരത്തിൽ സൂര്യൻ കൊടുത്ത പെട്ടിയെക്കുറിച്ച് അവൾക്ക് ഓർമ വന്നു. അവൾ ആ പെട്ടി തുറന്നപ്പോൾ അതിൽ തിളങ്ങുന്ന വിലപിടിപ്പുള്ള സ്വർണത്താൽ നിർമിതമായ ഒരു തട്ടം ആണ് കണ്ടത്. അത് ശിരസ്സിൽ ധരിച്ചുകൊണ്ട് അവൾ കൊട്ടാരത്തിൽ പ്രവേശിച്ചു. ആ ശിരോവസ്ത്രം കണ്ടപ്പോൾ രാജ്ഞി അദ്ഭുതം കൂറി. അതുപോലെയൊന്ന് തനിക്കും വേണമെന്ന് അവൾ ആഗ്രഹിച്ചു. ഏത് കച്ചവടക്കാരനാണ് ഇത് നിനക്ക് വിറ്റതെന്നും വിലയെ

ന്തെന്നും അവൾ ആരാഞ്ഞു. അപ്പോൾ ധീരയായ ആ ഭാര്യ പറഞ്ഞു: ഈ ശിരോവസ്ത്രം വിലമതിക്കാനാവാത്തതാണ്. അതിന്റെ വില മാംസവും രക്തവും ആകുന്നു. പക്ഷേ, അവളുടെ സംസാരം രാജ്ഞിക്ക് മനസ്സിലായില്ല.

ക്രൂരയായ രാജ്ഞി വീണ്ടും അവളോട് ആരാഞ്ഞു – എന്താണ് നീ ഉദ്ദേശിക്കുന്നത്? പാവം ഭാര്യ പറഞ്ഞു: ഈ ശിരോവസ്ത്രം വില്പനയ്ക്ക് വെക്കാനുള്ളതല്ല. നിന്റെ മണവാളനോട് അവന്റെ അറയിൽവെച്ച് സംസാരിക്കാൻ എനിക്ക് അവസരം നൽകിയാൽ ഈ ശിരോവസ്ത്രം നിനക്ക് ഞാൻ സമ്മാനമായി നൽകാം. തന്റെ ഭർത്താവിനെ കാണാൻ ഉദ്ദേശിച്ചാണ് ഭാര്യ ഇപ്രകാരം പറഞ്ഞത്.

ആദ്യം ഭയം കാരണം രാജ്ഞി അവളുടെ ആവശ്യം നിരസിച്ചു. പിന്നീട് സമ്മതം മൂളി. പക്ഷേ, അത് ആ ശിരോവസ്ത്രം തട്ടിയെടുക്കാനുള്ള അടവായിരുന്നു. അവർ ഒരു ചതി പ്രയോഗിക്കാൻ തീരുമാനിച്ചു. മയങ്ങാനുള്ള ഗുളിക ചായയിൽ കലർത്തി രാജാവിന് നൽകാൻ പരിചാരികയെ ചട്ടം കെട്ടി. അപ്പോൾ രാജാവ് ഉറങ്ങുകയും അവൾ പറയുന്നത് കേൾക്കാതിരിക്കുകയും ചെയ്യുന്നതിനു വേണ്ടിയായിരുന്നു.

വൈകുന്നേരം അറയിൽ പ്രവേശിച്ച മണവാളന് ഗുളിക കലർത്തിയ ചായ നൽകി. പാവം ഭാര്യയെ പരിചാരിക അറയിലെത്തിച്ചു. ഉറങ്ങുന്ന ഭർത്താവിന്റെ കട്ടിലിന്റെ ഒരു വശത്തിരുന്ന് അവൾ വിലപിച്ചു. ഞാൻ നിന്റെ പിന്നാലെ ഏഴു വർഷം തികച്ചു. നിന്റെ അടുത്ത് എത്തിപ്പെടുംവരെ ഒരുപാട് സഹിച്ചു. അവസാനം നീ എന്നെ മറന്ന് ഉപേക്ഷിച്ചു. നമ്മുടെ മകനെ നീ മറന്നു. എന്നിട്ട് അവൾ കരയാൻ തുടങ്ങി. ഗാഢനിദ്രയിലായിരുന്ന പാവം രാജാവ് ഇതൊന്നും അറിഞ്ഞിരുന്നില്ല. ഒടുവിൽ അവളോട് പുറത്തു വരാൻ രാജ്ഞി പറഞ്ഞു. കരാർ പൂർത്തീകരിക്കുന്നതിനായി ശിരോവസ്ത്രം രാജ്ഞിക്ക് നൽകി. ദുഃഖിതയായി പാവം ഭാര്യ അവിടം വിട്ടിറങ്ങി.

അവളുടെ നിർഭാഗ്യം ഓർത്ത് കരയുകയും ഭർത്താവിന്റെ അവസ്ഥയോർത്ത് വിഷമിക്കുകയും ചെയ്തു. പിന്നീട് അവിടെ ഒരു കാട്ടിൽ പ്രവേശിച്ച് അവിടെ തനിച്ചിരുന്ന് കരയാൻ തുടങ്ങി.

ദുഃഖിതയായി ഇരിക്കുന്ന വേളയിൽ ചന്ദ്രൻ നൽകിയ മുട്ടയുടെ കാര്യം അവൾക്ക് ഓർമ വന്നു. അതെടുത്ത് പൊട്ടിച്ചു. അപ്പോൾ അതിൽനിന്ന് സ്വർണത്തിന്റെ വലിയ ഒരു കോഴിയും 12 കോഴിക്കുഞ്ഞുങ്ങളും പുറത്തു വന്നു. അങ്ങനെ കോഴി ആ സാധുസ്ത്രീയുടെ മുന്നിലൂടെ നടക്കാൻ തുടങ്ങി. അവൾക്ക് ചുറ്റും കുഞ്ഞുങ്ങളും സഞ്ചരിക്കാൻ തുടങ്ങി. വൈകുന്നേരമായപ്പോൾ കോഴിക്കുഞ്ഞുങ്ങൾ എല്ലാം വലിയ കോഴിയുടെ ചിറകിനടിയിൽ ഒരുമിച്ചുകൂടി. ഈ കാഴ്ച അവളെ അദ്ഭുതപ്പെടുത്തി. അവൾ തന്റെ ഭർത്താവിനെ രക്ഷിക്കാനും അദ്ദേഹത്തോടൊത്ത് അവരുടെ ഏക പുത്രനുമൊപ്പം ജീവിക്കാനും ആഗ്രഹിച്ചു.

അവൾ ആ കോഴിയെയും കൊണ്ട് രാജ്ഞിയുടെ കൊട്ടാരത്തിനടുത്തെത്തി.

പഴയതുപോലെ രാജാവിനെ കാണിക്കാമെങ്കിൽ ഇതിനെ നൽകാമെന്ന് പറഞ്ഞു. പഴയ തന്ത്രം പ്രയോഗിക്കാമെന്ന് കരുതി രാജ്ഞി അത് സമ്മതിച്ചു.

വൈകുന്നേരം പരിചാരകൻ രാജാവിന്റെ അറയിൽ കയറി. ഇന്നലെ ഇവിടെ കൊടുങ്കാറ്റുണ്ടായിരുന്നോ എന്ന് ആരാഞ്ഞു. ഇല്ലെന്ന് പരിചാരകൻ മറുപടി പറഞ്ഞു. തലേദിവസം നടന്ന കാര്യങ്ങൾ രാജാവിനെ അറിയിച്ചു. അദ്ദേഹത്തിന്റെ ചായയിൽ വിഷം കലർത്താൻ രാജ്ഞി പറഞ്ഞ കാര്യവും ഉണർത്തിച്ചു.

തന്റെ സ്വപ്നത്തിന്റെ രഹസ്യം രാജാവ് മനസ്സിലാക്കി. അദ്ദേഹം രാത്രി ചായ കുടിക്കാതിരിക്കാൻ തീരുമാനിച്ചു. ഗുളിക കലർത്തിയ ചായ പരിചാരിക അവിടെ വെച്ചു. അവൾ പോയതിനു പിന്നാലെ അത് എടുത്ത് കളഞ്ഞു.

രാത്രിയായപ്പോൾ നിർമലമായ ഭാര്യ അറയിൽ പ്രവേശിച്ചു. അവൾ തന്റെ കഥ രാജാവിനോട് പറയാൻ തുടങ്ങി. അദ്ദേഹത്തിന്റെ അടുത്ത് എത്തുംവരെ താൻ അനുഭവിച്ച വ്യഥകൾ... ഇന്നലെ രാത്രി സംഭവിച്ച കാര്യങ്ങളും അവൾ വിവരിച്ചു. താൻ അദ്ദേഹത്തിന്റെ ഭാര്യയാണെന്ന് അദ്ദേഹത്തെ മനസ്സിലാക്കിക്കൊടുത്തു.

അങ്ങനെ രാജാവ് തന്റെ പൂർവാവസ്ഥയിലേക്ക് മടങ്ങി. അദ്ദേഹം സുന്ദരിയായ തന്റെ ഭാര്യയെ അവിടെ കണ്ടു. സ്നേഹത്തോടുകൂടി അവളോട് പറഞ്ഞു: ''പ്രിയതമേ, ഞാൻ മായാലോകത്തായിരുന്നു. എന്നിൽനിന്ന് നിന്നെ അകറ്റാൻ രാജ്ഞി എന്ത് ശ്രമം നടത്തി. നീ എന്നോട് ക്ഷമിക്കണം. എന്റെ മാർഗത്തിൽനിന്ന് നീ സഹിച്ച കഷ്ടതകൾ എല്ലാം ഞാൻ എന്നും ഓർക്കും.''

അവർ ഒരുപാട് സന്തോഷിച്ചു. ക്രൂരയായ രാജ്ഞിയെ ഭയന്ന് അവർ ആ രാത്രി തന്നെ അവിടെ നിന്നും തിരിച്ചുപോയി. ഒടുവിൽ അവർ അവരുടെ കൊട്ടാരത്തിലെത്തി. അവിടെ അവരെ കാത്ത് പ്രിയപുത്രൻ ഉണ്ടായിരുന്നു. കഴിഞ്ഞ ഏഴു വർഷങ്ങളായി അവരെ കാണാൻ കാത്തിരുന്ന പ്രിയപുത്രൻ. അവർ മകനുമൊത്ത് ഇണപിരിയാതെ ദമ്പതികളായി സന്തോഷത്തോടെ കാലങ്ങളോളം ജീവിച്ചു.

ഷഹാന എൻ.

# അദ്ഭുതമുണർത്തുന്ന ഉപദേശം

ഒരു കച്ചവടക്കാരൻ - പട്ടണത്തിലായിരുന്നു അദ്ദേഹം താമസിച്ചിരുന്നത്. പേരുകേട്ട കുടുംബത്തിലെ മാന്യയായ ഒരു സ്ത്രീയെയാണ് അദ്ദേഹം വിവാഹം കഴിച്ചത്. അതിൽ അയാൾക്ക് മൂന്ന് കുട്ടികൾ ഉണ്ടായി - രണ്ട് ആൺകുട്ടികളും ഒരു പെൺകുട്ടിയും. അയാളുടെ ഭാര്യ കറുത്തവളും മനോധൈര്യമുള്ളവളുമായിരുന്നു. അതുകൊണ്ട് അവർ തന്നെയാണ് കുട്ടികളെ വളർത്തിയതും ഗുണപാഠങ്ങൾ പഠിപ്പിച്ചതും. സാഹചര്യങ്ങൾക്കനുസരിച്ച് അവർ മക്കളെ ഉപദേശിച്ചുപോന്നിരുന്നു.

എന്നാൽ കച്ചവടക്കാരൻ എപ്പോഴും യാത്രയിലായിരുന്നു. കച്ചവടം മെച്ചപ്പെടുത്തുന്നതിനും സമ്പാദ്യം വർധിപ്പിക്കുന്നതിനും വേണ്ടി അയാൾ പല നാടുകളിലൂടെയും സഞ്ചരിക്കുമായിരുന്നു. വീട്ടുകാര്യങ്ങളെല്ലാം ഭാര്യയെ ഏൽപ്പിച്ചാണ് അയാൾ യാത്ര ചെയ്യാറുള്ളത്. അങ്ങനെ വർഷങ്ങൾ കടന്നുപോയി. ഒരിക്കൽ അയാളുടെ ഭാര്യയ്ക്ക് മാരകമായ അസുഖം ബാധിച്ചു. രോഗം ഭേദമാകുന്നതിനായി ആ കച്ചവടക്കാരൻ എല്ലാ തിരക്കുകളും മാറ്റിവെച്ച് ഭാര്യയെ ചികിത്സിക്കാനായി പുറപ്പെട്ടു. ഒരുപാട് ഡോക്ടർമാരെ സമീപിക്കുകയും ചെയ്തു. പക്ഷേ, ഒരു ഭേദവുമില്ലായിരുന്നു. മരുന്നുകൾ ഫലിക്കാതെയായി. അവർ വിധിക്ക് കീഴടങ്ങിക്കൊണ്ടിരുന്നു. അപ്പോഴും അവരുടെ ഒരേയൊരു ദുഃഖം മക്കളെക്കുറിച്ചായിരുന്നു. അവർ മരിച്ചാൽ കച്ചവടക്കാരന് ഒറ്റയ്ക്ക് മക്കളെ വളർത്താൻ സാധിക്കില്ലായിരുന്നു. ഓരോ ദിവസം കഴിയുന്തോറും ഭാര്യയുടെ അസുഖം കൂടിക്കൊണ്ടിരുന്നു. റബ്ബിനോട് പ്രാർഥിക്കുകയല്ലാതെ അയാൾക്ക് വേറെ വഴിയൊന്നുമില്ലായിരുന്നു.

താൻ മരണത്തിലേക്ക് അടുക്കുകയാണെന്ന് മനസ്സിലാക്കിയ ആ ഉമ്മ തന്റെ ഭർത്താവിനോട് പറഞ്ഞു: ''എന്റെ പ്രിയതമാ, നമ്മുടെ മക്കൾ വഴിതെറ്റുന്ന

പ്രായത്തിലാണ്. ചില അവസരങ്ങളിൽ അവരെ അടിച്ചു വളർത്തണം. അങ്ങനെയുള്ള സാഹചര്യമുണ്ടായാൽ നിങ്ങൾ അവരെ അടിക്കുന്നതിൽ എനിക്ക് വിരോധമില്ല.'' എന്നിട്ട് അവർ ഒരു വടി ഉയർത്തിപ്പിടിച്ചുകൊണ്ട് ഇപ്രകാരം കൂട്ടിച്ചേർത്തു, ''പക്ഷേ, നിങ്ങൾ അവരെ ഈ വടികൊണ്ട് മാത്രമേ അടിക്കാവൂ.'' കച്ചവടക്കാരൻ ഭാര്യയുടെ ഉപദേശം ശ്രദ്ധയോടെ കേട്ടു. അദ്ഭുതം തോന്നിയ അയാൾ അപ്രകാരം ചെയ്യാനുള്ള രഹസ്യമെന്താണെന്ന് ചോദിച്ചു. എന്താണ് ആ വടിയുടെ രഹസ്യം? എല്ലാ വടികളും ഒരുപോലെയല്ലേ? എന്തുകൊണ്ടാണ് അവർ തന്റെ മക്കളെ മര്യാദ പഠിപ്പിക്കാൻ ആ വടി തന്നെ ഉപയോഗിച്ചതിന്റെ പൊരുൾ?

അപ്പോൾ ആ മഹതി പറഞ്ഞു: ''ഇതിന്റെ രഹസ്യം എന്റടുക്കൽ നിശ്ചിതമായിരിക്കും. ഞാൻ ഏറ്റവും കൂടുതൽ ബഹുമാനിക്കുന്ന, സ്നേഹിക്കുന്ന താങ്കളോടുപോലും അത് വ്യക്തമാക്കാൻ എനിക്ക് സാധ്യമല്ല. അങ്ങനെ കച്ചവടക്കാരൻ വസ്വിയ്യത്ത് നിറവേറ്റാമെന്ന് ഭാര്യയോട് വാഗ്ദാനം ചെയ്തു. അതിൽ ആ ഉമ്മ സമാധാനപ്പെട്ടു. എങ്കിലും അവർ അത് ഉടമ്പടിയാക്കി വെക്കാൻ തീരുമാനിച്ചു. പള്ളിയിലെ ഇമാമിനെക്കൊണ്ട് മതപരമായ രീതിയിൽ അവർ ഒരു ഉടമ്പടിയുണ്ടാക്കി. അതിൽ ഇപ്രകാരം എഴുതുകയും ചെയ്തു:

''പരമകാരുണികന്റെ നാമത്തിൽ, ഈ നശ്വരമായ ഐഹികജീവിതത്തിൽ നിന്നും വിടപറയുന്ന ഇന്നവന്റെ മകൾ ഞന്നവൾ വസ്വിയ്യത്ത് ചെയ്യുന്നത്-

ശാശ്വതമായ പാരത്രിക ജീവിതത്തിലേക്കുള്ള അവളുടെ കാൽവെപ്പ് എന്ന നിലയിൽ ആദ്യംതന്നെ അല്ലാഹു അല്ലാതെ വേറെ ആരാധ്യനില്ല എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. മുഹമ്മദ്നബി അവന്റെ ദൂതനാണെന്ന് സാക്ഷ്യം വഹിക്കുന്നു. സ്വർഗവും നരകവും സത്യമാകുന്നു. അവൾ തന്റെ ഭർത്താവിനോട് വസ്വിയ്യത്ത് ചെയ്യുന്നത്, അവൾ ജീവിച്ചിരുന്നാലും മരിച്ചാലും ശരി അവൾ അവനെ ഏല്പിച്ച വടികൊണ്ടല്ലാതെ മക്കളെ ശിക്ഷിക്കാൻ പാടില്ല. അവളുടെ മരണശേഷം മക്കളെ മര്യാദ പഠിപ്പിക്കാനുള്ള മാർഗങ്ങൾ അവളുടെ ഭർത്താവിനെ ബോധിപ്പിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ നാമത്തിൽ ഞാൻ അതിന് സാക്ഷ്യം വഹിക്കുന്നു. അല്ലാഹു ആകുന്നു സാക്ഷികളിൽ ഏറ്റവും ഉത്തമൻ.

ഉടമ്പടി എഴുതിയ ശേഷം ഒരു കോപ്പി കച്ചവടക്കാരനും അസൽ കോപ്പി ഇമാമും സൂക്ഷിച്ചുപോന്നു. അധികം താമസിയാതെ ആ സ്ത്രീ മരണത്തിനു കീഴടങ്ങി. ക്ഷമാശീലയായ തന്റെ ഭാര്യയുടെ വേർപാടിൽ കച്ചവടക്കാരനും മക്കളും ഒരുപാട് ദുഃഖിച്ചു. രാത്രിയും പകലുമെന്നില്ലാതെ ദുഃഖം ആ കുടുംബത്തെ വേട്ടയാടിക്കൊണ്ടിരുന്നു.

കച്ചവടക്കാരൻ ആ വടി രഹസ്യമായി ഒരു സ്ഥലത്ത് സൂക്ഷിച്ചുവെച്ചു. അത്യാവശ്യ ഘട്ടത്തിലല്ലാതെ അയാൾ അത് പുറത്തെടുത്തിരുന്നില്ല. മക്കൾ മര്യാദകേട് കാണിച്ചാൽ ആ വടി ഉപയോഗിച്ച് മക്കളെ ശിക്ഷിച്ചിരുന്നു.

പിന്നീട് കച്ചവടക്കാരൻ മറ്റൊരു സ്ത്രീയെ വിവാഹം കഴിക്കാൻ തീരുമാനിച്ചു. പക്ഷേ, മൂന്ന് കുട്ടികളുള്ള ഒരാളെ വിവാഹം ചെയ്യാൻ ആരും തയ്യാറാ

യില്ല. അവസാനം ഒരു സ്ത്രീ അതിന് തയ്യാറായി. പക്ഷേ, കച്ചവടക്കാരൻ ഒരു നിബന്ധന വെച്ചു. തന്റെ മക്കളെ വളർത്തണമെന്നും അവർക്കെന്നും ഒരു ഉമ്മയായിരിക്കണമെന്നും. ആ സ്ത്രീ അയാളുടെ എല്ലാ നിബന്ധനകളും അംഗീകരിച്ചു. വൈകാതെ അവരുടെ വിവാഹവും നടന്നു.

പക്ഷേ, കുട്ടികൾ അവരെ ഭയപ്പെട്ടിരുന്നു. തങ്ങളുടെ ഉമ്മയുടെ മരണശേഷം അവരെ കാണുന്നതുപോലും അവർക്ക് വെറുപ്പായിരുന്നു. പക്ഷേ, ആ രണ്ടാനമ്മ കുട്ടികളെ സ്നേഹിക്കുകയും ലാളിക്കുകയും ചെയ്തു. കുറച്ചുനാൾ കഴിഞ്ഞപ്പോൾ കുട്ടികളും അവരോടടുത്തു. എത്രത്തോളമെന്നാൽ കച്ചവടക്കാരൻ കുട്ടികളെ അടിക്കാൻ മുതിർന്നാൽ അവർ അയാളെ തടഞ്ഞിരുന്നു. അതുകൊണ്ട് കുട്ടികൾ അവരെ ഇഷ്ടപ്പെട്ടു. അവരടെ സംരക്ഷണത്തിൽ കുട്ടികൾ സന്തോഷഭരിതരായി. അതുകൊണ്ടുതന്നെ കച്ചവടക്കാരൻ രണ്ടാംഭാര്യയെ ഇഷ്ടപ്പെട്ടിരുന്നു. അയാളുടെ ആ പരിഗണന അവർക്ക് കുട്ടികളെ കൂടുതൽ സ്നേഹിക്കാനും ശ്രദ്ധിക്കാനും പ്രചോദനമായി.

കുറച്ചുനാൾ കഴിഞ്ഞപ്പോൾ രണ്ടാനമ്മയുടെ സ്വഭാവം മാറാൻ തുടങ്ങി. കുട്ടികളോട് അവർ പരുശമായി പെരുമാറാൻ തുടങ്ങി. അവരോടുള്ള ശ്രദ്ധയും പരിഗണനയും കുറഞ്ഞുകൊണ്ടിരുന്നു. ഇളയമ്മയുടെ പെട്ടെന്നുള്ള മാറ്റത്തിൽ കുട്ടികൾ ദുഃഖിച്ചു. അവർക്കും കുട്ടികൾക്കും ഇടയിലുള്ള അന്തരീക്ഷം കൂടുതൽ പ്രയാസകരമായി മാറി. അവർക്കിടയിലുള്ള പ്രശ്നം കൂടുതൽ വശളായിക്കൊണ്ടിരുന്നു. ഇളയമ്മ പറയുന്ന കാര്യങ്ങൾ കുട്ടികൾ അനുസരിക്കാതായി. ഇനി അനുസരിച്ചാൽത്തന്നെ അത് വൈകിയും വെറുപ്പോടുകൂടിയുമായിരുന്നു ചെയ്തിരുന്നത്.

കുട്ടികളുടെ കാര്യത്തിൽ ആ സ്ത്രീ പരാതിപ്പെട്ടു. കാരണം, കുട്ടികളെ ആരും അടിക്കരുതെന്ന് അയാൾ നിബന്ധന വെച്ചിരുന്നു. അങ്ങനെ അടിച്ച് മര്യാദ പഠിപ്പിക്കേണ്ട ആവശ്യം വന്നാൽ അയാളെ അറിയിക്കണമെന്ന് മുന്നറിയിപ്പ് നൽകിയിരുന്നു.

തന്റെ പുതിയ ഭാര്യയുടെ പരാതി ശക്തമായപ്പോൾ അയാൾ മക്കളെ പഴയ വടികൊണ്ട് അടിക്കാൻ തുടങ്ങി. ആ സ്ത്രീ ഭർത്താവിന്റെ മനസ്സിൽ കുട്ടികൾക്കെതിരെ വിഷം കുത്തിവെച്ചുകൊണ്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കച്ചവടക്കാരൻ കുട്ടികളെ മർദ്ദിച്ചു. അത് കുട്ടികൾക്ക് താങ്ങാവുന്നതിനപ്പുറമായിരുന്നു. മർദ്ദനം കൊണ്ട് കുട്ടികളുടെ ശരീരത്തിന് യാതൊരു കുഴപ്പവും സംഭവിക്കുന്നില്ല എന്നുള്ള കാര്യം ആ സ്ത്രീ ശ്രദ്ധിച്ചിരുന്നു. മർദ്ദനം കൂടുമ്പോഴും കുട്ടികളുടെ ആരോഗ്യം മെച്ചപ്പെടുന്നുണ്ടായിരുന്നു. അവസാനം അവർക്ക് മനസ്സിലായി, ആ വടിയിൽ എന്തോ രഹസ്യമുണ്ടെന്ന്. അത് കണ്ടുപിടിക്കാൻ അവർ തീരുമാനിച്ചു. പക്ഷേ, കച്ചവടക്കാരൻ ആർക്കും അറിയാത്ത സ്ഥലത്തായിരുന്നു അത് ഒളിപ്പിച്ചുവെച്ചിരുന്നത്. പക്ഷേ, ആ സ്ത്രീ ഭർത്താവ് എവിടെയാണ് വടി ഒളിപ്പിക്കുന്നതെന്ന് നിരീക്ഷിച്ചുകൊണ്ടിരുന്നു. അവസാനം അവർ കണ്ടുപിടിക്കുകയും ചെയ്തു. ഭർത്താവ് പുറത്തു പോയ അവസരത്തിൽ

അവർ വടി കൈക്കലാക്കി. അത് സൂക്ഷ്മമായി പരിശോധിച്ചു. പക്ഷേ, ആ രഹസ്യം കണ്ടുപിടിക്കാനവർക്കായില്ല. അതുകൊണ്ടുതന്നെ ആ വടി ദൂരെ എവിടെയെങ്കിലും കൊണ്ടുപോയി കളഞ്ഞിട്ട് പകരം മറ്റൊരു വടി യഥാസ്ഥാനത്ത് വെക്കാൻ അവർ തീരുമാനിച്ചു. അപ്രകാരം ചെയ്യുകയും ചെയ്തു.

പിന്നീട് പതിവുപോലെ അവർ കുട്ടികളെക്കുറിച്ച് ഭർത്താവിനോട് പരാതി പറഞ്ഞുകൊണ്ടിരുന്നു. അയാൾ പുതിയ വടികൊണ്ട് കുട്ടികളെ തല്ലിക്കൊണ്ടിരുന്നു. വടി മാറിയതിനുശേഷം കാര്യങ്ങൾ കൂടുതൽ വ്യത്യസ്തമാവാൻ തുടങ്ങി. അത് കുട്ടികളുടെ ആരോഗ്യത്തെയും ശരീരത്തെയും മോശമായി ബാധിച്ചു. ഭാര്യയുടെ പരാതി കൂടുന്നതിനനുസരിച്ച് അയാൾ കുട്ടികളെ ഉപദ്രവിച്ചുകൊണ്ടിരുന്നു. ദിവസം കഴിയുംതോറും കുട്ടികളുടെ ആരോഗ്യത്തിലുള്ള മാറ്റം പിതാവ് ശ്രദ്ധിക്കാൻ തുടങ്ങി. ഈ മാറ്റത്തിന്റെ കാരണം കച്ചവടക്കാരന് അറിയില്ലായിരുന്നു. എന്നാൽ, ഭക്ഷണപാനീയങ്ങൾ കഴിക്കുന്ന കാര്യത്തിൽ കുട്ടികൾക്ക് യാതൊരു മാറ്റവുമില്ലായിരുന്നു. സാധാരണ ജീവിതരീതിയായിരുന്നു അവരുടേത്. അപ്പോൾ ഈ മാറ്റത്തിന്റെ രഹസ്യം എന്താണെന്ന് അയാൾ ചിന്തിച്ചു.

പിതാവിന്റെ സംശയം വടിയിലേക്ക് തിരിയാൻ തുടങ്ങി. അതിന്റെ ഭാരത്തിൽ ചെറിയ വ്യത്യാസമുള്ളതുയി അയാൾക്ക് തോന്നി. കുട്ടികളെ മർദ്ദിക്കുമ്പോഴും വടി കൈയിലെടുക്കുമ്പോഴും അയാൾക്ക് ആ മാറ്റം വ്യക്തമായി. പുതിയ വടി കൊണ്ടുള്ള അടി കുട്ടികളെ കൂടുതൽ വേദനിപ്പിക്കാൻ തുടങ്ങി. ഒരു ദിവസം ഭാര്യ അടുക്കളജോലിയിലായിരുന്നപ്പോൾ അയാൾ വടി സൂക്ഷ്മമായി പരിശോധിച്ചു. വടിയിൽ അയാൾ കുറേ വ്യത്യാസങ്ങൾ കണ്ടു. അത് കൂടുതൽ പരുക്കനായിരുന്നു. പക്ഷേ, ആദ്യത്തേത് കൂടുതൽ മിനുസമുള്ളതായിരുന്നു. മാത്രമല്ല, പുതിയ വടി കൂടുതൽ ഭാരമേറിയതുമായിരുന്നു. അപ്പോളാണ് പിതാവിന് മനസ്സിലായത്, കുട്ടികളുടെ ആരോഗ്യം ക്ഷയിക്കാനുള്ള കാരണം വടിയുടെ മാറ്റമാണെന്ന്. തന്റെ സ്വന്തം മക്കളല്ലാത്തതുകൊണ്ടാണ് രണ്ടാംഭാര്യ കുട്ടികളെ ഇത്രയേറെ വെറുത്തതെന്ന് അയാൾക്ക് മനസ്സിലായി. പഴയ വടി എവിടെയാണ് ഉപേക്ഷിച്ചതെന്ന് കച്ചവടക്കാരൻ ഭാര്യയോട് തിരക്കി. പക്ഷേ, അവർ പറയാൻ തയ്യാറായില്ല അവർ ഒഴിഞ്ഞുമാറിക്കൊണ്ടിരുന്നു.

അവസാനം ആ സ്നേഹസമ്പന്നനായ പിതാവിന് ഭാര്യയെ ത്വലാഖ് ചെല്ലേണ്ടിവന്നു. എങ്കിലും അയാൾക്ക് രണ്ടാംഭാര്യയോട് സ്നേഹമുണ്ടായിരുന്നു. പിന്നീട് ആ പിതാവ് നഷ്ടപ്പെട്ട വടി തിരിച്ചെടുക്കാൻ ഒരുപാട് ശ്രമിച്ചു. പക്ഷേ, അദ്ദേഹത്തിന് അത് കണ്ടെത്താനായില്ല. അവസാനം ഇനിയൊരിക്കലും മക്കളെ തല്ലില്ലെന്ന് അയാൾ ശപഥം ചെയ്തു.

കുറച്ചുനാൾ കഴിഞ്ഞപ്പോൾ കുട്ടികളുടെ ആരോഗ്യം മെച്ചപ്പെടാൻ തുടങ്ങി. വടി മാറ്റുന്നതിനു മുമ്പുള്ള അവസ്ഥയിലേക്ക് അവർ തിരികെ വന്നു. പിന്നീട് ആ കച്ചവടക്കാരൻ ശാസനയിലൂടെയും ഉപദേശത്തിലൂടെയും മക്കളെ വളർത്തി. കുട്ടികൾ പിതാവിനെ വീട്ടുകാര്യങ്ങളില സഹായിക്കാൻ തുടങ്ങി.

കുട്ടികൾ വലുതാകുന്നതുവരെ ഇനിയൊരു വിവാഹം ചെയ്യില്ലെന്ന് അയാൾ തീരുമാനിച്ചു. കാരണം, പുതിയ ഭാര്യ തന്റെ മക്കളെ ഉപദ്രവിക്കുമെന്ന് അയാൾ ഭയപ്പെട്ടിരുന്നു. അത് അവരുടെ ഭാവിയെ മോശമായി ബാധിക്കുമെന്ന് അയാൾക്കറിയാമായിരുന്നു.

ആ അപരിചിതയായ സ്ത്രീ വീട്ടിൽനിന്നും പോയതിനുസേഷം ആ കുടുംബത്തിൽ സമാധാനവും സന്തോഷവും വന്നുചേർന്നു.

സബീനാബീഗം എൽ.

# വൃദ്ധനും സിംഹവും

വളരെ പണ്ട് ഒരിടത്ത് ജുനൈദ് എന്നൊരു വൃദ്ധൻ ജീവിച്ചിരുന്നു. ഒരു ദിവസം വൃദ്ധൻ തന്റെ കൂട്ടുകാരനെ സന്ദർശിക്കാനായി ദൂരെയുള്ള പട്ടണത്തിലേക്ക് പോകാൻ തീരുമാനിച്ചു. അങ്ങനെ വൃദ്ധൻ തന്റെ യാത്ര ആരംഭിച്ചു. വഴിമധ്യേ അദ്ദേഹം വലിയൊരു അലർച്ച കേട്ടു. അലർച്ച കേട്ട ഭാഗത്തേക്ക് പോയി നോക്കുമ്പോൾ അവിടെ കൂട്ടിലടയ്ക്കപ്പെട്ട നിലയിൽ കിടക്കുന്ന ഒരു സിം ഹത്തെയാണ് കണ്ടത്.

വൃദ്ധനെ കണ്ടയുടനെ സിംഹം അദ്ദേഹത്തോട് പറഞ്ഞു: ''അല്ലയോ കരു ണയുള്ള മനുഷ്യാ, ദാഹം എന്നെ കൊല്ലുന്നു. എന്നെ ഈ കൂട്ടിൽനിന്നും പുറത്തെത്തിക്കൂ. അല്ലാഹുവാണെ സാക്ഷി, കുറച്ച് വെള്ളം കുടിച്ച് ദാഹം മാറ്റിയതിനുശേഷം ഞാൻ ഈ കൂട്ടിൽത്തന്നെ തിരിച്ച് വന്ന് കിടന്നോളാം.

ഉടനെ വൃദ്ധൻ പറഞ്ഞു: അല്ലയോ കാട്ടിലെ രാജാവേ, പറ്റില്ല. എന്നെക്കൊ ണ്ട് അതിന് സാധിക്കില്ല. നിശ്ചയമായും നീ കൂട്ടിൽനിന്ന് പുറത്തു വന്നാൽ ഈ അവസ്ഥയിൽ ആദ്യം എന്നെ നീ ഭക്ഷണമാക്കിയാലോ?

അപ്പോൾ സിംഹം പറഞ്ഞു: ''അല്ലയോ, വലിയവനായ മനുഷ്യാ, ഞാൻ ഒരിക്കലും അത് ചെയ്യില്ല. എന്നാൽ ഞാൻ നിന്നോട് എന്റെ ജീവിതാവസാനം വരെ നന്ദിയുള്ളവനായിരിക്കും.

ആ ദുഃഖിതനായ സിംഹത്തിന്റെ വാക്കുകൾ ആ വൃദ്ധൻ കേട്ടു. സിംഹ ത്തോട് ആ വൃദ്ധന് അലിവ് തോന്നി. കൂടിന്റെ വാതിൽ തുറന്നുകൊടുത്തു. പുറത്തേക്ക് വന്ന സിംഹം ഉടനെ ആ വൃദ്ധനോട് പറഞ്ഞു: ''ആദ്യം ഭക്ഷിക്കുന്ന ത് നിന്നെയായിരിക്കും. അതിനുശേഷം മാത്രമേ ദാഹം മാറ്റുന്നുള്ളൂ.''

സിംഹത്തിൽനിന്ന് രക്ഷപ്പെടുക അസാധ്യമാണെന്ന് വൃദ്ധന് മനസ്സിലായി. എന്നാലും ആ വൃദ്ധൻ സിംഹത്തോട് പറഞ്ഞു: ''എന്നെ പെട്ടെന്ന് കൊല്ല

രുത്. കൊല്ലുന്നതിനുമുമ്പ് പോകുന്ന വഴിയിൽ കാണുന്ന അഞ്ചുപേരോട് എന്നെ കൊല്ലുന്നതിനെപ്പറ്റി അഭിപ്രായം അറിഞ്ഞശേഷം മാത്രമേ എന്നെ ഭക്ഷണമാക്കാവൂ.''

അപ്പോൾ സിംഹം പറഞ്ഞു: ''നിന്റെ ആവശ്യം ഞാൻ അംഗീകരിക്കാം. അവരോട് നിന്നെ കൊല്ലുന്നതിനെക്കുറിച്ചുള്ള അഭിപ്രായം ഞാൻ ചോദിക്കാം.''

പിന്നെ അവർ രണ്ടുപേരും വഴിയിലൂടെ സഞ്ചരിച്ചു. ഒരു മാവിൻചുവട്ടിൽ എത്തുന്നതുവരെ യാത്ര തുടർന്നു. ഉടനെ വൃദ്ധൻ ആ മാവിനോട് ചോദിച്ചു: ''അല്ലയോ മാവേ, ഞാൻ പറയുന്നത് നീ കേൾക്കണം. എന്നിട്ട് ഞങ്ങൾക്കിടയിൽ നീ നീതി പുലർത്തണം.'' ഉടൻതന്നെ വൃദ്ധൻ താനും സിംഹവും തമ്മിലുള്ള കഥ വിവരിച്ചുകൊടുത്തു.

മാവ് വൃദ്ധനോട് പറഞ്ഞു: ''ധാരാളം ജനങ്ങൾ എന്റടുക്കലേക്ക് വരാറുണ്ട്; എന്റെ തണലിനുവേണ്ടി ഇവിടെ ഇരിക്കാറുമുണ്ട്. അതിനുശേഷം അവർ എന്താണ് ചെയ്യുന്നതെന്നോ? അവർ എന്റെ മരക്കൊമ്പുകൾ മുറിക്കുകയും എന്റെ ഫലങ്ങൾ പറിച്ചെടുക്കുകയും ഒരു മാങ്ങ പോലും ശേഷിക്കാതെ അവർ നശിപ്പിക്കുന്നു. അതിനാൽ നിനക്ക് ഞാൻ നല്ലത് പറയില്ല. എന്റെ അഭിപ്രായത്തിൽ സിംഹം നിന്നെ കൊല്ലണം.

പിന്നെ അവർ അവിടെനിന്ന് സഞ്ചരിച്ചു.കുറച്ചു കഴിഞ്ഞപ്പോൾ ഒരു ഒട്ടകത്തെ കണ്ടു. ഉടനെ വൃദ്ധൻ ഒട്ടകത്തോട് ചോദിച്ചു:

''ഒട്ടകമേ, ഞാൻ പറയുന്നത് നീ കേൾക്കണം. കേട്ടിട്ട് ഞങ്ങൾക്കിടയിൽ നീ നീതി വിധിക്കണം.'' അങ്ങനെ സിംഹവും താനും തമ്മിലുള്ള കഥ ഒട്ടകത്തിന് വൃദ്ധൻ വിവരിച്ചുകൊടുത്തു.

ഒട്ടകം അവനോട് പറഞ്ഞു: ''ഞാൻ ചെറുപ്പമായിരുന്നപ്പോൾ വലിയ ശക്തിമാനായിരുന്നു. എന്റെ യജമാനന് എന്നെ വലിയ ഇഷ്ടമായിരുന്നു. എന്നാൽ ഇപ്പോൾ ഞാൻ വയസ്സായപ്പോൾ യജമാനൻ എന്നെ ഉപേക്ഷിച്ചു. എന്നെക്കൊണ്ട് ഒരു ഉപയോഗവും ഇല്ല എന്നാണ് യജമാനൻ പറയുന്നത്. അതിനാൽ മനുഷ്യരെല്ലാം നന്ദിയില്ലാത്തവരാണ്. അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ സിംഹം നിന്നെ കൊല്ലണം.

അപ്പോൾ സിംഹം വൃദ്ധനോട് പറഞ്ഞു. നീ അവർ പറഞ്ഞത് കേട്ടില്ലേ? എല്ലാവരും നിന്റെ കാര്യത്തിൽ നിന്നെ കൊല്ലണം എന്നുതന്നെയാണ് പറയുന്നത്. ഒരാളും നിന്നെക്കുറിച്ച് നല്ല അഭിപ്രായം പറഞ്ഞില്ലല്ലോ. അതിനാൽ ഇനി ഒരാളും നല്ലത് പറയില്ല.

അപ്പോൾ വൃദ്ധൻ പറഞ്ഞു: ''എന്തായാലും നമുക്കിവിടെ നിർത്തേണ്ട. നമ്മുടെ കരാറിൽ അഞ്ചുപേരോട് അഭിപ്രായം ചോദിക്കാം എന്നാണ് പറഞ്ഞത്. നമ്മൾ രണ്ടുപേരോടല്ലേ അഭിപ്രായം ചോദിച്ചുള്ളൂ. ഉടനെ സിംഹം പറഞ്ഞു: ''എങ്കിൽ നീ പറയുന്നതുപോലെ.''

വീണ്ടും അവർ സഞ്ചരിച്ചു. എന്നാൽ വൃദ്ധന്റെ മനസ്സിൽ ദുഃഖം വ്യാപിച്ചിരുന്നു. പിന്നെ അവർ കണ്ട് വളരെ ഉയരത്തിൽ പറക്കുന്ന ഒരു കഴുകനെയാണ്.

ഉടൻതന്നെ വൃദ്ധൻ വളരെ ഉച്ചത്തിൽ വിളിച്ചുചോദിച്ചു: ''അല്ലയോ കഴുകാ, നീ ഭൂമിയിലേക്ക് ഇറങ്ങിവരൂ. എന്നിട്ട് ഞങ്ങൾക്കിടയിൽ നീതി വിധിക്കൂ. ഉടൻതന്നെ തന്റെ കഥ അതിനോട് പറഞ്ഞു. എന്നെ കൊല്ലരുത് എന്ന് നീ സിംഹത്തോട് പറയണം. എന്നോട് നീ കരുണ കാണിക്കണം.''

കഴുകൻ ആ വൃദ്ധനോട് പറഞ്ഞു: ''എന്നെ കണ്ടാൽ എല്ലാ ജനങ്ങളും കല്ലെറിയും. കൂടാതെ മലമുകളിൽ ഇരിക്കുന്ന എന്റെ കുഞ്ഞുങ്ങളെ വേട്ടയാടുകയും ചെയ്യും. അതിനാൽ എന്റെ അഭിപ്രായത്തിൽ സിംഹം നിന്നെ ഭക്ഷണമാക്കണം. നിശ്ചയമായും മനുഷ്യർ കരുണയില്ലാത്തവരാണ്.''

പിന്നെ അവർ കണ്ടത് ഒരു ചീങ്കണ്ണിയെയാണ്. അതിനോട് വൃദ്ധൻ തന്റെ കഥ വിവരിച്ചുകൊടുത്തു. എന്നിട്ട് പറഞ്ഞു: ''ഞങ്ങൾക്കിടയിൽ നീ നീതി വിധിക്കണം.''

ചീങ്കണ്ണി പറഞ്ഞു: ''ഞാൻ വെള്ളത്തിൽനിന്നും തല ഉയർത്തുമ്പോൾ അധികം ജനങ്ങളും പറയാറുണ്ട് - എന്നെ കൊല്ലണമെന്ന്. അതിനാൽ എന്റെ അഭിപ്രായം സിംഹം നിന്നെ ഭക്ഷണമാക്കണമെന്നു തന്നെയാണ്.''

അപ്പോൾ വൃദ്ധൻ സ്വയം പറഞ്ഞു: ''എനിക്ക് ആരിൽനിന്നും രക്ഷ ഉണ്ടാകില്ല. ഒരാളും തന്റെ പ്രവൃത്തിയിൽ നല്ലത് പറയില്ല.'' എന്നാലും വൃദ്ധൻ സിംഹത്തോട് അഞ്ചാമത്തെ ആളോടും അഭിപ്രായം ചോദിക്കാം എന്ന് ആവശ്യപ്പെട്ടു.

അവർ കുറച്ച് സഞ്ചരിച്ചു. അപ്പോൾ വഴിയിൽ ഒരു കുറുക്കൻ നിൽക്കുന്നത് കണ്ടു. അതിനോട് താനും സിംഹവും തമ്മിലുള്ള കഥ വിവരിച്ചുകൊടുത്തു. എന്നിട്ടതിനോട് പറഞ്ഞു: ''ഞങ്ങൾക്കിടയിൽ നീ നീതി വിധിക്കണം.''

അപ്പോൾ കുറുക്കൻ പറഞ്ഞു: ''നിങ്ങൾ പറയുന്നതായ സംഭവങ്ങൾ എനിക്ക് നേരിട്ട് കണ്ടാൽ മാത്രമേ നിങ്ങൾക്കിടയിൽ ഞാൻ അനുകൂലമായ നീതി വിധിക്കൂ. വൃദ്ധനും സിംഹവും കുറുക്കനും കൂട്ടിന്റെ അടുത്തേക്ക് പോയി. അവർ കൂട്ടിനടുക്കൽ എത്തിച്ചേർന്നു. അപ്പോൾ കുറുക്കൻ ചോദിച്ചു: ''നിങ്ങളുടെ കഥ തുടങ്ങുന്നത് ഇവിടെ നിന്നാണോ?''

വൃദ്ധൻ പറഞ്ഞു: ''അതെ.'' കുറുക്കൻ വൃദ്ധനോട് ചോദിച്ചു: ''അപ്പോൾ നീ എവിടെയാ നിന്നിരുന്നത്? നിന്റെ സ്ഥലം ഈ കൂട്ടിന്റെ എവിടെയായിരുന്നു? കൂട്ടിന്റെ മുന്നിലായിരുന്നോ നീ നിന്നിരുന്നത്?''

വൃദ്ധൻ കുറുക്കനോട് പറഞ്ഞു: ''വിധികർത്താവേ, ഞാൻ അവിടെയാ നിന്നത്.'' അപ്പോൾ കുറുക്കൻ ചോദിച്ചു: ''സിംഹത്തിന്റെ സ്ഥാനം എവിടെയായിരുന്നു?''

സിംഹം പറഞ്ഞു: ''ഞാൻ കൂട്ടിനുള്ളിലായിരുന്നു.'' അപ്പോൾ കുറുക്കൻ പറഞ്ഞു: ''കൂട്ടിൽ എവിടെയായിരുന്നു നീ നിന്നിരുന്നത്? കൂട്ടിൽ എങ്ങനെ നിന്നു എന്ന് കാണാതെ ഞാനെങ്ങനെ അഭിപ്രായം പറയും?''

സിംഹം കൂട്ടിനുള്ളിൽ കയറി. എന്നിട്ട് പറഞ്ഞു: ''ഞാൻ ഇവിടെയാ നിന്നത്. എന്റെ തല ഇവിടെയായിരുന്നു. എന്റെ വാൽ അവിടെയായിരുന്നു.''

അപ്പോൾ കുറക്കൻ വൃദ്ധനോട് ചോദിച്ചു: ''കൂട്ടിന്റെ വാതിൽ തുറന്നിരുന്നോ, അതോ അടച്ചിരുന്നോ?'' വൃദ്ധൻ പറഞ്ഞു: അടച്ചിരുന്നു. അപ്പോൾ കുറുക്കൻ വൃദ്ധനോട് പറഞ്ഞു. എങ്കിൽ വാതിൽ നീ അടയ്ക്കപ്പെട്ട നിലയിലാക്കണം. ഉടൻതന്നെ അതിന്റെ വാതിൽ അടച്ചു.

കുറുക്കൻ സിംഹത്തോടായി പറഞ്ഞു: ''നന്മ ചെയ്തിട്ട് നന്മ കാണിക്കാത്ത മൃഗമേ, നിനക്ക് ആ വൃദ്ധൻ നന്മ ചെയ്തു. എന്നിട്ട് നീ ആ വൃദ്ധനോട് നന്ദികേട് കാണിച്ചു. കൂടാതെ അദ്ദേഹത്തെ കൊല്ലാനും ശ്രമിച്ചു. അതിനാൽ നിന്റെ ബാക്കി ജീവിതം മുഴുവൻ ഈ കൂട്ടിൽ തന്നെയാകട്ടെ. നിന്നെ ഇതിൽനിന്ന് ഒരാളും തുറന്നുവിടില്ല.

പിന്നെ വൃദ്ധനോടായി കുറുക്കൻ പറഞ്ഞു: നീ നന്മ ചെയ്യുന്നതിൽ ആത്മാർഥത കാണിച്ചു. അതിനാൽ നീ നിന്റെ യാത്ര തുടരുക. നിനക്ക് നന്മ ഉണ്ടാകും.

വൃദ്ധൻ കുറുക്കനോട് നന്ദി പറഞ്ഞ് തന്റെ പട്ടണത്തിലേക്കുള്ള യാത്ര തുടർന്നു.

# മടിയനായ ഹാറൂൺ

വളരെയധികം മടിയനായ ഒരു കുട്ടിയായിരുന്നു ഹാറൂൺ. അധികസമയവും അവൻ കഴിച്ചുകൂട്ടുന്നത് ഉറക്കത്തിലും വെറുതെ ഇരിക്കുന്നതിലുമായിരുന്നു. പാവപ്പെട്ട തന്റെ ഉപ്പയോടൊപ്പമാണ് അവൻ ജീവിച്ചിരുന്നത്. ഉമ്മയാകട്ടെ തനിക്കും തന്റെ മകനും ആഹാരത്തിനുവേണ്ടി വളയെയധികം ജോലികൾ ചെയ്തു. മകന്റ മടിയിൽ ഉമ്മ അവനെ ശിക്ഷിച്ചിരുന്നു. എന്നാൽ അവനിൽ ഒരു ഗുണവും ഉണ്ടായില്ല.

ഒരു ദിവസം അവനോട് ദേഷ്യത്തോടെ പറഞ്ഞു: മടിയനായ പുത്രാ, നിന്റെ ഈ ദിവസം മടി മാറ്റി എന്തെങ്കിലും ജോലിക്ക് പോയി ഭക്ഷണം സമ്പാദിക്കണം. ഇല്ലെങ്കിൽ നിന്നെ വീട്ടിൽനിന്നും പുറത്താക്കും. അങ്ങനെ ഹാറൂൺ വീട്ടിൽനിന്നും പുറപ്പെട്ടു. ആദ്യത്തെ ദിവസം അവൻ ഒരു കർഷകനൊപ്പം ഒരു പകൽ മുഴുവൻ ജോലിചെയ്തു. അവന്റെ ജോലിക്കുള്ള പ്രതിഫലമായി കുറച്ച് നാണയങ്ങൾ നൽകി. ആ നാണയങ്ങളുമായി വീട്ടിലേക്ക് പുറപ്പെട്ടു. വഴിക്കുവെച്ച് അവൻ ഒരരുവി കണ്ടു. അവൻ ഉടനെ അതിലേക്ക് ചാടി. അപ്പോഴേക്കും കൈയിലുരുന്ന നാണയങ്ങൾ വെള്ളത്തിലേക്ക് വീണു. അവൻ നാണയങ്ങൾ തിരഞ്ഞു. എന്നാൽ അവനത് കിട്ടിയില്ല. പിന്നെ അവൻ ദുഃഖിതനായി വീട്ടിലേക്ക് മടങ്ങി.

ഹാറൂൺ സംഭവിച്ച കാര്യം ഉമ്മയോട് പറഞ്ഞു. ഉമ്മ ദേഷ്യത്തോടെ അവനോട് പറഞ്ഞു: നിനക്ക് നാണയങ്ങൾ കൈയിൽനിന്നും പോക്കറ്റിൽ ഇട്ടുകൂടായിരുന്നോ? എങ്കിൽ അത് കളയില്ലായിരുന്നു.

അവൻ ഉമ്മയോട് പറഞ്ഞു: ഉമ്മാ, നാളെ ഞാൻ അങ്ങനെ ചെയ്തോളാം.

രണ്ടാമത്തെ ദിവസം കർഷകൻ പ്രതിഫലമായി ഒരു പാത്രം പാൽ കൊടുത്തു. അതവൻ പോക്കറ്റിലേക്ക് വെച്ചു. കുറച്ച് നടന്നപ്പോൾ പാൽ മുഴുവൻ

അവന്റെ വസ്ത്രത്തിലും ദേഹത്തിലുമായി ഒഴുകി. പാത്രത്തിൽ ഒരു തുള്ളി പോലും ശേഷിച്ചില്ല. സംഭവിച്ച കാര്യം അവൻ ഉമ്മയോട് പറഞ്ഞു. ഉമ്മ ദേഷ്യത്തോടുകൂടി പറഞ്ഞു: നിനക്ക് ആ പാൽ മൂടിക്കൊണ്ട് വന്നുകൂടായിരുന്നോ? അപ്പോൾ അവൻ പറഞ്ഞു: അടുത്ത ദിവസം അങ്ങനെ ചെയ്യാം. എന്നോട് ദേഷ്യപ്പെടരുതേ ഉമ്മാ.

മൂന്നാമത്തെ ദിവസം അവൻ ജോലിക്കായി പുറപ്പെട്ടു. പ്രതിഫലമായി ഒരു ചെറിയ കോഴിയെ കൊടുത്തു. അവനത് പെട്ടിയിലാക്കി മൂടിക്കെട്ടി വീട്ടിലേക്ക് പുറപ്പെട്ടു.

വീട്ടിലെത്തിയപ്പോൾ കോഴി ചത്തു. ഇത് കണ്ട ഉമ്മയ്ക്ക് ദേഷ്യം വന്നു. അവൾ ദേഷ്യത്തോടെ മകനോട് പറഞ്ഞു: ''നീ എന്ത് പ്രവൃത്തിയാ ഈ കാണിച്ചത്. നിനക്കറിയില്ലേ മനുഷ്യനും മൃഗങ്ങൾക്കും ജീവിക്കാൻ വായു വേണമെന്ന്. വായുവില്ലാതെ ഈ കോഴി എങ്ങനെ ജീവിക്കും. നിനക്കതിനെ കൈയിൽ കൊണ്ടുവരാമായിരുന്നില്ലേ? വളരെ വിഷമത്തോടെ അവൻ ഉമ്മയോട് പറഞ്ഞു: അടുത്ത ദിവസം ഞാൻ അങ്ങനെ ചെയ്യാം, എന്നോട് ദേഷ്യപ്പെടല്ലേ ഉമ്മാ.

നാലാമത്തെ ദിവസം കർഷകൻ അവന് ഒരു പൂച്ചയെ കൊടുത്തു. അവൻ കൈയിൽ അതിനെ കൊണ്ടുവന്നു. വഴിയിൽവെച്ച് പൂച്ച അവന്റെ കൈയിൽ നിന്നും ചാടിപ്പോയി. വീട്ടിലെത്തിയ അവൻ ഉമ്മയോട് നടന്ന സംഭവങ്ങൾ പറഞ്ഞു. അപ്പോൾ ഉമ്മ വളരെയധികം ദേഷ്യത്തോടെ അവനോട് പറഞ്ഞു: നിന്റെ കാര്യത്തിൽ ഇതെന്തൊരു അദ്ഭുതം. നീ അതിനെ കെട്ടിക്കൊണ്ടുവരാത്തതെന്താ?

അവൻ പറഞ്ഞു: അടുത്ത ദിവസം ഞാനങ്ങനെ ചെയ്യാം. എന്നോട് ദേഷ്യപ്പെടരുതേ ഉമ്മാ.

അഞ്ചാമത്തെ ദിവസം അവൻ ഒരു കശാപ്പുകാരന്റെ അടുക്കലാണ് ജോലിക്ക് പോയത്. പ്രതിഫലമായി ഒരു ആട്ടിൻകുട്ടിയെ ലഭിച്ചു. അവൻ അതിനെ കയറുകൊണ്ട് കെട്ടി വലിച്ചിഴച്ചുകൊണ്ട് വീട്ടിലേക്ക് വന്നു.

ആട്ടിൻകുട്ടിയെ വലിച്ചിഴച്ചുകൊണ്ടുന്ന മകനെ കണ്ട് ഉമ്മ ദേഷ്യത്തോടെ പറഞ്ഞു: ഹാറൂനേ, നിനക്കതിനെ തോളിൽ ചുമന്നുകൊണ്ട് വന്നുകൂടായിരുന്നോ? അതിനെ ഇങ്ങനെ വലിച്ചിഴച്ചതെന്തിനാ?

ഹാറൂൺ പറഞ്ഞു: അടുത്ത ദിവസം ഞാനങ്ങനെ ചെയ്തുകൊള്ളാം. എന്നോട് ദേഷ്യപ്പെടരുതേ ഉമ്മാ.

ആറാമത്തെ ദിവസം അവൻ ഒരു ആട്ടിടയന്റെ അടുക്കലാണ് പോയത്. ഒരു പകൽ മുഴുവൻ അവൻ ജോലി ചെയ്തു. പ്രതിഫലമായി ഒരു കഴുതയെ കൊടുത്തു. അടുത്ത ദിവസം രാവിലെ എത്താൻ വേണ്ടിയിട്ടുകൂടിയാണ് കഴുതയെ നൽകിയത്.

ഹാറൂൺ ചെയ്തത്, കഴുത അവനെ വഹിക്കുന്നതിനു പകരം അവൻ ആ കഴുതയെ ചുമന്നുകൊണ്ട് വീട്ടിലേക്ക് പുറപ്പെട്ടു.

ഹാറൂൺ പോകുന്ന വഴിയിലായിരുന്ന റൈഹാന എന്നു പേരുള്ള ഒരു രാജകുമാരിയുടെ കൊട്ടാരം. റൈഹാന കൊട്ടാരത്തിന്റെ മുന്നിൽ നിൽക്കുകയായിരുന്നു. അപ്പോഴാണ് അവൾ ആ അദ്ഭുതക്കാഴ്ച കാണുന്നത്. രാജകുമാരിക്കാകട്ടെ വിഷാദരോഗം ബാധിച്ചിരുന്നു. എന്നാൽ ആ അദ്ഭുതപ്പെടുത്തുന്ന കാഴ്ച അവളെ ചിരിപ്പിച്ചു. അങ്ങനെ രാജകുമാരിക്ക് ബാധിച്ച വിഷാദരോഗം ഹാറൂൺ കാരണം ഭേദമാക്കാൻ സാധിച്ചു. അങ്ങനെ രാജാവ് ഹാറൂണിനെയും ഉമ്മയെയും കൊട്ടാരത്തിൽ താമസിപ്പിച്ചു. ഹാറൂണിനെ പഠിപ്പിക്കുന്നതിനായി പണ്ഡിതന്മാർ എത്തി. അവൻ അങ്ങനെ പഠനത്തിൽ അഭിവൃദ്ധി പ്രാപിക്കുകയും ചെയ്തു. ഹാറൂണിന്റെ മര്യാദയും അച്ചടക്കവും രാജാവിനെ അദ്ഭുതപ്പെടുത്തി. അവനെ തന്റെ മകൾക്ക് വിവാഹം ചെയ്തുകൊടുത്തു.

കുറച്ചുനാൾ കഴിഞ്ഞപ്പോൾ രാജാവ് മരണപ്പെടുകയും ഹാറൂൺ നീതിമാനായ രാജാവ് ആയിത്തീരുകയും ചെയ്തു.

# കുരങ്ങനും പാൽക്കാരനും

ജാസിം എന്നു പേരുള്ള ഒരു മനുഷ്യന് ആറ് പശുക്കൾ ഉണ്ടായിരുന്നു. അദ്ദേഹത്തിനടുക്കൽ നിന്നായിരുന്നു ആളുകൾ പാൽ വാങ്ങിയിരുന്നത്. അയാൾ പാലിൽ ധാരാളം വെള്ളം ചേർത്തായിരുന്നു ജനങ്ങൾക്ക് നൽകിയിരുന്നത്. എന്നാൽ അതവർക്ക് അറിയില്ലായിരുന്നു. അങ്ങനെ പാലിൽനിന്നും അദ്ദേഹത്തിന് നാല്പതിനായിരത്തോളം ദിർഹം സമ്പാദിക്കാൻ സാധിച്ചു.

ഒരു ദിവസം ജാസിം കടൽമാർഗം ദൂരെയുള്ള രാജ്യത്തേക്ക് യാത്രപോയി. അവിടെ നിന്നും വികൃതിക്കുട്ടനായ ഒരു കുട്ടിക്കുരങ്ങനെ വാങ്ങി. കുറച്ചു ദിവസം കഴിഞ്ഞ് ജാസിം നാട്ടിലേക്ക് തിരിച്ചു. യാത്രക്കിടയിൽ കപ്പലിൽവെച്ച് കുരങ്ങൻ ജാസിമിന്റെ പണക്കിഴി എടുത്തു. അത് കണ്ട ജാസിം തന്റെ പണക്കിഴി കുരങ്ങന്റെ കൈയിൽനിന്നും വാങ്ങാൻ ശ്രമിച്ചു. എന്നാൽ കുരങ്ങൻ മുകളിലേക്ക് ചാടി കപ്പലിന്റെ മുകളിലേക്ക് പോയി. അപ്പോൾ എല്ലാ ജനങ്ങളും കുരങ്ങൻ പണക്കിഴി എന്താണ് ചെയ്യുക എന്ന് നോക്കിക്കൊണ്ടിരുന്നു.

അപ്പോഴേക്കും കുരങ്ങൻ പണക്കിഴിയുടെ ചരട് പൊട്ടിച്ചു. എന്നിട്ട് ആ കപ്പലിന്റെ പരപ്പിലേക്ക് പണക്കിഴി തട്ടി. കുറച്ച് നാണയങ്ങൾ അവിടെത്തന്നെ കിടന്നു. കുറച്ച് കടലിലേക്ക് ഉരുണ്ടുപോയി.

ജാസിമിന് കുറച്ച് നാണയങ്ങൾ കപ്പലിൽനിന്നും ഒരുമിച്ചുകൂട്ടാൻ സാധിച്ചു. പക്ഷേ, ഇരുപതിനായിരം നാണയങ്ങൾ മാത്രമേ ശേഖരിക്കാൻ സാധിച്ചുള്ളൂ. ജാസിമിന്റെ അടുക്കൽനിന്ന് പാൽ വാങ്ങുന്ന ഒരാൾ പറഞ്ഞു: ''ഇതാണ് നിന്റെ സത്യസന്ധമായ നാണയങ്ങൾ. ബാക്കി കടലിൽ വീണുപോയ ഇരുപതിനായിരം നാണയങ്ങൾ നീ പാലിൽ വെള്ളം ചേർത്തുണ്ടാക്കിയതാണ്.''

ഇതിൽനിന്നും ഹറാമായ പണം നഷ്ടമാകുമെന്ന് ജാസിമിന് മനസ്സിലായി. കാരണം അല്ലാഹു ഹറാമിൽ അനുഗ്രഹം ചെയ്യുകയില്ല.

സാബിറ നജീബ്

# മാന്ത്രിക കിരീടം

**അ**ന്ന് അധികാരത്തിന്റെ പ്രൗഢിയും ശക്തിയും നിലനിർത്തിയിരുന്ന ഉന്ന തരും ആഭിജാത്യരുമായ രാജാക്കന്മാർ വാണിരുന്ന, ശക്തരായ ചക്രവർത്തിമാർ സിംഹാസനസ്ഥനായിരുന്ന, നീതിയും തന്ത്രവും കൊണ്ട് ജനങ്ങളെ ഭരിച്ചി രുന്ന, നാട്ടിൽ ഐശ്വര്യവും സമ്പദ്സമൃദ്ധിയും നിലനിർത്തിയ രാജാക്കന്മാ രുടെ ഈ കഥകൾ - പൂർവപിതാക്കന്മാരുടെ ഈ കഥകൾ - അങ്ങ് വിദൂര ദേശത്ത് കാലങ്ങൾക്കു മുമ്പാണ് സംഭവിച്ചത്.

അങ്ങനെ നൂറുൽ ബഹാഅ് എന്ന രാജാവ് തന്റെ പിതാവ് നൂറുളിയാഇന്റെ കാലശേഷം ഭരണമേറ്റെടുത്തു. തന്റെ പൂർവികരുടെ മാതൃകയിൽ, പിതാക്ക ന്മാരുടെ ചര്യയിൽ അദ്ദേഹം ഭരണം തുടങ്ങി. പക്ഷേ, നറുൽ ബഹാഇന് ഒരു ദുഃഖം മാത്രം ശേഷിച്ചു. തന്റെ രാജ്ഞി തന്നോടൊപ്പമില്ല. നൂറുൽ ബുദൂർ എന്ന് പേരുള്ള ഒരു മകളല്ലാതെ തനിക്ക് മക്കളൊന്നുമില്ല. അവൾ രാജാവിന്റെ എല്ലാമെല്ലാമായിരുന്നു അവൾ സ്വന്തം പേരുപോലെ തന്നെ ചന്ദ്രശോഭയുള്ള വളായിരുന്നു. എന്നല്ല, പൂർണചന്ദ്രൻ പോലും അവളുടെ സൗന്ദര്യത്തിൽ നാണിച്ചു തലതാഴ്ത്തിയിട്ടുണ്ടാകും.

തന്റെ പിതാവിന്റെ കൊട്ടാരത്തിൽ സ്നേഹവാത്സല്യങ്ങളോടെ രാജകു മാരി ജീവിച്ചു. രാജാവ് അവളെ നന്നായി വളർത്തുകയും സംരക്ഷിക്കുകയും ചെയ്തു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് അവൾക്കായി അധ്യാപക രെത്തി. വിവിധ കലകളും വിജ്ഞാനങ്ങളും അവളെ അവർ പഠിപ്പിച്ചു. രാജാവ് അവളെ നാടുകാണാനും പുതുകാര്യങ്ങൾ പഠിച്ചറിയാനും അയക്കാറുണ്ടാ യിരുന്നു. തന്റെ ഏക സന്തതിയെ രാജാവ് വല്ലാതെ സ്നേഹിച്ചിരുന്നു. അവളുടെ പരിചരണത്തിൽ വളരെ ശ്രദ്ധാലുവായിരുന്നു അദ്ദേഹം. അവളുടെ ഒരാഗ്രഹവും രാജാവ് നിരസിച്ചില്ല.

കാലങ്ങൾ കടന്നുപോകുന്തോറും തന്റെ മകൾ സാഹസികതയെ ഇഷ്ട പ്പെടുന്നതും പുതിയ പുതിയ ലോകം കണ്ടെത്താൻ ആഗ്രഹിക്കുന്നതും രാജാ വറിഞ്ഞില്ല. രാജ്യത്തിന്റെ ഏതെങ്കിലും കോണിലുള്ള അപൂർവ സമ്മാനങ്ങ ളെക്കുറിച്ച് കേട്ടാൽ ഉടൻതന്നെ അവൾ രാജാവിനെക്കൊണ്ട് അത് വരുത്തിക്കു മായിരുന്നു. അങ്ങനെ അദ്ഭുതാവഹമായ കുറേ അപൂർവ വസ്തുക്കൾ അവൾ ക്ക് സ്വന്തമായിരുന്നു. ഇന്ത്യൻ കാടുകളിൽ നിന്നുള്ള മുയലിന്റെ വലിപ്പത്തി ലുള്ള ആനകൾ, എല്ലാ ഭാഷയും സംസാരിക്കുകയും പാട്ടപാടുകയും, രാജാ വിനും രാജകുമാരിക്കും വണങ്ങുകയും ചെയ്യുന്ന അവളുടെ പാവ സുന്ദരവും അദ്ഭുതവും ആയിരുന്നു.

അങ്ങനെ രാജകുമാരി കൗമാരപ്രായമെത്തി. എങ്കിലും അവളുടെ സ്വഭാ വശുദ്ധിക്കും സത്പ്രകൃതിക്കും കളങ്കമായി ഒരു രോഗം മാത്രം അവശേഷിച്ചു. ചെറുതെങ്കിലും അത് ഗൗരവതരമായിരുന്നു. വലിയ വലിയ പൊട്ടിത്തെറികൾ ചെറിയ തീപ്പൊരിയിൽ നിന്നാണല്ലോ ഉണ്ടാകുന്നത്. യാതൊരു പ്രയാസവു മുണ്ടാകില്ലെന്ന് നാം കരുതുന്നവയാകും വലിയ നാശങ്ങളുമായി വന്നുചേരു ന്നത്. രാജകുമാരി എന്ത് ആഗ്രഹിക്കുന്നുവോ അത് കിട്ടാതെ അവൾക്ക് ഉറ ക്കമുണ്ടായിരുന്നല്ല. അത് എത്ര വിഷമകരവും വിദൂരവുമാകട്ടെ, രാജാവ് അത് അവൾക്കെത്തിച്ചുകൊടുത്തു. കാരണം, തന്റെ മകളുടെ വിജ്ഞാനത്തിന്റെ മാറ്റുകൂട്ടാൻ അത് സഹായിക്കുമെന്നദ്ദേഹം ധരിച്ചു.

ഒരു ദിവസം രാവിലെ നൂറുൽ സുദൂർ അലസമായി കോട്ടുവായിട്ടെഴുന്നേറ്റ പ്പോൾ ചുറ്റുമുള്ളതൊക്കെ അദ്ഭുതങ്ങളും അപൂർവങ്ങളുമെങ്കിലും എല്ലാം തന്നെ വിർപ്പുമുട്ടിക്കുന്നതായി തോന്നി. എല്ലാം അവൾക്ക് മടുത്തതുപോലെ.

ഉടനെ അവൾ തന്റെ ഏറ്റവും അടുത്ത പരിചാരികയും സഹോദരിയെ പ്പോലെ സ്നേഹിക്കുകയും ചെയ്ത ദിർഹമയെ വിളിച്ചു. അവൾ ഓടിവന്നിട്ട് ചോദിച്ചു: ''ഭവതീ പ്രഭാതഭക്ഷണം കൊണ്ടുവരട്ടെയോ?'' നൂറുൽ സുദൂർ പറഞ്ഞു: ''ദിർഹമ, അതല്ല, നീ കാവൽക്കാരോട് എനിക്ക് കുതിരയെ ഒരുക്കാൻ പറയൂ. എനിക്ക് വീർപ്പുമുട്ടുന്നു. ഞാൻ കൊട്ടാര ഉദ്യാനത്തിൽ ചുറ്റിനടകകാൻ ആഗ്രഹിക്കുന്നു.'' ''ഉത്തരവ്'' ദിർഹമ പ്രതിവചിച്ചു.

അവർ പെട്ടെന്നുതന്നെ തന്റെ ജയമാനത്തിക്ക് അണിയിച്ചൊരുക്കിയ കു തിരയെ തയ്യാറാക്കി. രണ്ടുപേരും കൂടി പൂന്തോട്ടത്തിൽ ഉല്ലസിച്ച് നടന്നു. പഴങ്ങളും പൂക്കളും നിറഞ്ഞ ആ തോട്ടത്തിന്റെ വിവിധ നിറങ്ങളിൽ പക്ഷികൾ പാറിനടന്നു. ആരാമത്തിൽ അവർ സഞ്ചരിച്ചു. രാജകുമാരിയെ കണ്ട് പക്ഷി കൾ പാട്ടുപാടാൻ തുടങ്ങിയതുപോലെ.

അങ്ങനെ അവർ ഒരു വൃക്ഷത്തണലിൽ ഇരുന്നു. മൂകയും ദുഃഖിതയുമായി തോന്നിയ രാജകുമാരിയോട് ദിർഹമ ചോദിച്ചു: ''അവിടുത്തെ വിശ്വസ്തയായ എന്നോട് പറഞ്ഞാലും, എന്താണ് എന്റെ യജമാനത്തിക്ക് സംഭവിച്ചത്?''

''എനിക്ക് കൂട്ടുകൂടാൻ ഒന്നും കിട്ടുന്നില്ല. അതെന്നെ മടുപ്പിക്കുന്നു'' നൂറുൽ സുദൂർ പറഞ്ഞു.

''എന്താണ് ഈ പറയുന്നത്, ഭവതി എന്താണുദ്ദേശിക്കുന്നത്? അത് പറഞ്ഞാൽ ഉടൻ സാധിപ്പിച്ചുതരാൻ ഏഴാം കടലിൽ മത്സ്യത്തിന്റെ വയറ്റിനുള്ളിൽ ആണെങ്കിലും ഞങ്ങൾ തയ്യാർ'' ദിർഹമ അവളെ സമാശ്വസിപ്പിച്ചു.

ഇപ്പോഴുള്ളതെല്ലാം എന്നെ മടുപ്പിക്കുന്നു. എന്തെങ്കിലും പുതിയതു വേണം. എന്റെ മനസ്സിനെ സന്തോഷിപ്പിക്കാൻ പുതിയതെന്തെങ്കിലും വേണം'' രാജകുമാരി പറഞ്ഞു.

''കുമാരീ, അവിടുത്തെ ജന്മദിനം കുറച്ചുനാൾക്കുശേഷം നടക്കുമ്പോൾ നാം വലിയ ആഘോഷങ്ങൾ സംഘടിപ്പിക്കുന്നു. ഇന്നേവരെഭവതി തൊട്ടിട്ടില്ലാത്ത ഒരു സമ്മാനം തരുമെന്ന് മഹാരാജാവ് വാഗ്ദാനം ചെയ്തിട്ടില്ലേ? -ദിർഹമ ഓർമപ്പെടുത്തി. രാജകുമാരയുടെ കണ്ണുകൾ തിളങ്ങി.

''എന്താണാ സമ്മാനമെന്ന് നീ അറിയുമോ?'' അവൾ ചോദിച്ചു. ''യാത്രാസംഘങ്ങളൊന്നും കുറേനാളായി ഇതുവഴി വന്നിട്ടില്ല. പിന്നെ എവിടെ നിന്നും പിതാവിന് സമ്മാനം കിട്ടുക? ഞാൻ കാണാത്തതൊന്നും ഇപ്പോൾ രാജാവിന്റെ കൈയിലില്ലല്ലോ. അതുകൊണ്ട് എനിക്ക് വിശ്വാസം വരുന്നില്ല.''

വീണ്ടും അവൾ പഴയപടി തുടർന്നു. എന്നിട്ട് അവൾ തലയുയർത്തി, ചില്ലകളിൽ സന്തോഷത്തോടെ പാറിക്കളിക്കുന്ന പക്ഷികളെ നോക്കി. അവയിലൊന്ന് സുന്ദരമായ നിറത്തിലെ ചിറകുകളുള്ളൊരു പക്ഷി. രജകുമാരിക്കരികിലെത്തി അവളുടെ പട്ടുറുമാൽ കൊത്തിയെടുത്ത് പറന്നകന്നു. അല്പസമയം കഴിഞ്ഞ് തിരികെ വന്ന് തൂവാല അവളുടെ കൈയിൽ കൊടുത്തു. സന്തോഷം കൊണ്ട് തുള്ളിച്ചാടിയ രാജകുമാരി പറഞ്ഞു:

''നോക്കൂ ദിർഹമ, എന്റെ തൂവാല ആകാശലോകത്ത് പറന്നുയർന്ന് തിരികെ ഇതാ എന്റെ കൈയിൽ വന്നിരിക്കുന്നു. ആ തൂവാലയിൽ കയറി ഇരിക്കാൻ മാത്രം ഞാൻ ചെറുതായിരുന്നെങ്കിൽ... അല്ലെങ്കിൽ ഈ കുഞ്ഞിക്കിളിയെപ്പോലെ ആകാശക്കീറുകളക്കുള്ളിൽ പറന്നുനടക്കാൻ കഴിഞ്ഞിരുന്നെങ്കിൽ. എല്ലാം മുകളിൽനിന്ന് കാണാൻ എന്ത് രസമായിരിക്കും. ഈ കൊട്ടാരവും പൂന്തോട്ടവും എല്ലാം...''

അവൾ സന്തോഷാതിരേകത്താൽ പുളകിതയായി. കിളികളെപ്പോലെ കൈരണ്ടും ആട്ടി മുന്നോട്ട് നടന്നു. ''ഓ, ഞാനൊരു കുരുവിയായിരുന്നെങ്കിൽ... പറക്കാൻ കഴിഞ്ഞെങ്കിൽ... അതാണെനിക്ക് വേണ്ടത്?''

ദിർഹമയും അവൾക്ക് പിന്നാലെ ഓടിച്ചെന്ന് ഭയത്തോടെ ചോദിച്ചു. ''ഭവതീ, എന്താണവിടന്ന് പറഞ്ഞത്?'' അവൾ ചോദ്യം ആവർത്തിച്ചു. നൂറുൽബുദൂർ അതുതന്നെ പറഞ്ഞുകൊണ്ടിരുന്നു. ''എനിക്ക് ഉയരത്തിൽ പറക്കണം, ദിർഹമ... ഈ പക്ഷികളെപ്പോലെ അങ്ങുയർന്നുയർന്ന് പറക്കണം. പക്ഷേ, അസാധ്യമല്ലേ കുമാരീ?'' പക്ഷികൾ പറക്കുന്നു, മനുഷ്യൻനടക്കുന്നു. ഇത് അല്ലാഹുവിനെറ സംവിധാനമല്ലേ. ആകാശത്ത് പറന്നുനടന്ന ഒരാളെപ്പറ്റിയും ഇതുവരെ നാം കേട്ടിട്ടില്ലല്ലോ.'' - പരിചാരിക പ്രതിവചിച്ചു.

''അങ്ങനെ പറയരുത് ദിർഹമ. തന്റെ ഈ ആഗ്രഹം പൂവണിയാതെ എനിക്ക് സമാധാനമില്ല.'' അവൾ പറഞ്ഞു. തന്റെ മകളുടെ ആഗ്രഹം കേട്ട രാജാവ് ഞെട്ടിത്തെറിച്ചു. രാജാവ് തന്റെ മന്ത്രിയോട് ഉപദേശം തേടി. വിഷണ്ണനായി മന്ത്രി പറഞ്ഞു: ''ഇതെങ്ങനെ സംഭവിക്കും?''

രാജകുമാരി ഊണും ഉറക്കവുമില്ലാതെ ദുഃഖിതനാണെന്ന് എനിക്കറിയാം. പക്ഷേ, ഇത് അസാധ്യമായ ഒന്നല്ലോ. അവളുടെ ചിന്തയെ മാറ്റിക്കളയുന്ന മറ്റെന്തെങ്കിലും അദ്ഭുത സമ്മാനങ്ങൾ നൽകിയാലോ?'' മന്ത്രി ചോദിച്ചു.

അതെല്ലാം ഞാൻ പറഞ്ഞുനോക്കി. പക്ഷേ, അവൾ വഴങ്ങുന്നില്ല. ഞാൻ അവളെ വല്ലാതെ സ്നേഹിച്ചു. അവൾക്ക് ഞാൻ സർവ വഴികളും തുറന്നിട്ടു. ഒരുനാൾ രാജ്യം ഭരിക്കാൻ അവൾക്ക് പ്രാപ്തിയുണ്ടാകട്ടെ എന്നാണ് ഞാനാശിച്ചത്. അവളെ ഞാൻ അതിയായി സ്നേഹിക്കുന്നു. അവളുടെ ഈ അവസ്ഥ എനിക്ക് സഹിക്കില്ല. രാജാവ് വിതുമ്പിക്കൊണ്ട് പറഞ്ഞു. ''എങ്കിൽ, രാജകുമാരിയുടെ ഈ ആഗ്രഹം സാധിപ്പിക്കാൻ ഒരു മത്സരം പ്രഖ്യാപിക്കാം. നല്ലൊരു സമ്മാനവും പ്രഖ്യാപിക്കും'' മന്ത്രി പറഞ്ഞു. ''പക്ഷേ, ഈ അസാധ്യമായതെങ്ങനെ സാധിക്കും?'' രാജാവ് ചോദിച്ചു. ''നമുക്ക് ശ്രമിക്കാം. അപ്പോൾ ഇത് അസാധ്യമെന്ന് കുമാരിയും മനസ്സിലാക്കട്ടെ'' മന്ത്രി പറഞ്ഞു.

അടുത്ത ദിവസം രാവിലെ എല്ലാ തുറയിലും പെട്ട ജനങ്ങളെക്കൊണ്ട് കൊട്ടാരം നിറഞ്ഞു. അവരിൽ പ്രഗത്ഭനായ തോൽപ്പണിക്കാരനുണ്ടായിരുന്നു. മൃദുലമായ തോലുകൊണ്ടുണ്ടാക്കിയ രണ്ടു ചിറകുകൾ അയാൾ കൊണ്ടുവന്നിരുന്നു. രാജകുമാരി ഉയർന്ന സ്ഥലത്തുനിന്ന് ചാടി അതിൽ കയറി പറക്കുക. ഇതായിരുന്നു അയാളുടെ തന്ത്രം. മന്ത്രി ഒരു കാവൽക്കാരനോട് അത് പരീക്ഷിക്കാൻ കല്പിച്ചു. അയാൾ ചാടി. പക്ഷേ, നടുവൊടിഞ്ഞ് താഴെ വീണു. മറ്റൊരാൾ രോമനിർമിതമായ ചിറക് കൊണ്ടുവന്നിരുന്നു. അതും പരീക്ഷിചചു. പക്ഷേ, ഫലം തഥൈവ. അവരിൽ ഒരു സിദ്ധനുണ്ടായിരുന്നു. അയാൾ തന്റെ മന്ത്രങ്ങൾ കൊണ്ട് രാജകുമാരിയെ പ്രീതിപ്പെടുത്താനെത്തിയതായിരുനനു. പക്ഷേ, മറ്റു വലിയ ശാസ്ത്രജ്ഞന്മാരെയും ചിന്തകരെയും പോലെ അയാളും പരാജയപ്പെട്ടു. രാജകുമാരി സങ്കടപ്പെട്ട് ഓടി അവളുടെ മുറിയിലേക്ക് പോയി. ഇതു കണ്ട രാജാവും മന്ത്രിയും വിഷണ്ണരായി. കരഞ്ഞുകൊണ്ട് മുറിയിലിരുന്ന രാജകുമാരി ജനാലക്കരികിൽ ഒരു അപരിചിത ശബ്ദം കേട്ടു. കുമാരി ജനാലക്കരികിലേക്ക് നീങ്ങി - അവിടെയതാ കടും കറുത്ത നിറത്തിലുള്ള ഒരു പക്ഷി ജനാലയുടെ ചില്ലുകളിൽ മുട്ടുന്നു, ചിറകുകൾ അടിക്കുകയും ചെയ്തു. ജനാല തുറന്നപ്പോൾ പെട്ടെന്ന് മുറിക്കുള്ളിൽ കയറിയ പക്ഷി ചിറകടിച്ച് പറന്നു, വട്ടംചുറ്റി കളിച്ചു. എന്നിട്ട് ചിറകുകൊണ്ട് ഒരടി അടിച്ചു. പെട്ടെന്ന് അതൊരു ഭൂതത്താനായി മാറി.

രാജകുമാരി പേടിച്ചുവിറച്ച് നിലത്തുവീണു. ഇടറിയ പേടിച്ചരണ്ട ശബ്ദത്തിൽ ചോദിച്ചു: ''ആരാണ് നീ'' ഇടിനാദം പോലുള്ള ശബ്ദത്തിൽ അയാൾ മറുപടി നൽകി: ''ഞാൻ അസാധ്യ സ്വപ്നങ്ങളുടെ ഭൂതത്താനാണ്. ആർക്കെങ്കിലും

ആഗ്രഹങ്ങൾ സാധിക്കാതെ വന്നാൽ ഞാൻ അവിടെ പ്രത്യക്ഷപ്പെടും. നീ എന്താണ് ഉദ്ദേശിക്കുന്നത്? നിന്റെ അസാധ്യമായ സ്വപ്നം ഞാൻ സാധിപ്പിച്ചു തരട്ടെയോ?'' അയാളുടെ ആകർഷണീയ സംസാരം കേട്ട് അല്പം മൗനം പാലിച്ചശേഷം അവൾ ചോദിച്ചു: ''എന്നെ പഠിപ്പിക്കാൻ നിങ്ങൾക്ക് കഴിയു മെന്നാണോ പറയുന്നത്?''

''അതെ, ഒരു കൊച്ചുകുരുവിയെപ്പോലെ ആകാശത്ത് പാറിനടന്ന് താഴെ യുള്ള കാഴ്ചകളെല്ലാം ചെറിയൊരു മിഠായിപോലെ നോക്കിക്കാണാം. നിന ക്ക് ആലോചിക്കാനും ഭാവിക്കാനും പോലും കഴിയാത്ത സുന്ദരക്കഴ്ചകൾ കാണാം'' ഭൂതത്താൻ മറുപടി നൽകി. മുറിയുടെ വാതിൽ തുറന്ന് ദിർഹമ അകത്തേക്ക് വന്നതും ഭൂതത്താനെ കണ്ടതും അവൾ വിളിച്ചുകൂവാൻ തുടങ്ങി. പക്ഷേ, നൂറുൽ ബുദൂർ അവളെ അടക്കിനിർത്തി. എന്നിട്ട് പറഞ്ഞു: ''നോക്കൂ ദിർഹമ, ഇത് അസാധ്യസ്വപ്നങ്ങളുടെ ഭൂതത്താനാണ്. എന്റെ ആഗ്രഹം സാ ധിപ്പിക്കാൻ വന്നതാണ്.'' ദിർഹമ പേടിച്ചുവിറച്ചുകൊണ്ട് പറഞ്ഞു: ''ഈ കോലം പേടിപ്പെടുത്തുന്നു. കണ്ടിട്ട് ഇത് നശിച്ച പിശാചാണെന്ന് തോന്നുന്നു.'' എന്നിട്ട് ഉറക്കെ വിളിച്ചുപറഞ്ഞു: ''പോ, ഭൂതമേ. ഞങ്ങൾക്ക് നിന്റെ ഒരു സഹായവും വേണ്ട. നിന്റെ മരണവും നാശവുമായി നീ പോവുക''. രാജകുമാരി നിലവി ളിച്ചു: ''കുറച്ചുകൂടി കാത്തുനിൽക്കൂ ദിർഹമ. ഇദ്ദേഹമെന്റെ ആഗ്രഹം സാധി പ്പിച്ചുതരും.''

''നിനക്ക് ഞാൻ ഇത് സാധിച്ചുതരാൻ നീ എനിക്കൊരു കാര്യം ചെയ്തു തരണം'' - ഭൂതം പറഞ്ഞു. ''അതെന്താണ്?'' കുമാരി ചോദിച്ചു.

''നിന്റെ അച്ഛന്റെ കിരീടം എനിക്ക് വേണം. പക്ഷേ, അത് അസാധ്യമാണ ല്ലോ. അത് പൂർവപിതാക്കളിൽനിന്ന് എന്റെ പിതാവിന് അനന്തരം കിട്ടിയ താണ്. അത് ആർക്കും കൈമാറ്റം ചെയ്യില്ല. എന്റെ കൈവശമുള്ള ഈ വസ്തു ക്കളെല്ലാമെടുത്തോളൂ. എന്നിട്ട് എനിക്ക് ആഗ്രഹം സാധിച്ചുതരൂ.'' കുമാരി പറഞ്ഞു.

എനിക്ക് അതൊന്നും ആവശ്യമില്ല. ആ കിരീടം മാറ്റം. ഇല്ലെങ്കിൽ കാര്യം നടക്കില്ല. നീ ആലോചിച്ചോളൂ. തീരുമാനമായാൽ എല്ലാ രാത്രിയിലും ചുവന്ന പാറക്കെട്ടിൽ കാടിന്റെയുള്ളിൽ എന്റെ ചെറിയ സായൂജ്യത്തിൽ കാത്തിരിക്കാം. നിന്റെ കൂടെ കിരീടമുണ്ടെങ്കിൽ നിന്റെ ആഗ്രഹം ഞാൻ സാധിച്ചുതരും.''

എന്നിട്ട് ഭൂതത്താൻ ഒരു ശബ്ദമുണ്ടാക്കി. പഴയ പക്ഷിപ്പോലെ രൂപം മാറി പറന്നുപോയി. ഇതെല്ലാം കണ്ടുനിന്ന ദിർഹമ പേടിച്ച് നിലവിളിച്ചു.

''അവനെ വിശ്വസിക്കരുത് കുമാരീ. അവൻ ചതിയനായ ഭൂതമാണ്. രാജാ വിന്റെ സ്ഥാനം തട്ടിയെടുക്കാനുള്ള തന്ത്രമാണിത്.''

മറുപടിയൊന്നും പറയാതെ കുമാരി അവളുടെ മെത്തയിൽ ഭൂതത്താൻ പറഞ്ഞതെല്ലാം ആലോചിച്ചുകൊണ്ട് കിടന്നു. ഈയൊരു കാര്യം എങ്ങനെ സാധിക്കും? ദിവസങ്ങൾ പലതും കഴിഞ്ഞു. രാജാവ് തന്റെ മകളുടെ ആഗ്ര ഹത്തിന്റെ കാര്യം തന്നെ മറന്നു. അവൾ കൂടുതൽ വാശികള ഉപേക്ഷിച്ചു.

അങ്ങനെ കുമാരിയുടെ പിറന്നാൾ ദിനമെത്തി. പട്ടണത്തിന്റെ നാലുപാടും അലങ്കാരങ്ങളും ആഘോഷങ്ങളും കൊണ്ട് നിറഞ്ഞു. എല്ലാവരും സന്തോഷ ത്തിലാണ്. രാജ്യത്തിന്റെ നാനാ ദിക്കിൽനിന്നും സമ്മാനങ്ങളും പാരിതോഷി കങ്ങളും എത്തി.

ആഘോഷ പരിപാടികൾ അന്ത്യത്തിലേക്കടുത്തപ്പോൾ രാജാവ് മകളുടെ അടുത്തെത്തി. അവളുടെ നെറ്റിയിൽ സ്നേഹത്തോടെ ചുംബിച്ചിട്ട് പറഞ്ഞു: ''എന്റെ സമ്മാനമെന്തെന്ന് കാണണോ?''

കുമാരി പുഞ്ചിരിച്ചുകൊണ്ട് തന്റെ പിതാവിനൊപ്പം അടച്ചുപൂട്ടിയ ഒരു റൂമിനു മുന്നിലെത്തി. പാറാവുകാരെ ഒഴിവാക്കിയ സേഷം രാജാവ് മകളോട് പറഞ്ഞു: ''നിനക്ക് 15 വയസ്സായി. അതുകൊണ്ട് നമ്മുടെ ഈ രാജ്യത്തിന്റെ ചില രഹസ്യങ്ങൾ നിനക്ക് പറഞ്ഞുതരാം.''

''നമ്മുടെ രാജ്യത്തിന് ഞാനറിയാത്ത രഹസ്യങ്ങളുണ്ടോ'' - കുമാരി ചോദിച്ചു. ''അതെ. കുട്ടീ, അത് കിരീടത്തിന്റെ രഹസ്യമാണ്.'' തലയിൽനിന്ന് കിരീടം കൈയിലെടുത്തുകൊണ്ട് രാജാവ് പറഞ്ഞു.

പണ്ടുനാൾ മുതൽ എന്റെ പൂർവപിതാക്കൾ മുഴുവൻ കൈമാറിവന്ന കി രീടമാണിത്. ഇത് മാന്ത്രിക കിരീടമാണ്. ഇത് നമ്മുടെ മുത്തച്ഛന് ഒരു ഭൂതത്താൻ പണിതുകൊടുത്തതാണിത്. ഈ കിരീടത്തിന്റെ മാന്ത്രികശക്തിയിൽ എല്ലാ ശത്രുവിനെയും തകർക്കാൻ നമുക്ക് കഴിഞ്ഞു. ഈ രാജ്യത്തിന് നീതിയും സമാധാനവും കിട്ടാൻ വേണ്ടി പലതും ചെയ്യാൻ സാധിച്ചു. പക്ഷേ, ഇത് നിർ മിച്ച ആ ഭൂതത്താൻ ഭരണകാര്യങ്ങളിൽ ഇടപെട്ട് ഇവിടെ അക്രമങ്ങൾ നട ത്താൻ ശ്രമിച്ചു. അത് മുത്തച്ഛൻ അനുവദിച്ചില്ല. അവനെ കാട്ടിനുള്ളിൽ ഒരു മുറിയിൽ അടച്ചിട്ടിരിക്കുകയാണ്. ഈ കിരീടം സൂക്ഷിക്കണമെന്ന് മുത്തച്ഛൻ തന്റെ മകന് നിർദേശം കൊടുത്തു. അത് തൊടാൻ നമ്മുടെ രക്തത്തിൽ പിറ ന്നവർക്കേ സാധിക്കൂ. മറ്റാരെങ്കിലും തൊട്ടാൽ ആ നിമിഷം അവൻ നശിക്കും. അങ്ങനെ നൂറുളിയാഅ് എന്ന എന്റെ പിതാവിന്റെ മരണശേഷം ഇതെനിക്ക് കിട്ടി. അല്ലാഹു എനിക്ക് മറ്റ് സന്താനങ്ങളെ തരാത്തതിനാൽ നമ്മുടെ രക്തത്തിൽ പിറന്നത് നീ മാത്രമാണ്.

മുത്തുരത്നങ്ങൾ പതിച്ച കിരീടത്തിലേക്ക് അവളൊന്ന് നോക്കി. രാജാവ് സംസാരം തുടർന്നു. അതുകൊണ്ട് ഈ ഉത്തരവാദിതം ഏറ്റെടുക്കാൻ നീ ബാധ്യസ്ഥയാണ്. നിന്നെപ്പോലെ ഒരു പെൺകുട്ടിക്ക് എത്രത്തോളം അത് ബുദ്ധിമുട്ടാണെന്ന് എനിക്കറിയാം. എന്റെ മരണശേഷമാണ് അത് ഞാൻ നി ന്നെ ഏൽപ്പിക്കുക. പക്ഷേ, ഇപ്പോൾ ഞാൻ ഒരു ദീർഘയാത്ര നടത്താൻ ആഗ്രഹിക്കുന്നു. അതുവരെ നീ ഇത് സൂക്ഷിക്കണം.

കുമാരി ചിരിച്ചുകൊണ്ട് കൈകൾ നീട്ടി അതിൽ തൊട്ടു. അത് മിന്നിത്തി ളങ്ങി. രാജാവ് അത് അവളുടെ തലയിൽ വെച്ചുകൊടുത്തു. നിന്റെ പിതാക്ക ളെപ്പോലെ നീതിമാനായ ഒരു ഭരണാധികാരിയാവണമെന്ന് ഞാൻ ആഗ്രഹി ക്കുന്നു. നീ ഈ കിരീടം സുരക്ഷിതമായ സ്ഥലത്ത് സൂക്ഷിക്കണം. എന്നെങ്കിലും

നീ എന്റെ മരണവാർത്തയറിഞ്ഞാൽ അന്ന് നീ ഇത് തലയിൽ ധരിക്കണം. നിനക്കറിയാത്ത പല രഹസ്യങ്ങളും അന്ന് നിനക്ക് വെളിപ്പെടും. അന്ന് നിനക്ക് വലിയൊരു രഹസ്യം മനസ്സിലാകും. അതെന്താണ് പിതാവേ? അവൾ ചോദിച്ചു. ഇത് നീ ആർക്കെങ്കിലും കൊടുത്താൽ അവൻ ഈ രാജ്യത്തിന്റെ ഭരണാധികാരി ആയിത്തീരും. ദുഃഖിതയായ കുമാരി കിരീടം വാങ്ങി തന്റെ പട്ടുകുപ്പായത്തിൽ ഒളിപ്പിച്ചു. അതുമായി അവൾ തന്റെ റൂമിലേക്ക് പോയി ആലോചന തുടങ്ങി.

കുറേ ദിവസങ്ങൾക്കുശേഷം രാജാവ് യാത്രപോയി. മന്ത്രി ഭരണകാര്യങ്ങൾ ശ്രദ്ധിച്ചു. കുമാരി തന്റെ മാന്ത്രിക കിരീടം രഹസ്യമായി സൂക്ഷിച്ചു. ദിർഹമയല്ലാതെ മറ്റാരും വിവരമറിഞ്ഞില്ല.

പൂന്തോട്ടത്തിൽ തനിച്ചിരുന്ന് കുമാരി ആലോചന തുടങ്ങി. ഈ കിരീടം നഷ്ടപ്പെടുത്താതെ എങ്ങനെ പക്ഷികളെപ്പോലെ പറന്നു നടക്കാം. ദുഃഖിതയായ കുമാരിയെ കണ്ട് ദിർഹമയ്ക്ക് കടുത്ത വിഷമം തോന്നി. കൈനോട്ടക്കാരി ഷഈലയുടെ അടുത്തേക്ക് പോകാമെന്ന് ദിർഹമ ഉപദേശിച്ചു. കുമാരി സമ്മതിച്ചു.

വൃദ്ധയായ മന്ത്രവാദിനി താമസിക്കുന്ന വസതിയിലേക്ക് രാവിലെ തന്നെ രണ്ടാളും പോയി. കുമാരിയോട് ദിർഹമ പറഞ്ഞു: ''കുമാരീ, ഈ മന്ത്രവാദിനി നല്ലവളോ മോശക്കാരിയോ അല്ല. ഇത് രണ്ട് സ്വഭാവവും കാണിക്കുന്നവരെ എനിക്ക് ഇഷ്ടമല്ല. നന്മ തെളിഞ്ഞ ശുദ്ധജലം പോലെയാണ്. തിന്മയുടെ ചെറിയൊരു തുള്ളി അതിനെ കേടുവരുത്തും. അവൾ പറയുന്നതൊക്കെ കേട്ടോളൂ. പക്ഷേ, അതെല്ലാം ചെയ്യേണ്ടതില്ല.'' കുമാരി പറഞ്ഞു: ''അതെനിക്കറിയാം. അവളുടെ മാന്ത്രിക പളുങ്ക് എന്തു പറയുന്നു എന്നു മാത്രം ഞാൻ കേൾക്കും. രണ്ടുപേരും ദഹയിൽ പ്രവേശിച്ചു. മന്ത്രവാദിനി അതിനുള്ളിൽ തന്റെ മാന്ത്രിക പളുങ്കിൽ നോക്കിയിരിക്കുന്നു. അവരെ അവൾ ശ്രദ്ധിച്ചില്ല. അവൾ പറഞ്ഞു: ''വരൂ... ഇരിക്കൂ. അതെ ദിർഹമ, ഞാൻ നല്ലവളും ചീത്തയുമല്ല. ഞാൻ എന്റെ നന്മയെ തിന്മയുടെ തുള്ളി കൊണ്ട് കേടുവരുത്തി. പക്ഷേ, അത് ഞാൻ മന്ത്രവാദിനി ആയതിന്റെ പ്രതിഫലമാണ്.'' രാജകുമാരിയെ നോക്കിക്കൊണ്ട് അവൾ ചോദിച്ചു. ''എന്താണ് ഭവതിക്ക് വേണ്ടത്?'' എന്റെ ആഗ്രഹം എങ്ങനെ സാധിക്കുമെന്ന് എനിക്കറിയണം. അവൾ പറഞ്ഞു. മന്ത്രവാദിനി ഉറക്കെ ചിരിച്ചു. കുറേ മന്ത്രങ്ങൾ ഉരുവിടാൻ തുടങ്ങി.

''എന്താണിത്? സ്വർണത്തിലും വെള്ളിയിലും മുങ്ങിക്കിടക്കുന്ന കുമാരി പറക്കാൻ ആഗ്രഹിക്കുന്നു. ഇത് അപകടം പിടിച്ച പണിയാണ്. വിധിയിൽ നിന്ന് ഓടിപ്പോകാനാകില്ല.''

എന്നിട്ട് മന്ത്രവാദിനി ചിരിച്ചുകൊണ്ട് - ''കുറേ വർഷങ്ങൾക്കുശേഷം നിങ്ങളുടെ അനന്തരവൾ പറക്കാൻ തുടങ്ങും. പക്ഷേ, ഇപ്പോൾ ഭൂതസഹായമില്ലാതെ ഇത് സാധ്യമല്ല. ഒരേ ഒരു വഴി മാത്രമാണിവിടെയുള്ളത്.'' ചിരിച്ചുകൊണ്ട് കുമാരി ചോദിച്ചു: ''അതെന്താണ് മന്ത്രവാദിനീ?'' അവൾ പറഞ്ഞു:

''സുന്ദരീ, അത് ഒരു തന്ത്രം പ്രയോഗിച്ചാണ്. പറയുന്നത് കേൾക്കൂ. ആർക്കും കഴിയാത്തത് നിന്റെ കൈകൾക്ക് നേടാനാകും. നിനക്ക് ഞാൻ വഴി പറഞ്ഞു തരാം.''

സന്തോഷം കൊണ്ട് രാജകുമാരി തുള്ളിച്ചാടി. ''മനസ്സിലായി. പക്ഷേ, ഒരു ചോദ്യമുണ്ട്. എനിക്ക് ആ ചെങ്കല്ലെവിടെയെന്നോ കാടിന്റെ വഴിയോ അറിയില്ല. ഞാൻ എവിടെയും അത് കണ്ടിട്ടില്ല.''

മന്ത്രവാദിനി ചിരിച്ചുകൊണ്ട് പറഞ്ഞു: ''അതാർക്കും വ്യക്തമല്ല. അത് കാണാൻ ഉദ്ദേശിച്ചുപോകുന്നവർക്കേ അത് കാണാൻ കഴിയൂ. നന്ദി. എന്താണിപ്പോൾ ചെയ്യേണ്ടതെന്ന് എനിക്ക് മനസ്സിലായി.'' മന്ത്രവാദിനിയുടെ വാക്കുകളിൽനിന്ന് മനസ്സിലായത് നടപ്പാക്കാനുള്ള നിശ്ചയത്തിൽ കുമാരി അവിടെ നിന്നിറങ്ങി നടന്നു; അവൾക്കു പിറകിൽ ദിർഹമയും. വളരെ ദുഃഖിതയായിരുന്നു. വളരെ ദുഃഖിതയായിന്ന അവളെ മന്ത്രവാദിനിയുടെ അടുത്ത് കൊണ്ടുപോകരുതായിരുന്നു എന്നാണ് അവൾ ചിന്തിച്ചത്. പക്ഷേ, സന്തോഷവതിയായ കുമാരി പറഞ്ഞു: ''ദിർഹമ, നീയാണ് എന്റെ സന്തോഷത്തിന്റെ കാരണക്കാരി. ഈ കിരീടം കൈവിടാതെ എന്റെ ആഗ്രഹം സഫലീകരിക്കാൻ എനിക്ക് കഴിയും. മന്ത്രവാദിനി പറഞ്ഞത് നീ കേട്ടില്ലേ. ഞാൻ കിരീടവുമായി ഭൂതത്താന്റെ അടുത്ത് പോയിട്ട് എന്റെ ആഗ്രഹം സാധിച്ചുതരാൻ പറയുക. അങ്ങനെ പറക്കാൻ കഴിവുകിട്ടുമ്പോൾ കിരീടം കൊടുക്കാതെ അതുമായി ഓടിപ്പോവുക. ഇത് നല്ല ഒരു ആശയമല്ലേ?''

ദിർഹമ പേടിച്ചുകൊണ്ട് പറഞ്ഞു: ''നീ ചെയ്യുന്നതിന് എന്റെ പിന്തുണയില്ലെങ്കിലും ഞാനും കൂടെ വരാം. കുമാരിയെ തനിച്ചയക്കാൻ എനിക്കാവില്ല.'' ''നന്ദി ദിർഹമ. പൂർണചന്ദ്രന്റെ വെളിച്ചത്തിൽ ഇന്ന് നമുക്ക് പോകാം'' കുമാരി പറഞ്ഞു. പേടിച്ചു വിറച്ച ദിർഹമ പിറുപിറുത്തു. രണ്ടോ മൂന്നോ ദിവസങ്ങൾക്കുശേഷം പുറപ്പെടും. ദിർഹമ അവിടെ നിന്നും പോയി.

മൂന്നുനാൾ കഴിഞ്ഞശേഷം പൂർണചന്ദ്രനുള്ള രാത്രിയെത്തി. അന്ന് അർധരാത്രിയിൽ, തന്റെ കൊട്ടാരത്തിൽ പട്ടിൽ പൊതിഞ്ഞ തന്റെ കിരീടം പുറത്തെടുത്തു. പക്ഷേ, അതിലെ പച്ച മുത്ത് മുമ്പത്തേതുപോലെ തിളങ്ങിയില്ല. രാജകുമാരി അദ്ഭുതപ്പെട്ടു. അത് തന്റെ വസ്ത്രങ്ങൾക്കുള്ളിൽ മറച്ചുവെച്ച് അവൾ പുറത്തിറങ്ങി. ഒന്നും പറയാതെ ദിർഹമ കൂടെ നിന്നു. വനമധ്യത്തിലെ ആ ഗുഹ ലക്ഷ്യമാക്കി അവർ പോയി.

രാജകുമാരി പറഞ്ഞു: ''പേടിക്കേണ്ട ദിർഹമ. നമുക്ക് വഴി പിഴക്കില്ല. പെട്ടെന്ന് മുന്നിൽ ഭീമാകാരനായൊരു പക്ഷി പ്രത്യക്ഷപ്പെട്ടു. ആ പക്ഷി കിഴക്കു ഭാഗത്തേക്ക് പറന്നുപോയി. കുമാരി തന്റെ കുതിരയെ ആ ഭാഗത്തേക്ക് പായിച്ചു. കുറച്ച് യാത്ര ചെയ്തപ്പോഴേക്കും അകലെ ചെറിയ പ്രകാശം കണ്ടു. ആ ദിശയിലേക്ക് അവൾ സഞ്ചരിച്ചു. അപ്പോഴേക്കോ, ആ പ്രകാശം ചെറിയൊരു കൂരയിൽനിന്നാണ് വരുന്നത്. ആ വലിയ പക്ഷി കൂരയുടെ വാതിൽ തുറന്നു. അവൾ ദിർഹമയോടൊപ്പം കുതിരപ്പുറത്തു നിന്നിറങ്ങി തുറന്നുകിടന്ന വാതി

ലിലൂടെ അകത്തുകടന്നു. അകത്ത് മെലിഞ്ഞ, മുഷിഞ്ഞ വസ്ത്രങ്ങൾ ധരിച്ച നിലത്തിരിക്കുന്ന ഒരു വയസ്സനായ മനുഷ്യന്റെ തോളത്ത് ആ പക്ഷി ഇരിക്കുന്നു. അയാൾക്കു മുന്നിൽ കുറേ തിളങ്ങുന്ന ചെറുപ്രാണികളും ഉണ്ട്. രാജകുമാരിയുടെ വരവറിഞ്ഞ അയാൾ അവൾക്കുനേരെ നോക്കി. അതു കണ്ട് രണ്ടുപേരും പേടിച്ചുവിറച്ചു.

''സ്വാഗതം. ഞാൻ ഇവിടുത്തെ വഴിനിർദേശകനാണ്. എവിടേക്കാണ് നിങ്ങൾക്ക് പോകേണ്ടത്?''

''ഞങ്ങൾക്ക് കറുത്ത കാട്ടിലെത്തണം.'' കുമാരി പറഞ്ഞു. ''അതിനുള്ളിൽ ഞങ്ങൾക്ക് ചുവന്ന പാറക്കൂട്ടത്തിൽ പോകണം.''

''അവിടെ നിങ്ങൾ എന്ത് വാങ്ങാൻ പോകുന്നു.''

''ഒന്നും വാങ്ങുന്നില്ല.''

''പിന്നെ എന്ത് വിൽക്കാൻ?''

''ഒന്നും വിൽക്കാനല്ല.''

''പിന്നെ എന്തിന് പോകുന്നു?''

''കുറഞ്ഞ വസ്തുക്കൾക്കു പകരം വിലപിടിപ്പുള്ളവ വാങ്ങാനും മറ്റുമല്ലാതെ ആരും അവിടെ പോകാറില്ല.''

കുമാരി ചിരിച്ചകൊണ്ട് പറഞ്ഞു: ''എനിക്ക് നിങ്ങൾ വഴികാണിച്ചാൽ മാത്രം മതി.''

വൃദ്ധൻ ചിരിച്ചുകൊണ്ട് പറഞ്ഞു: ''നമ്മുടെ ആഗ്രഹങ്ങൾ നമ്മെ സത്യാവസ്ഥയിൽനിന്നും മാറ്റിനിർത്തുന്നു. നിനക്കു മുന്നിൽ ഞാനൊരു ഉദാഹരണമാണ്. ഇവിടെ ഈ പ്രാണികളെയല്ലാതെ എനിക്ക് കാണാൻ കഴിയില്ല. ഇത് എന്റെ അഹങ്കാരത്തിനുള്ള ശിക്ഷയാണ്. അതുകൊണ്ട് നന്നായി ചിന്തിക്കൂ കുമാരീ...''

''അതെ. നിങ്ങൾ വഴി പറഞ്ഞുതരൂ. പ്രഭാതത്തിനു മുമ്പേ എനിക്ക് അവിടെ എത്തണം.''

''അത് ദൂരെയൊന്നുമല്ല. ഇവിടേക്കുള്ള വഴിയിൽ നീ ഒരു പഴയ കിണർ കണ്ടില്ലേ?''

''അതെ, കണ്ടു.''

''അതാണ് വഴി. അവിടെ ചെന്നിട്ട് നിന്റെ കുതിരയെ അതിന്റെ തൊട്ടിയിൽ കെട്ടി അതിനുള്ളിലിരുന്ന് കിണറ്റിനുള്ളിലിറങ്ങുക.''

അത്രയും പറഞ്ഞ് അയാൾ നിർത്തി. എന്നിട്ട് തന്റെ പ്രാണികളിലേക്ക് നോക്കി. ''എത്ര മാത്രം നിങ്ങളെ കാണാന ഞാൻ ആഗ്രഹിച്ചു. ഇപ്പോൾ നിങ്ങളെ നോക്കുന്നത് എനിക്ക് വെറുപ്പാണ്. പക്ഷേ, നിങ്ങളെ വിട്ടുപോകാൻ എനിക്ക് കഴിയുന്നില്ല. എന്റെ ജീവിതാവസാനം വരെയുള്ള വിധി ഇതാണ്.'' പിന്നീട് അയാൾ വാവിട്ടു കരയാൻ തുടങ്ങി.

രാജകുമാരിയും ദിർഹമയും സന്തോഷത്തോടെ മുന്നോട്ടു പോയി.

''എന്താണിനി കുമാരീ, നിങ്ങൾ കിണറ്റിലിറങ്ങുകയോ? നിങ്ങൾക്കത് സാധ്യമല്ല. അത് ഭവതിയെ നശിപ്പിച്ചുകളയും. നമുക്ക് വേഗം തിരിച്ചുപോകാം'' -ദിർഹമ പറഞ്ഞു.

രാജകുമാരി മറുപടിയൊന്നും പറയാതെ കിണറ്റിനരികിലേക്ക് പോയി. പിന്നീട് പറഞ്ഞതുപോലെയെല്ലാം ചെയ്തു. എന്നിട്ട് ദിർഹമയോട് പറഞ്ഞു: ''എന്താണിവിടെ കാത്തിരിക്കുന്നതെന്ന് എനിക്കറിയില്ല. നിനക്ക് ഇവിടെ കാത്തുനിൽക്കാം. അവിടേക്ക് വരണമെന്നില്ല.''

വിതുമ്പിക്കൊണ്ട് ദിർഹമ പറഞ്ഞു: ''ഭവതിക്കറിയില്ല, എനിക്ക് നിങ്ങളെ പിരിയാനാകില്ലെന്ന്. എന്നു മാത്രമല്ല, എന്റെ സ്വന്തം ശരീരത്തേക്കാൾ ഭവതിയുടെ കാര്യത്തിലാണെനിക്ക് പേടി. അതുകൊണ്ട് കുമാരി ഇവിടെ നിൽക്കൂ. ഞാൻ പോയി ഈ പഴയ കിണറിന്റെ ഉള്ളിൽ എന്താണെന്ന് അന്വേഷിച്ചുവരാം.''

രാജകുമാരി ദിർഹമയോട് പറഞ്ഞു: ''നീ ഈ കാലത്തിന്റെ സംഭാവനയാണ്. പക്ഷേ, ഇപ്പോൾ ഞാൻ തനിയെ പോകാം. ഈ സാഹസികതയിൽ നിനക്ക് ഒരു കുറ്റവുമില്ല.''

എന്നിട്ടവൾ തൊട്ടിയുടെ ഉള്ളിൽ കയറി. ഒന്നും ചിന്തിക്കാതെ ദിർഹമയും അവൾക്ക് പിന്നാലെ ചാടി. പെട്ടെന്ന് കുറേ മീറ്ററുകൾ താഴേക്ക് തൊട്ടി ഇറങ്ങി. അവർ രണ്ടാളും പരസ്പരം കെട്ടിപ്പിടിച്ചിരുന്നു. അങ്ങനെ തൊട്ടി നിലത്തിറങ്ങി. രണ്ടാളും പതിയെ എഴുന്നേറ്റു. പുറത്തേക്ക് നോക്കി. അപ്പോഴതാ അവർ ഒരു കാടിനു നടുവിലാണ്. എല്ലാം കറുപ്പുനിറം. രണ്ടുപേരും വളരെ ഭയത്തോടെ നടന്നുനീങ്ങി. വഴിയിൽ മുഴുവനും ഇരുട്ട്. എല്ലാ വഴിയും ഒരുപോലെ.

ദിർഹമ പറഞ്ഞു: ''കുമാരീ, നമുക്ക് മടങ്ങാം. പേടിച്ചിട്ട് എനിക്ക് നടക്കാൻ വയ്യ.''

ദിർഹമ പേടിച്ചുവിറച്ച് നടക്കാൻ തുടങ്ങി. ദിർഹമ മുന്നിലുള്ള എന്തിലേക്കോ ചൂണ്ടിക്കാണിച്ചു. അതൊരു ഭയപ്പെടുത്തുന്ന കാഴ്ചയായിരുന്നു. തീക്കട്ട പോലെ ചുവന്ന ഒരു ഭയങ്കരൻ കല്ലായിരുന്നു അത്. ഒരു വലിയ മുറിയുടെ വലിപ്പമുണ്ടതിന്. സുന്ദരമായി കത്തിനിൽക്കുന്ന കുറേ വിളക്കുകൾ അതിനു ചുറ്റുമുണ്ടായിരുന്നു.

''ഇതാണ് ചുവന്ന കല്ല്'' - കുമാരി വിളിച്ചുപറഞ്ഞു. ''ഇതാണ് നമ്മുടെ ലക്ഷ്യം.'' പേടിച്ചുവിറച്ച ദിർഹമയുടെ കൈയും പിടിച്ച് കുമാരി ആ കല്ലിനടുത്തേക്ക് നടന്നു.

അവിടെ എത്തിയപ്പോഴേക്കും കാഴ്ച അവൾക്ക് വ്യക്തമായി. അവിടെ കണ്ട വിളക്കുകൾ വലിയ വലിയ കല്ലുകൾ പോലെയുള്ള ഇഴഞ്ഞുനടക്കുന്ന പാമ്പുകളുടെ കണ്ണുകളായിരുന്നു. കുമാരി അടുത്തെത്തിയപ്പോഴേക്കും കടന്നുപോകാൻ പാമ്പുകൾ അവർക്ക് വഴി നിർദേശിച്ചുകൊടുത്തു. സമാധാനത്തോടെ അവളതിൽ കയറി. അതാ, അവിടെയൊരു നീചമായ സിംഹാസനത്തിൽ ഭൂതത്താനിരിക്കുന്നു. അയാളുടെ വലതുഭാഗത്ത് ചെറിയൊരു കിണറ്റിൽനിന്ന് തീജ്വാലകൾ ഉയരുന്നു. ഇടതുഭാഗത്ത് ഒരു വലിയ കൂടു

നിറയെ കറുത്ത എലികൾ. അവകൾ ഇളകിമറിയുന്നു.

ഈ കാഴ്ച കണ്ട് പേടിച്ച കുമാരി നിലത്ത് മുട്ടുകുത്തി ഇരുന്നു. അപ്പോഴാണ് ഇടിമുഴക്കം പോലെ ഭൂതത്താന്റെ ശബ്ദം – ''നൂറുൽ ബുദൂർ രാജകുമാരിക്ക് സ്വാഗതം. നിങ്ങളുടെ സൗന്ദര്യം ഈ ഇരുണ്ട വനത്തെ പ്രകാശപൂരിതമാക്കിയിരിക്കും. ഞാൻ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. നിങ്ങൾ നമ്മുടെ കരാർ സമ്മതിച്ചെന്ന് കരുതുന്നു.''

ദുഃഖത്തോടെയും അതിലേറെ ആവേശത്തോടെയും കുമാരി പറഞ്ഞു: ''അതെ. നിങ്ങൾ ആവശ്യപ്പെട്ടതുമായിട്ടാണ് ഞാൻ വന്നത്. പക്ഷേ, ആദ്യം എന്റെ ആഗ്രഹം നടത്തിത്തരിക. എന്നിട്ട് നിങ്ങൾക്ക് ഞാൻ കിരീടം തരാം.''

ഒരു ചിരിചിരിച്ച് ഭൂതത്താൻ ചോദിച്ചു: ''എന്താണ് ആഗ്രഹം കുമാരീ?''

''അത്... എന്നെ പറക്കാൻ സഹായിക്കുക.''

''നമ്മുടെ കരാർ നിങ്ങൾ മറന്നുവോ?'' – ഒന്നുകൂടെ ഉറക്കെ ചിരിച്ചിട്ട് ഭൂതത്താൻ പറഞ്ഞു.

എന്നിട്ട് പരിഹസിച്ചുകൊണ്ട് പറഞ്ഞു: ''ഓ കുമാരീ, ഒരു മനുഷ്യജീവിക്ക് പക്ഷികളെപ്പോലെ പറക്കാൻ കഴിയുമോ?''

പേടിച്ചുവിറച്ച് കുമാരി പറഞ്ഞു: ''അത് ഒരു അസാധ്യമായ ആഗ്രഹമാണെന്ന് എനിക്കറിയാം. പക്ഷേ, തനിക്ക് അതിന് സാധിക്കുമെന്നും അത് സാധിപ്പിച്ചുതരാമെന്നും എന്നോട് വാഗ്ദാനം ചെയ്തില്ലേ?''

തന്റെ തേറ്റകൾ പുറത്തു കാട്ടിയിട്ട്, പെരുമ്പാമ്പിനെപ്പോലെ ചീറ്റിക്കൊണ്ട് ഭൂതം പറഞ്ഞു: ''ഒരു മനുഷ്യൻ തനിക്ക് പ്രാപ്യമല്ലാത്തത് ആഗ്രഹിക്കരുത്. അങ്ങനെ ആഗ്രഹിച്ചാൽ തന്റെ വിലപിടിപ്പുള്ള പലതും നഷ്ടപ്പെടുത്തേണ്ടി വരും. ഇത് നോക്കൂ, ഈ കാണുന്ന എലികൾ മുഴുവനും രാജകുമാരന്മാരും പ്രഭുക്കളുമാണ്. അസാധ്യമായത് ആഗ്രഹിച്ചവർ. അല്ലെങ്കിൽ അർഹമല്ലാത്തത് ആഗ്രഹിച്ചവർ. അങ്ങനെ അവർ എന്നോട് കരാർ നടത്തി. ഞാൻ വിലപിടിപ്പുള്ളതല്ലാതെ ചോദിക്കില്ല. അത് പൂർത്തിയാക്കാൻ കഴിയാത വരുമ്പോൾ ഇതാകും അവരുടെ അവസ്ഥ.''

''നീ സുന്ദരിയായ കുമാരി, ലഭ്യമായതിൽ വെച്ചേറ്റവും വിലപിടിപ്പുള്ള ഒന്നിനു പകരം നീ എന്നോട് തന്റെ തലയിലുദിച്ച ഒരു അസാധ്യ ആഗ്രഹം ചോദിച്ചു.''

പിന്നോട്ട് മാറി കുമാരി പറഞ്ഞു: ''അപ്പോൾ നീ എന്നെ ചതിക്കുകയായിരുന്നു. അല്ല, നീ നിന്നെത്തന്നെ ചതിച്ചു.''

''നീ നിന്റെ രാജ്യം നഷ്ടപ്പെടുത്തി.''

രണ്ടു കൈയും കൊണ്ട് കിരീടത്തിൽ മുറുകെപ്പിടിച്ച് കുമാരി പറഞ്ഞു: ''എന്നാൽ ഈ കിരീടത്തിൽ തൊടാൻ നിനക്ക് കഴിയില്ല. അത് നിനക്കറിയില്ലേ?''

പരിഹാസ രൂപേണ ഭൂതത്താൻ പറഞ്ഞു: ''നീ ജനിക്കുന്നതിനും മുന്നേ എനിക്കറിയാം. ഈ കിരീടം നിർമിച്ചത് എന്റെ അച്ഛനാണ്. ഞാൻ ആ കിരീട

ത്തിന്റെ രഹസ്യമറിയുന്നവനാണ്. അത് കൈവശപ്പെടുത്തുമെന്ന് ഞാൻ സത്യം ചെയ്തതാണ്. ഈ ദിവസത്തിനായി ഞാൻ കാത്തിരിക്കുകയായിരുന്നു. നിന്റെ പിതാക്കന്മാർ പലരെയും ഞാൻ ചതിക്കാൻ ശ്രമിച്ചു. പക്ഷേ, അവരെല്ലാം നിന്നെക്കാൾ തന്ത്രശാലികളായിരുന്നു. അവർ അത് കാത്തുസൂക്ഷിച്ചു. ഇപ്പോൾ ഇത് ഞാൻ കൈവിടില്ല.''

ദിർഹമയുടെ തട്ടത്തിൽ കയറിപ്പിടിച്ചുകൊണ്ട് ഭൂതത്താൻ ഭീഷണി സ്വരത്തിൽ പറഞ്ഞു: ''ഒന്നുകിൽ കിരീടം തരിക. ഇല്ലെങ്കിൽ നിന്റെ സുന്ദരിയായ ഈ പരിചാരികയെ ഞാൻ തീയിലെറിയും. എന്നാൽ അവൾ എനിക്കിന്ന് നല്ലൊരു അത്താഴത്തിന് വകയാകും.''

രാജകുമാരി വാവിട്ടു കരഞ്ഞു. തോഴിയായ ദിർഹമയെ തീയിലെറിയാൻ ഭൂതത്താൻ തീരുമാനിച്ചു. പേടിച്ചുവിറച്ച് കരയുന്ന തന്റെ തോഴിയെ രാജകുമാരി നോക്കി. ഭൂതത്തിന്റെ അടുത്തെത്തി കിരീടവുമായി അവൾ അയാളിലേക്ക് കൈനീട്ടി. ചിരിച്ചുകൊണ്ട് ഭൂമി കുലുങ്ങുന്ന ശബ്ദത്തിൽ ഭൂതത്താൻ വിളിച്ചുപറഞ്ഞു:

''അവസാനം... ഇതാ ഈ രാജ്യം എന്റെ അവകാശമാകാൻ പോകുന്നു. ഈ ഇരുണ്ട കാട് ഉപേക്ഷിച്ച് ഞാൻ സുന്ദരമായ കൊട്ടാരത്തിൽ വസിക്കും. ജനങ്ങളുടെ സ്വത്തും സ്വർണവുമെല്ലാം ഞാൻ എന്റെ ഖജനാവിൽ കൂട്ടും. ഈ കിരീടശക്തികൊണ്ട് നിങ്ങൾ ചെയ്തതിനെല്ലാം പ്രതികാരം ഞാൻ ചെയ്യും.''

ഉറക്കെയുറക്കെ രാജകുമാരി പൊട്ടിക്കരഞ്ഞു. ''എന്റെ നാശമേ! എന്താണ് ഞാൻ ചെയ്തത്? എന്റെ പിതാവിനെയും രാജ്യത്തെയും ഞാൻ നശിപ്പിച്ചു. ഈ ശാപത്തിനു കാരണം ഞാൻ തന്ന. എന്റെ അസാധ്യമായ ആഗ്രഹങ്ങൾ... ഈ വനത്തിൽ ഞാൻ ഇനി എന്റെ ജീവിതകാലം മുഴുവൻ ഒറ്റയ്ക്ക് കഴിയണം. ആഗ്രഹിക്കാൻ പാടില്ലാത്തത് ആഗ്രഹിച്ചതിന്റെ ശിക്ഷയാണിത്.

പെട്ടെന്ന് ഒരു ശബ്ദം കേട്ട് അവർ ഉണർന്നു; പരിചയമുള്ള ശബ്ദം. അതാ, തന്റെയടുത്ത് പിതാവും പരിചാരകരും വലിയ തീജ്വാലകളുമേന്തി നിൽക്കുന്നു.

തന്റെ പിതാവ് നൂറുൽ ബഹാഇനെ കുമാരി നോക്കി. എന്നിട്ട് പേടിച്ചരണ്ട് പറഞ്ഞു: ''ഓടിപ്പോകൂ പിതാവേ. ഈ ശപിക്കപ്പെട്ട ഭൂതം അങ്ങയെ ഉപദ്രവിക്കും. അവന്റെ കൈയിൽ കിരീടമുണ്ട്.''

വിജയാരവത്തോടെ ഭൂതത്താൻ ചിരിച്ചു. ''നൂറുൽ ബഹാഇന് സ്വാഗതം.''

''നീ നിന്റെ പുതിയ രാജാവിന് താണുവണങ്ങുന്നില്ലേ?''

ഉറച്ച ശബ്ദത്തിൽ രാജാവ് പറഞ്ഞു:

''നിന്റെ സ്ഥാനം ഇരുട്ടിലാണ്. അവിടെത്തന്നെയാകും നീ. എന്നിട്ട് രാജാവ് കൈകളുയർത്തി തന്റെ കിരീടം തൊട്ടു. ഉടൻ തന്നെ ഭൂതത്താനെ തീ വിഴുങ്ങി. അവൻ കരയാനും അട്ടഹസിക്കാനും തുടങ്ങി. പെട്ടെന്ന് അവൻ ഒരു ചെറിയ തീയായിത്തീർന്നു. രാജാവ് ഒന്നുകൂടി കിരീടത്തിൽ തൊട്ടതും അവിടെയുണ്ടായിരുന്ന എലികൾ മുഴുവനും പുരുഷന്മാരും കുതിരകളും ആയിത്തീർന്നു.

അവരെല്ലാം രാജാവിന്റെ കൈ ചുംബിച്ച് താണുവണങ്ങി.

ചുറ്റുപാടും പരിഭ്രമത്തോടെ നോക്കിയ രാജകുമാരി പിതാവിനോട് ചോദിച്ചു: ''എപ്പോഴാണ് അങ്ങ് വന്നത് പിതാവേ? ഇവിടെ എങ്ങനെ എത്തി?''

പിതാവ് അവളെ നോക്കി പറഞ്ഞു: ''എല്ലാം അറിയിച്ചുകൊണ്ട് ദിർഹമ എനിക്ക് കത്തയച്ചിരുന്നു. അപ്പോൾ ഞാൻ ഒരു വ്യാജകിരീടവുമായി ഒരാളെ അയച്ചു. അവളോട് ഞാൻ മാന്ത്രിക കിരീടം തൊടരുതെന്ന് പറഞ്ഞിരുന്നു. ഞാൻ തിരികെ വരുന്നതുവരെ നിന്റെ വസ്ത്രത്തിൽനിന്ന് ഒന്ന് അതിന്റെ മേൽ വെക്കാനും ഞാൻ പറഞ്ഞു. അപ്പോൾ വ്യാജകിരീടമാണ് നിന്നെ ചതിച്ചത്. അതാണ് യഥാർഥ കിരീടത്തിനു പകരം അവൾ കൊണ്ടുവന്നത്. തിരികെയെത്തിയ ഉടനെ അതുമായി ഞാൻ ഇങ്ങ് പോന്നു. ദിർഹമയുടെ ആത്മാർഥതയും നിന്നോടുള്ള സ്നേഹവുമില്ലായിരുന്നെങ്കിൽ നാമെല്ലാം നശിച്ചുപോകുമായിരുന്നു. ഈ ഭൂതത്തിന്റെ ചതിയിൽ നമ്മുടെ നാട് ചാമ്പലാകുമായിരുന്നു.''

എങ്ങനെ ഞാനിവിടെ എത്തി എന്ന് ചോദിച്ചാൽ, കൊട്ടാരത്തിന്റെ വാതിലിനു മുന്നിൽ പഴയ ഒരു കിണറും ഒരു തൊട്ടിയുമുണ്ട്. ഈ രഹസ്യം എനിക്കല്ലാതെ അറിയില്ല. അന്ന് എന്റെ പിതാമഹൻ ഈ ഭൂതത്തെ പൂട്ടിയിട്ടപ്പോൾ ഒരു വലിയ കല്ല് അവിടെ വെച്ചിരുന്നു. അത് മാന്ത്രിക കിരീടത്തിന്റെ ശക്തി കൊണ്ടല്ലാതെ തുറക്കാൻ കഴിയില്ല.

ഇപ്പോൾ ഇത് നിനക്കൊരു പാഠമായില്ലേ? അസാധ്യമായതൊന്നും ആഗ്രഹിക്കരുത്.''

നാണിച്ച് രാജകുമാരി തലതാഴ്ത്തി.

പിതാവ് അവൾക്കരികിലെത്തി വാത്സല്യത്തോടെ അവളുടെ കരം ഗ്രഹിച്ചു.

''മകളേ, മനുഷ്യൻ അവന് കഴിയുന്നതേ ആഗ്രഹിക്കാവൂ.''

വിഷമത്തോടെ നൂറുൽ ബുദൂർ പിതാവിനെ നോക്കി. എന്നിട്ട് രണ്ട് കൈയും ഉയർത്തി അവൾ മാന്ത്രിക കിരീടം സ്പർശിച്ചു. അപ്പോൾ അതാ അതിലുള്ള പച്ച രത്നം തിളങ്ങുന്നു. അവൾ പുഞ്ചിരിച്ചു. എന്തുകൊണ്ടാണ് അന്ന് രത്നം തിളങ്ങാതിരുന്നതെന്ന് അവൾക്ക് മനസ്സിലായി.

രാജാവ് പറഞ്ഞു: ''ആരെങ്കിലും രാജാവിനെ ചതിക്കാൻ ശ്രമിച്ചാലുള്ള ചില അടയാളങ്ങളാണിത്. ഇനി നമുക്ക് കൊട്ടാരത്തിലേക്ക് തിരിച്ചുപോകാം. ഈ കൊടുംകാട്ടിലേക്കുള്ള വഴി നമുക്ക് അടച്ചുകളയാം. ഇനി എനിക്ക് സമാധാനിക്കാം. കിരീടത്തിന്റെ കാര്യത്തിൽ ഇനി എന്റെ കുമാരി ഉപേക്ഷ കാണിക്കില്ലല്ലോ.''

അങ്ങനെ രാജാവിനോടൊപ്പം കുമാരി കൊട്ടാരത്തിലേക്ക് മടങ്ങി. നൂറുൽ ബഹാഅ് മരിക്കുന്നതുവരെ എല്ലാവരും സന്തോഷത്തി ജീവിച്ചു. അതിനുസേഷം നൂറുൽ ബുദൂർ ഭരണമേറ്റെടുത്തു. നീതിയുള്ള ജനസേവകയായ ഭരണാധികാരിയായിരുന്നു അവൾ. മരണംവരെ ദിർഹമ അവളെ പിരിഞ്ഞതുമില്ല.

തന്റെ മൂത്തമകനെ വിളിച്ചുവരുത്തി നൂറുൽ ബുദൂർ മാന്ത്രിക കിരീടത്തിന്റെ രഹസ്യം പറഞ്ഞുകൊടുത്തു. തന്റെ കൈ കൊണ്ട് കിരീടം തൊട്ടതും അതിന്റെ പച്ചമുത്ത് പ്രകാശിച്ചു.

അങ്ങനെ ആ രാജവംശം സന്തോഷത്തോടെ, സമൃദ്ധിയോടെ, നീതിപൂർവമായ ഭരണം നടത്തി. കാലങ്ങളോളം ജനങ്ങൾക്ക് സ്നേഹവും സമൃദ്ധിയും നൽകി.

**സജീന ബി.**

# ചെന്നായയും ആട്ടിൻകുട്ടിയും

ഒരു ദിവസം രാവിലെ ചെന്നായ ഭക്ഷണമന്വേഷിച്ച് പുറപ്പെട്ടു. അസ്തമയം വരെ ഭക്ഷണമന്വേഷിച്ചുള്ള യാത്ര തുടർന്നു. പെട്ടെന്ന് ഒരുകൂട്ടം ആട്ടിൻ പറ്റങ്ങളെ കണ്ടു. ഇത്രയുമധികം ആട്ടിൻപറ്റത്തെ കണ്ടപ്പോൾ ചെന്നായക്ക് എന്തെന്നില്ലാത്ത സന്തോഷമായി. കൊഴുത്തൊരു ആട്ടിൻകുട്ടിയെ റാഞ്ചിയെടുക്കാമെന്ന ഉദ്ദേശ്യത്തിൽ ചെന്നായ ആട്ടിൻകൂട്ടത്തിനു നടുവിലേക്ക് ചാടിവീണു. പക്ഷേ, അപ്പോഴാണ് മുട്ടൻവടിയുമായി നിൽക്കുന്ന ആട്ടിടയനെ കണ്ടത്.

നിരാശനായ ചെന്നായ മറ്റൊരവസരം നോക്കി കുറച്ചകലെ ഇരുന്നു. ആട്ടിടയൻ അശ്രദ്ധനായപ്പോൾ തടിച്ചുകൊഴുത്ത ഒരു ആട്ടിൻകുട്ടി പിന്നിലായി. ചെന്നായയാകട്ടെ ഒറ്റച്ചാട്ടത്തിന് ആട്ടിൻകുട്ടിയുടെ അടുത്തെത്തി.

അപ്പോഴാണ് ആട്ടിൻകുട്ടി മനസ്സിലാക്കുന്നത്, താൻ ആട്ടിടയനിൽനിന്നും ആട്ടിൻകൂട്ടത്തിൽനിന്നും വളരെ അകലെയാണെന്ന്. ചെന്നായയിൽനിന്നും രക്ഷപ്പെടാൻ അവനൊരു തന്ത്രം മെനഞ്ഞു. ഉറച്ച മനസ്സോടെ ആട്ടിൻകുട്ടി ചെന്നായയെ സമീപിച്ചു. അവന് സലാം പറഞ്ഞു. എന്നിട്ട് ചെന്നായയോട് പറഞ്ഞു: ''ആട്ടിടയൻ നിനക്ക് സലാം പറയാൻ പറഞ്ഞു. കൂട്ടത്തിൽ എന്നെ ഭക്ഷണമാക്കുന്നതിന് നിനക്ക് നന്ദിയും അറിയിച്ചു. നിനക്ക് സമ്മാനമായാണ് എന്നെ നിന്റെയടുക്കൽ അയച്ചിരിക്കുന്നത്. ഞാൻ നിന്റെ കല്പനയിൻകീഴിലാണ്. നീ ഇഷ്ടമുള്ള വിധത്തിൽ എന്നെ ഭക്ഷിച്ചുകൊള്ളുക. പക്ഷേ, അവസാനമായി എനിക്കൊരു ആഗ്രഹമുണ്ട്. നിന്റെ മുമ്പിൽനിന്ന്, ആരും കേട്ടിട്ടില്ലാത്ത എന്റെ മനോഹരമായ ശബ്ദത്തിൽ ഒരു പാട്ട് പാടാൻ എനിക്കവസരം നൽകണം.

ചെന്നായ ആട്ടിൻകുട്ടി പറഞ്ഞതിനെക്കുറിച്ച് ആലോചിച്ചു. എന്നിട്ട് ആട്ടിൻകുട്ടിയോട് പറഞ്ഞു: ''കുഴപ്പമില്ല... നീ ചോദിച്ചതിന് ഞാൻ അവസരം

നൽകുന്നു. നീ എഴുന്നേറ്റ് നിന്ന് പാടുക.'' ആട്ടിൻകുട്ടി പാടാൻ തുടങ്ങി.

ചെന്നായ സന്തോഷം കൊണ്ട് നൃത്തം ചെയ്യാൻ തുടങ്ങി. ആട്ടിൻകുട്ടി അതിന്റെ ശബ്ദമുയർത്തി നിലവിളി ആകുന്നതുവരെ പാടാൻ തുടങ്ങി. അപ്പോൾ ആട്ടിടയൻ ആട്ടിൻകുട്ടിയുടെ ശബ്ദം കേൾക്കുകയും തന്റെ സഹായം ആട്ടിൻ കുട്ടിക്ക് ആവശ്യമുണ്ടെന്ന് മനസ്സിലാക്കുകയും ചെയ്തു. അതിനെ തിരയാൻ തുടങ്ങി. കുറച്ചു സമയം കൊണ്ട് ആട്ടിടയൻ അതിനടുത്ത് എത്തിച്ചേർന്നു. ആട്ടിടയന്റെ വടി ചെന്നായയുടെ തലയിൽ പതിക്കുന്നതുവരെ ചെന്നായ അറി ഞ്ഞില്ല. ചെന്നായ ആട്ടിൻകുട്ടിയെ ഉപേക്ഷിച്ച്, നഷ്ടപ്പെട്ടതിനെക്കുറിച്ച് ഖേ ദിച്ചുകൊണ്ട് ഓടിരക്ഷപ്പെട്ടു.

# എലിയും പാമ്പും

ഒരു കച്ചവടക്കാരന് ഒരു തോട്ടമുണ്ടായിരുന്നു; തോട്ടത്തിനു മധ്യഭാഗത്തായി ഒരു വീടും. അതിനടുത്ത് ഒരു ഗോഡൗണും ഉണ്ടായിരുന്നു. തോട്ടത്തിൽ നിന്നും ലഭിക്കുന്ന ഭക്ഷണസാധനങ്ങൾ അതിനകത്താണ് സൂക്ഷിച്ചിരുന്നത്. ആ ഗോഡൗണിനുള്ളിൽ എലിയുടെ ഒരു മാളമുണ്ടായിരുന്നു. എലി എന്നും തനിക്കാവശ്യമുള്ള ഭക്ഷണം ഗോഡൗണിൽനിന്നും എടുത്ത് തന്റെ കൂട്ടിൽ കൊണ്ടുപോയി ശേഖരിച്ചുവെക്കും. അവൻ ഭക്ഷണം കഴിച്ചിട്ട് ഉല്ലാസത്തോടെ തോട്ടത്തിൽ പോകും. പിന്നെ തന്റെ മാളത്തിലേക്ക് മടങ്ങും. അവൻ വേറെ ഒന്നിനെക്കുറിച്ചും ചിന്തിച്ചിരുന്നില്ല. അവന് ആവശ്യമുള്ളത് അവന്റെ കൈയിൽ കിട്ടും.

ഒരു ദിവസം മാളത്തിലേക്ക് മടങ്ങിയപ്പോൾ അവിടെയൊരു പാമ്പിനെയാണ് കാണാൻ കഴിഞ്ഞത്. എലിയുടെ മാളത്തെ പാമ്പ് അതിന്റെ വീടാക്കിയിരിക്കുന്നു. എലി ഭയപ്പെട്ടുകൊണ്ട് അതിന്റെ ഉമ്മയുടെ അടുക്കലേക്ക് ഓടി. എന്നിട്ട് ഉമ്മയോട് ആവലാതി ബോധിപ്പിച്ചു. അപ്പോൾ ഉമ്മ അവനോട് പറഞ്ഞു: ''ഹാ കഷ്ടം! നമുക്ക് പാമ്പിനെ നേരിടാൻ കഴിയില്ല. അതിനാൽ നീ വേറെ ഒരു കൂട് ഉണ്ടാക്ക്. പക്ഷേ, എലി ഉമ്മയുടെ വാക്ക് കേട്ടില്ല. അവൻ ഉമ്മയെ ഉപേക്ഷിച്ച്, എലികളുടെ രാജാവിന്റെ അടുക്കൽ പോയി ആവലാതിപ്പെട്ടു. അപ്പോൾ അവനോട് രാജാവ് പറഞ്ഞു: ''നമ്മൾ പാമ്പിന്റെ ഭക്ഷണമാണെന്നുള്ള കാര്യം നീ മറന്നുപോയോ? നീ പോയി വേറൊരു മാളമുണ്ടാക്കൂ.'' ഇത് കേട്ട് എലി രാജാവിന്റെ മുമ്പിൽനിന്ന് കരഞ്ഞു. എന്നിട്ട് പറഞ്ഞു: ''അല്ലയോ നേതാവേ... അത് എന്റെ വീടാണ്. ഒരു അക്രമി അത് എങ്ങനെ കൈക്കലാക്കും? ഇത് കേട്ടിട്ട് രാജാവ് ഒന്നും മിണ്ടിയില്ല. രാജാവിൽനിന്ന് അവന് സഹായമൊന്നും ലഭിച്ചില്ല. രാജാവ് അവനെ കൈവിട്ടു. അവൻ തോട്ട

ത്തിലേക്ക് മടങ്ങി. എന്നിട്ട് ഉയർന്ന ഒരു കൊമ്പിൽ കയറിയിരുന്നുകൊണ്ട് ഒരു തന്ത്രം ആലോചിച്ചു. തന്റെ വീട്ടിൽ കയറിക്കൂടിയ പാമ്പിനെ എങ്ങനെ യെങ്കിലും അവിടെ നിന്ന് ഓടിക്കണം. എലി താഴേക്ക് നോക്കിയപ്പോൾ തോട്ട മുടമ ഒരു മരത്തിന്റെ ചുവട്ടിൽ കിടന്നുറങ്ങുന്നത് കണ്ടു. പെട്ടെന്ന് എലിക്ക് ഒരു ബുദ്ധി ഉദിച്ചു. എലി പതുക്കെ തോട്ടത്തിലേക്ക് ഇറങ്ങി. എന്നിട്ട് തോട്ട ക്കാരന്റെ ചുറ്റും ഒന്ന് കറങ്ങി. പിന്നെ അവന്റെ ശരീരത്തിന് കുറുകെ ചാടി. എന്നിട്ട് വാൽ കച്ചവടക്കാരന്റെ മൂക്കിൽ കയറ്റി.

കച്ചവടക്കാരൻ കോപത്തോടെ ഉറക്കത്തിൽനിന്ന് ചാടിയെഴുന്നേറ്റു. അപ്പോ ഴാണ് എലിയെ കാണുന്നത്. തോട്ടക്കാരൻ എലിയുടെ അടുത്തേക്ക് നീങ്ങി. പക്ഷേ, എലി ഓടിയില്ല. ദേഷ്യക്കാരനായ അവന്റെ മുമ്പിൽ നിന്നു. കച്ചവട ക്കാരൻ എലിയെ അടിക്കുന്നതിനുവേണ്ടി പിന്തുടർന്നു. അപ്പോൾ എലി കുറച്ച് പിന്മാറി. വീണ്ടും തോട്ടക്കാരൻ പിന്തുടർന്നു. എലി പിന്നെയും ദൂരം പാലിച്ചു. തോട്ടക്കാരൻ വീണ്ടും എലിക്കു പിന്നാലെ ചെന്നു. അങ്ങനെ അവൻ പാമ്പിന്റെ മാളത്തിലെത്തി. പാമ്പിനെ കണ്ട അയാൾ എലിയുടെ കാര്യം മറന്ന് പാമ്പിനെ തല്ലിക്കൊന്നു. ശത്രുവിൽനിന്ന് രക്ഷപ്പെട്ട എലി മാളത്തിലേക്ക് മടങ്ങി.

# ഒട്ടകവും ഉടമയും

ഒരിടത്ത് ഒരു കച്ചവടക്കാരൻ ഉണ്ടായിരുന്നു. ഉപ്പ് ചുമന്ന് ചന്തയിൽ എത്തിക്കുന്നതിനായി ഒരു ഒട്ടകം അയാൾക്കുണ്ടായിരുന്നു. അയാൾക്ക് ഒട്ടകത്തോട് യാതൊരുവിധ കാരുണ്യവും ഇല്ലായിരുന്നു. അതിന് വഹിക്കാൻ കഴിയുന്നതിനേക്കാൾ ഭാരം അതിന്റെ മുതുകിൽ വെച്ചുകൊടുക്കും.

ഒട്ടകം പ്രായമെത്തുന്നതിനു മുമ്പുതന്നെ വളരെ അവശനായിത്തീർന്നു. ഒരു ദിവസം ഒട്ടകം തന്റെ കൂട്ടുകാരനായ മുയലിനെ കണ്ടുമുട്ടി. മെലിഞ്ഞ് അവശനായ ഒട്ടകത്തെ കണ്ട മുയൽ സുഖവിവരങ്ങൾ അന്വേഷിച്ചു. കച്ചവടക്കാരൻ തന്നോട് കാണിക്കുന്ന പീഡനങ്ങളെക്കുറിച്ച് ഒട്ടകം മുയലിനോട് വിവരിച്ചു. ഇത് കേട്ട മുയൽ വളരെ ദുഃഖിച്ചു. കച്ചവടക്കാരനിൽനിന്ന് തന്റെ കൂട്ടുകാരനെ രക്ഷിക്കാനുള്ള വഴി ആലോചിച്ചു. കുറച്ച് ആലോചിച്ചശേഷം മുയൽ ഒട്ടകത്തോട് ചോദിച്ചു: ''നീ ചന്തയിലേക്ക് പോകുന്ന വഴിയിൽ വല്ല കുളവും ഉണ്ടോ?'' ഒട്ടകം പറഞ്ഞു: ''ഉണ്ട്.'' അപ്പോൾ മുയൽ പറഞ്ഞു: ''നിന്റെ വഴിയിലുള്ള ഏതെങ്കിലും ഒരു കുളത്തിൽ നീ മുട്ടുകുത്തുക. അപ്പോൾ നിന്റെ പുറത്തുള്ള ഉപ്പ് വെള്ളത്തിൽ അലിയും. ഇത് നീ തുടർന്നാൽ നിനക്ക് ആശ്വാസം ലഭിക്കും.''

ഉപദേശം നൽകിയ മുയലിന് ഒട്ടകം നന്ദി പറഞ്ഞു. അടുത്ത തവണ കച്ചവടക്കാരൻ ഉപ്പ് കയറ്റിവിട്ടു. മുയലിന്റെ ഉപദേശപ്രകാരം കുളത്തിനടുത്തെത്തിയപ്പോൾ അതിൽ മുട്ടുകുത്തി. ഉപ്പ് പകുതിയോളം അലിയുന്നതുവരെ അതിൽ താഴ്ന്നിരുന്നു. ഭാരത്തിന്റെ തോത് നല്ലവണ്ണം കുറഞ്ഞപ്പോൾ മനസ്സിൽ മുയലിന് നന്ദിപറഞ്ഞുകൊണ്ട് നടന്നുനീങ്ങി.

കുറേക്കാലം ഒട്ടകം ഈ പ്രവൃത്തി തുടർന്നപ്പോൾ കച്ചവടക്കാരന് ഒട്ടകത്തിന്റെ തന്ത്രം മനസ്സിലായി. ഒരു ദിവസം ഉപ്പിനു പകരമായി ഒട്ടകത്തെ

ക്കൊണ്ട് കമ്പിളി ചുമപ്പിച്ചു. ഒട്ടകം പുഞ്ചിരിച്ചുകൊണ്ട് കച്ചവടക്കാരനോട് പറഞ്ഞു: ''നിനക്ക് മതിയാവോളം നീ ചുമലിൽ വെച്ചോ. അത് മുഴുവൻ വെള്ളത്തിൽ അലിഞ്ഞുകൊള്ളും.''

കുളം അടുത്തുതന്നെയുണ്ടല്ലോ എന്ന ആശ്വാസത്തിൽ ഒട്ടകം നടന്നു. കുളത്തിനടുത്തെത്തിയപ്പോൾ പതിവുപോലെ അതിൽ മുങ്ങി. കമ്പിളിയിൽ വെള്ളം നനഞ്ഞപ്പോൾ അതിന്റെ ഭാരം വർധിച്ചു. ഭാരത്തിന്റെ പകുതി കുറഞ്ഞെന്നു കരുതി യാത്ര തുടരാൻ ഭാവിച്ചപ്പോൾ ഒട്ടകത്തിന് എഴുന്നേൽക്കാൻ സാധിച്ചില്ല.

ഒട്ടകത്തിന് അവിടെ നിന്ന് അനങ്ങാൻ കഴിഞ്ഞില്ല. ഒട്ടകം കച്ചവടക്കാരനോട് ചോദിച്ചു: ''ഇന്ന് നീ എന്റെ മുതുകിൽ എന്താണ് വെച്ചത്?'' കച്ചവടക്കാരൻ പറഞ്ഞു: ''നിന്നെ ഒരു പാഠം പഠിപ്പിക്കാൻ ഞാൻ തീരുമാനിച്ചു. ഇന്ന് നിന്റെ മുതുകിൽ കയറ്റിയത് കമ്പിളിയാണ്.'' ഒട്ടകം പറഞ്ഞു: ''നീ കാരണം എന്റെ മുതുകിൽ ഭാരം വർധിച്ചു.''

അങ്ങനെ ഒട്ടകക്കാരനും ഒട്ടകവും ഒരു അനുരഞ്ജനത്തിൽ എത്തിച്ചേർന്നു. ഒട്ടകം തന്റെ ജോലി തുടരാമെന്നും കച്ചവടക്കാരൻ അമിത ഭാരം അതിന്റെ മുതുകിൽ കയറ്റില്ലെന്നുമുള്ള തീരുമാനമെടുത്തു.

# ചതിയുടെ വില

ഗ്രാമത്തിൽ ഒരു തുന്നൽക്കാരൻ ഉണ്ടായിരുന്നു. അദ്ദേഹം സ്വപ്ന വ്യാഖ്യാനത്തിൽ പ്രസിദ്ധനായിരുന്നു. ഒരു ദിവസം സുൽത്താൻ അയാളെ കൊട്ടാരത്തിലേക്ക് വിളിപ്പിച്ചു. അയാൽ സുൽത്താന്റെ അടുത്തെത്തി സലാം പറഞ്ഞു. സുൽത്താൻ അയാളോട് പറഞ്ഞു: ''ഞാൻ ഇന്നലെ ഒരു ഭയാനകമായ സ്വപ്നം കണ്ടു. അത് എന്നെ വല്ലാതെ ഭയപ്പെടുത്തി. പക്ഷേ, ആ സ്വപ്നം ഞാൻ മറന്നുപോയി. നീ അതിനെക്കുറിച്ച് എനിക്ക് പറഞ്ഞുതരണം.'' തുന്നൽക്കാരൻ സുൽത്താന്റെ വാക്ക് കേട്ട് അദ്ഭുതപ്പെട്ടു. അയാൾ സുൽത്താനോട് പറഞ്ഞു: ''അങ്ങ് കണ്ട സ്വപ്നത്തെക്കുറിച്ച് ഞാൻ എങ്ങനെ അറിയാനാണ്? മാത്രമല്ല, നിങ്ങൾ അത് മറന്നുപോവുകയും ചെയ്തു.''

ഇത് കേട്ട സുൽത്താൻ കോപിഷ്ടനായി അയാളെ അടിക്കാൻ കല്പിച്ചു. ഇത് കേട്ട തുന്നൽക്കാരൻ ഭയപ്പെട്ട് സുൽത്താനോട് പറഞ്ഞു: ''എനിക്ക് മൂന്നു ദിവസത്തെ സമയം അനുവദിച്ചുതരണം.'' സുൽത്താൻ സമ്മതിച്ചു. മൂന്നു ദിവസത്തെ സമയം അനുവദിച്ചു.

വീണ്ടും അയാൾ കൊട്ടാരത്തിലേക്ക് പുറപ്പെട്ടു. റോഡിലൂടെ ചുറ്റിക്കറങ്ങി. തുന്നൽക്കാരൻ മനസ്സിൽ പറഞ്ഞു: ഞാൻ കാണാത്ത സ്വപ്നത്തെക്കുറിച്ച് എങ്ങനെ അറിയാനാണ്. എങ്ങനെയാണ് അത് വ്യാഖ്യാനിക്കുക?

രണ്ടു ദിവസം അങ്ങനെ കടന്നുപോയി. മൂന്നാം ദിവസമായി. അന്ന് തന്റെ ജീവിതത്തിന്റെ അവസാന ദിവസമായി അയാൾ കണക്കാക്കി. അയാൾ അല്ലാഹുവിനോട് പ്രാർഥിച്ചുകൊണ്ടിരുന്നു. തന്റെ ജീവനെക്കുറിച്ചോർത്ത് കരഞ്ഞു. അപ്പോൾ അയാൾ മാളത്തിലിരുന്ന ഒരു പാമ്പിനെ കണ്ടു. പാമ്പ് അയാളോട് ചോദിച്ചു: ''നീ എന്തിനാണ് ഇങ്ങനെ കരയുന്നത്?'' അപ്പോൾ തുന്നൽക്കാരൻ നടന്ന കഥ പാമ്പിനോട് പറഞ്ഞു. ഇത് കേട്ട പാമ്പ് തുന്നൽക്കാരനോട് ചോ

ദിച്ചു: ''സുൽത്താൻ കണ്ട സ്വപ്നത്തെക്കുറിച്ച് ഞാൻ നിനക്ക് പറഞ്ഞുതന്നാൽ നിനക്ക് ലഭിക്കുന്നതിൽ പകുതി എനിക്ക് തരുമോ? ഇത് കേട്ട തുന്നൽക്കാരൻ സന്തോഷത്തോടെ പറഞ്ഞു: ''എനിക്ക് കിട്ടുന്നതിൽ മുഴുവനും നിനക്ക് തരാം.'' പാമ്പ് സുൽത്താൻ കണ്ട സ്വപ്നത്തെക്കുറിച്ച് പറഞ്ഞു – സുൽത്താൻ കണ്ടത് സിംഹവും പുലിയും അന്തരീക്ഷത്തിൽ മഴയായി വരുന്നതായാണ്.''

''ഇതിന്റെ വ്യാഖ്യാനമായി ഞാൻ കാണുന്നത് ഈ വർഷത്തിൽ സുൽത്താന് ധാരാളം ശത്രുക്കൾ ഉണ്ട്. ആ ശത്രുക്കൾ സുൽത്താനെ കൊല്ലാൻ ഉദ്ദേശിക്കുന്നു. എന്നാൽ സുൽത്താന് അവരുടെ മേൽ വിജയിക്കാൻ കഴിയും.''

തുന്നൽക്കാരൻ വളരെയേറെ സന്തോഷവാനായി. അയാൾ പെട്ടെന്ന് സുൽത്താന്റെ കൊട്ടാരവാതിൽക്കൽ എത്തി. സുൽത്താന്റെ മുമ്പിൽ ചെന്ന് സ്വപ്നവും അതിന്റെ വ്യാഖ്യാനവും അറിയിച്ചു. ഇത് കേട്ട സുൽത്താൻ സന്തോഷിക്കുകയും അയാൾക്ക് 1,000 ദിനാർ സ്വർണം നൽകാൻ കല്പിക്കുകയും ചെയ്തു.

സ്വർണവും വാങ്ങി തുന്നൽക്കാരൻ സന്തോഷവാനായി വീട്ടിലേക്ക് പുറപ്പെട്ടു. പക്ഷേ, വഴിയിൽ വെച്ച് പാമ്പിന് കൊടുത്ത വാക്കിനെക്കുറിച്ച് ഓർത്തു. അയാൾ മനസ്സിൽ വിചാരിച്ചു – പാമ്പ് ഈ സ്വർണം കൊണ്ട് എന്ത് ചെയ്യാനാണ്? – അതിനെ കൊന്നിട്ട് ഇത് എനിക്ക് സ്വന്തമാക്കാം.

തുന്നൽക്കാരൻ ഒരു വലിയ വടിയുമായി പാമ്പിന്റെ മാളം ലക്ഷ്യമാക്കി പുറപ്പെട്ടു. മാളത്തിനടുത്ത് ചെന്ന് പാമ്പിനെ വിളിച്ചു. പുറത്തേക്ക് വന്ന പാമ്പിന് അയാളുടെ കൈയിലിരിക്കുന്ന വടി ശ്രദ്ധയിൽപ്പെട്ടു. പാമ്പ് തിരിച്ച് മാളത്തിലേക്കുതന്നെ ഓടി.

ദിവസങ്ങൾ കഴിഞ്ഞു. സുൽത്താൻ രണ്ടാമത്തെ സ്വപ്നം കണ്ടു. ഭീകരതയുടെ കാഠിന്യം കൊണ്ട് ആ സ്വപ്നവും മറന്നുപോയി. സുൽത്താൻ ഉടൻ തുന്നൽക്കാരനെ വിളിപ്പിച്ചു. നടന്ന കഥ അവനോട് പറഞ്ഞു. ആ സ്വപ്നവും വിവരിച്ചുതരാൻ ആവശ്യപ്പെട്ടു. തുന്നൽക്കാരൻ സുൽത്താനോട് മൂന്ന് ദിവസത്തെ സമയം ആവശ്യപ്പെട്ടു. എന്നിട്ടയാൾ പാമ്പിന്റെ മാളം ലക്ഷ്യമാക്കി നടന്നു. അവിടെയെത്തി പാമ്പിനെ വിളിച്ചു. എന്നാൽ പാമ്പ് വിളി കേട്ടെങ്കിലും സംശയം കൊണ്ട് അകത്തുതന്നെ ഇരുന്നു. തുന്നൽക്കാരൻ പാമ്പിനോട് മാപ്പ് പറയാനാരംഭിച്ചു. അപ്പോൾ പാമ്പ് തുന്നൽക്കാരനോട് പറഞ്ഞു: ''എന്റെ നന്മയ്ക്കു പകരം നിന്നിൽനിന്ന് എനിക്ക് തിന്മയാണ് കിട്ടിയത്. നിനക്ക് ഞാൻ മാപ്പ് തരില്ല. നീ നിന്റെ വഴിക്ക് പോവുക.''

സുൽത്താൻ അനുവദിച്ച മൂന്ന് ദിവസം കഴിഞ്ഞു. തുന്നൽക്കാരന് സ്വപ്നത്തെക്കുറിച്ച് വ്യാഖ്യാനിക്കാൻ കഴിഞ്ഞില്ല. സുൽത്താൻ അവനെ പിടികൂടി കഠിനമായി ശിക്ഷിച്ചു. പാമ്പിനെ വഞ്ചിച്ചതിനുള്ള ശിക്ഷ അവന് കിട്ടി.

# കുറുക്കന്റെ തന്ത്രം

ഒരു ദിവസം സിംഹത്തിന് അസുഖം ബാധിച്ചു. കാട്ടിന്റെ രാജാവിന്റെ രോഗ ത്തിൽ ദുഃഖിതരായ പക്ഷികൾ പറന്നുപോയി എല്ലാ മൃഗങ്ങളെയും വാർത്ത അറിയിച്ചു.

കുറേ നാളുകൾ കഴിഞ്ഞിട്ടും സിംഹത്തിന്റെ രോഗത്തിന് കുറവുണ്ടായില്ല. കാട്ടിലെ മൃഗങ്ങളെല്ലാം സിംഹത്തിന്റെ വീടിനു ചുറ്റും തടിച്ചുകൂടി. അദ്ദേഹത്തെ സന്ദർശിക്കാൻ എല്ലാ മൃഗങ്ങളും തീരുമാനിച്ചു. എന്നാൽ സൗകര്യമില്ലാത്ത ആ വീട്ടിൽ എല്ലാ മൃഗങ്ങളും ഒരുമിച്ച് കയറുന്നത് സിംഹത്തിന്റെ ഭാര്യ ഇഷ്ട പ്പെട്ടില്ല. ഒറ്റയ്ക്കൊറ്റയ്ക്ക് വരാൻ ആവശ്യപ്പെട്ടു. അങ്ങനെ ഓരോരുത്തരായി അദ്ദേഹത്തെ സന്ദർശിക്കൽ ആരംഭിച്ചു. അവസാനം സിംഹത്തെ കാണാനെ ത്തിയത് ചെന്നായയാണ്. അവർ രണ്ടുപേരും സംസാരിക്കുന്നതിനിടയിൽ സിംഹം ചെന്നായയോട് കുറുക്കനെക്കുറിച്ച് ചോദിച്ചു. എന്തുകൊണ്ട് മറ്റ് മൃഗങ്ങളെപ്പോലെ കുറുക്കൻ എന്നെ കാണാൻ വന്നില്ല?

ചെന്നായയുടെ ശത്രു ആയിരുന്നു കുറുക്കൻ. ചെന്നായ കുറുക്കനോട് പ്രതികാരം ചെയ്യാൻ അവസരം നോക്കി നടക്കുകയായിരുന്നു. ചെന്നായ സിം ഹത്തോട് പറഞ്ഞു: ''അല്ലയോ രാജാവേ, അവനെക്കുറിച്ച് താങ്ങൾ എന്നോട് ചോദിക്കരുത്. അവൻ താങ്കളുടെ രോഗശമനം ആഗ്രഹിക്കുന്നില്ല.'' അപ്പോൾ സിംഹം പറഞ്ഞു: ''നീ അവനെ കണ്ടാൽ, ഞാൻ അവനെ കാണാൻ ആഗ്രഹി ക്കുന്നുവെന്ന് പറയണം.''

താൻ കുറുക്കന്റെ പിടിയിൽനിന്ന് രക്ഷപ്പെട്ടുവെന്ന് വിചാരിച്ച് ചെന്നായ സന്തോഷിച്ചു. കുറുക്കനെ കണ്ടുമുട്ടുന്നതുവരെ ചെന്നായ കാട്ടിൽ മുഴുവൻ അലഞ്ഞു. കുറുക്കനെ കണ്ടുമുട്ടിയപ്പോൾ അവനോട് സിംഹം രോഗിയാണെ ന്നും നിന്നെ കാണാൻ ആഗ്രഹിക്കുന്നുവെന്നും പറഞ്ഞു. പെട്ടെന്ന് കുറുക്കൻ

രാജാവിന്റെ അടുത്തേക്ക് പോയി. കുറുക്കൻ എത്തിയപ്പോൾ സിംഹം അവനോട് ചോദിച്ചു: ''നീ എവിടെയായിരുന്നു? നമ്മെ കാണാൻ എന്തുകൊണ്ടാണ് നീ വരാത്തത്?'' കുറുക്കൻ ശാന്തനായിക്കൊണ്ട് പറഞ്ഞു: ''ഞാൻ താങ്കൾക്കുവേണ്ടി മരുന്ന് അന്വേഷിക്കുകയായിരുന്നു.'' സിംഹം ചോദിച്ചു: ''എന്ത് മരുന്നാണ് നീ കണ്ടെത്തിയത്?''

കുറുക്കൻ ഉടനെ മറുപടി പറഞ്ഞു: ഡോക്ടർമാർ പറഞ്ഞത്, താങ്കൾക്കുള്ള ചികിത്സ ഒരു ചെന്നായയുടെ രക്തമാകുന്നു. സിംഹം ശാന്തനായി. അവൻ തന്റെ രോഗശമനം ആഗ്രഹിച്ചു. അവൻ കുറുക്കനോട് പറഞ്ഞു: ചെന്നായയോട് നീ പറയണം, അവനെ കാണാൻ ഞാൻ ആഗ്രഹിക്കുന്നുവെന്ന്. കുറുക്കൻ ചെന്നായയെ വിളിക്കാനുള്ള ഉദ്ദേശ്യത്തിൽ അവിടെ നിന്ന് പുറത്തിറങ്ങി. എന്നാൽ അകത്ത് എന്ത് സംഭവിക്കുന്നു എന്നറിയാനായി ചെന്നായ വാതിൽക്കൽത്തന്നെ നിൽക്കുകയായിരുന്നു. സിംഹത്തിന് കുറുക്കനോടുള്ള കോപം വർധിക്കണമേ എന്ന് പ്രാർഥിച്ചുകൊണ്ടാണ് അവൻ പുറത്ത് നിന്നത്. ചെന്നായയെ കണ്ട കുറുക്കൻ പറഞ്ഞു: ''നീ രാജാവിന്റെയടുക്കൽ ചെല്ലണം. അദ്ദേഹം നിന്നെ പ്രതീക്ഷിച്ച് നിൽക്കുകയാണ്.''

ചെന്നായ അകത്തേക്ക് പോയി. അപ്പോൾ കുറുക്കൻ ചെന്നായ ചെയ്തതുപോലെ വാതിൽക്കൽത്തന്നെ നിൽപ്പുറപ്പിച്ചു. ചെന്നായ സിംഹത്തിനടുത്തെത്തിയപ്പോൾ രക്തം കിട്ടുന്നതിനായി സിംഹം കൈ കൊണ്ട് ചെന്നായയുടെ തലയിൽ അടിച്ചു. മുഖത്തുകൂടി രക്തം ഒഴുകുന്ന അവസ്ഥയിൽ ചെന്നായ സിംഹത്തിന്റെ വീട്ടിൽനിന്ന് ഓടിരക്ഷപ്പെട്ടു.

ചെന്നായ ഓടുന്നതിനിടയിൽ കുറുക്കൻ അവനെ വിളിച്ചിട്ട് പരിഹസിച്ചുകൊണ്ട് പറഞ്ഞു: ''ഏ അസൂയാലൂ, നിന്റെ നാവാണ് നിന്നെ നശിപ്പിച്ചത്.''

# കഴുതയും കാളയും

ഒരാൾക്ക് ഒരു കാളയും ഒരു കഴുതയും ഉണ്ടായിരുന്നു. കഴുതയെ അയാൾ യാത്ര ചെയ്യാനാണ് ഉപയോഗിച്ചിരുന്നത്. അയാളെ എന്നും ചന്തയിൽ കൊണ്ടുപോയിരുന്നത് കഴുതയായിരുന്നു. പക്ഷേ, പകൽ അധിക സമയവും കാള വയലിലാണ് ജോലിചെയ്തിരുന്നത്. ഒരു ദിവസം വൈകുന്നേരം വീട്ടിലെത്തിയ കാള കഴുതയോട് ആവലാതി പറഞ്ഞു: ''സഹോദരാ, എല്ലാ ദിവസവും ഞാൻ അനുഭവിക്കുന്ന ഈ കഠിന ജോലിയിൽനിന്ന് മോചിതനാവാനുള്ള ഒരു വഴി നീ പറഞ്ഞുതരുമോ?''

കഴുത അവനോട് പറഞ്ഞു: ''നീ രോഗം അഭിനയിക്കണം. ഭക്ഷണം കഴിക്കരുത്. രാവിലെ നമ്മുടെ ഉടമ വന്നാൽ നിന്റെ ഈ അവസ്ഥ കണ്ട് നിന്നെ വയലിലേക്ക് കൊണ്ടുപോകില്ല.'' കഴുത പറഞ്ഞതുപോലെ അവൻ ചെയ്തു. രാത്രിയായിട്ടും അവൻ ഭക്ഷണം കഴിച്ചില്ല. രാവിലെ ആയപ്പോൾ ഉടമസ്ഥൻ വന്നു. എന്നാൽ അയാൾ കഴുത പറയുന്നത് കേട്ടിരുന്നു. അതിനാൽ കാളയ്ക്കു പകരം കഴുതയെയാണ് അന്ന് വയലിലേക്ക് കൊണ്ടുപോയത്.

വൈകുന്നേരം, നല്ല ഉന്മേഷത്തോടെ തിരിച്ചുവരുന്ന കഴുതയോട് കാള ചോദിച്ചു: സഹോദരാ, നിന്റെ അവസ്ഥ എങ്ങനെ? അവൻ പറഞ്ഞു: ഞാൻ സുഖമായിരിക്കുന്നു. പക്ഷേ, നിന്നെക്കുറിച്ച് രണ്ടാൾക്കാരുടെ സംസാരം ഞാൻ കേട്ടു. അത് നിനക്ക് നല്ല വാർത്തയല്ല. ''അതെന്താണ്?'' ഭയത്തോടെ കാള ചോദിച്ചു. കഴുത പറഞ്ഞു: ഉടമ ഒരറവുകാരനോട് പറയുന്നു, എന്റെയടുക്കൽ ഒരു രോഗിയായ കാളയുണ്ട്. അതിന്റെ രോഗം നീളുകയാണെങ്കിൽ ഞാൻ നിന്നെ അറിയിക്കാം. അതിനെ അറുക്കണം.

കാള ഭയത്തോടെ ചോദിച്ചു: ഞാൻ എന്ത് ചെയ്യും? കൂട്ടുകാരൻ കാളയെ ഉപദേശിച്ചു: നീ പഴയതുപോലെതന്നെ ജോലിയും ചെയ്ത് ഭക്ഷണവും കഴിക്കണം. കാള പറഞ്ഞു: ശരി, അങ്ങനെ ചെയ്യാം.

കാള തന്റെ പഴയ അവസ്ഥയിലേക്ക് മടങ്ങി. ഭക്ഷണം കഴിക്കാനാരംഭിച്ചു. ഇതു കണ്ട അവരുടെ ഉടമസ്ഥൻ ചിരിച്ചു. എന്നിട്ട് പറഞ്ഞു: ''ബുദ്ധിയില്ലാതെ ആര് പ്രവർത്തിച്ചോ, അവന്റെ ഫലം നാശത്തിലാവും.''

# ഗ്രാമീണനനും മൃഗങ്ങളും

ഒരിടത്ത് ഒരു ഗ്രാമീണൻ ഉണ്ടായിരുന്നു. ഒരു കുടിലിലാണ് അദ്ദേഹം കഴിഞ്ഞിരുന്നത്. അയാൾക്ക് ഈ ഭൂമിയിൽ സ്വന്തക്കാരായി ഒരു കോഴിയും പട്ടിയും കഴുതയും മാത്രമാണുണ്ടായിരുന്നത്. പട്ടി അയാൾ ഉറങ്ങുമ്പോൾ കാവൽ നിൽക്കും. കോഴി അയാളെ രാവിലെ നമസ്കാരത്തിനുവേണ്ടി കൂവി ഉണർത്തും. കഴുതയാണെങ്കിലോ, അയാളെയും കൊണ്ട് കാട്ടിൽ പോയി വിറക് ശേഖരിക്കും.

എന്നാൽ അയൽക്കാരായ ഗ്രാമീണരെല്ലാം ധാരാളം ആടിന്റെയും ഒട്ടകത്തിന്റെയും ഉടമസ്ഥരാണ്. അയാളുടെ ദാരിദ്ര്യത്തിൽ അയാൾ ദുഃഖിച്ചിരുന്നില്ല. അയൽക്കാരുടെ പണത്തിൽ അസൂയപ്പെട്ടിട്ടുമില്ല. പക്ഷേ, അയാൾ നിത്യവും ബർക്കത്തിനും ഭക്ഷണത്തിനും വേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കുമായിരുന്നു. ദിവസങ്ങൾ കഴിഞ്ഞുപോയി. ഗ്രാമീണൻ അല്ലാഹു നൽകിയതിൽ തൃപ്തിപ്പെട്ട് സന്തോഷത്തോടെ കഴിഞ്ഞു.

പ്രഭാത നമസ്കാരത്തിനുവേണ്ടി അയാളെ കോഴി ഉണർത്തും. കഴുത കാട്ടിലൂടെ ചുറ്റി വിറക് ശേഖരിക്കും. എന്നിട്ട് അത് ചന്തയിൽ കൊണ്ടുപോയി വിൽക്കും. അതിന്റെ വിലയ്ക്ക് കോഴിക്കും പട്ടിക്കും കഴുതയ്ക്കും ആഹാരം വാങ്ങും.

വൈകുന്നേരം അദ്ദേഹം കുടിലിലേക്ക് മടങ്ങും. എന്നിട്ട് അവയ്ക്കെല്ലാം ഭക്ഷണം നൽകി അയാളും കഴിച്ച ശേഷം കോഴിയും കഴുതയും അയാളും ഉറങ്ങും പട്ടി അവർക്ക് കാവൽ നിൽക്കും.

ദിവസങ്ങളും വർഷങ്ങളും കഴിഞ്ഞുപോയി. ഒരു ദിവസം വൈകുന്നേരം പതിവുപോലെ നായ ഉണങ്ങുകയായിരുന്നു. ഗ്രാമീണനും കഴുതയും ചന്തയിലായിരുന്നു. അപ്പോൾ ഒരു കുറുക്കൻ വന്ന് കോഴിയെ പിടിച്ച് തിന്നു. ഗ്രാമീണൻ

വന്നപ്പോൾ സംഭവമറിഞ്ഞു. പക്ഷേ, അയാൾ പട്ടിയെ ശിക്ഷിച്ചില്ല. എന്നിട്ട് അയാൾ പറഞ്ഞു: നടന്നത് നല്ലതിനായേക്കാം. ദിവസങ്ങൾ വീണ്ടും കൊഴിഞ്ഞുപോയി. അയാൾ സുബ്ഹി നമസ്കാരത്തിന് ഒറ്റയ്ക്ക് എഴുന്നേൽക്കാൻ ശീലിച്ചു. അതിനുശേഷം കഴുതയുമായി ജോലിക്ക് പോകും.

ഒരു ദിവസം അയാൾ വീട്ടിലേക്ക് മടങ്ങവെ അയൽക്കാരുടെ പട്ടികളും മൃഗങ്ങളും ബഹളമുണ്ടാക്കുന്നത് കേട്ടു. പക്ഷേ, അയാളുടെ പട്ടിയുടെ ശബ്ദം മാത്രം കേട്ടില്ല. അയാൾ പട്ടിയെ അന്വേഷിച്ചു. അവസാനം, ഒരു മരത്തിന്റെ ചുവട്ടിൽ രോഗബാധിതനായി കിടക്കുന്നത് കണ്ടു. അയാൾ നായയ്ക്ക് ഭക്ഷണം നൽകിയെങ്കിലും അത് കഴിച്ചില്ല. ദിവസങ്ങൾ കഴിഞ്ഞു. അങ്ങനെ പട്ടി ചത്തു. ഗ്രാമീണൻ പറഞ്ഞു: നടന്നതെല്ലാം നല്ലതിന് ആയേക്കാം.

നഷ്ടങ്ങളെല്ലാം സഹിച്ച് കഴുതയുമായി അല്ലാഹു നൽകിയതിൽ തൃപ്തിപ്പെട്ട് കഴിച്ചുകൂട്ടി. ഒരു ദിവസം കഴുതയെ ഒരു മരത്തിൽ കെട്ടിയിട്ട് ഗ്രാമീണൻ വിറക് ശേഖരിക്കാൻ പോയി. വിറക് ശേഖരിച്ചിട്ട് കഴുതയെ വിളിച്ചു. അപ്പോഴാണ് മരത്തിനു ചുവട്ടിൽ കൊല്ലപ്പെട്ട നിലയിൽ കഴുതയെ കണ്ടത്. ഇത് കണ്ട ഗ്രാമീണൻ പറഞ്ഞു: നടന്നതെല്ലാം നല്ലതിനാകുന്നു. അയാൾ വിറക് സ്വന്തം ചുമലിലേറ്റി ചന്തയിൽ പോയി.

ഒരിക്കൽ ഗ്രാമം മുഴുവൻ കുറേ കള്ളന്മാർ വന്ന് കൊള്ളയടിച്ചു. അയൽവാസികളുടെ മൃഗങ്ങളെയും കള്ളന്മാർ മോഷ്ടിച്ചുകൊണ്ടുപോയി. ഗ്രാമീണന്റെ വീട് ഒഴിച്ചുള്ള വീടുകളെല്ലാം അവർ തകർത്തു.

മൃഗങ്ങളുടെ ശബ്ദങ്ങൾ കേട്ടിട്ടാണ് കള്ളന്മാർ വീടുകൾ തിരിച്ചറിഞ്ഞത്. അപ്പോൾ ഗ്രാമീണൻ പറഞ്ഞു: എന്റെ മൃഗങ്ങളെല്ലാം ചത്തുപോയത് എനിക്ക് ഗുണം ചെയ്തു. അല്ലാഹുവിന്റെ ദയ ആര് അറിഞ്ഞുവോ അവൻ അല്ലാഹു നൽകുന്നതിൽ തൃപ്തിപ്പെടും.

# കോഴിയുടെ തന്ത്രം

ഒരു ദിവസം വൈകുന്നേരം ചെന്നായ ഭക്ഷണമന്വേഷിച്ച് ഗുഹയിൽനിന്ന് പുറപ്പെട്ടു. കുറേ നേരം തിരഞ്ഞിട്ടും ഒന്നും കിട്ടിയില്ല. വഴിയിൽ വെച്ച് ഒരു കോഴിയുടെ ശബ്ദം കേട്ടു. അത് നമസ്കാരത്തിന് ബാങ്ക് കൊടുക്കുകയായിരുന്നു. കുറുക്കൻ അവിടെയെത്തി. കോഴി ഒരു മരത്തിനു മുകളിലാണ് ഇരിക്കുന്നത്. കോഴി അസറിന്റെ സമയം വരെ അവിടെത്തന്നെ ഇരുന്നു.

കുറുക്കൻ ആ മരത്തിനു ചുവട്ടിലെത്തി. ഉയരമുള്ള ആ മരത്തിലേക്ക് വലിഞ്ഞുകയറാൻ കുറുക്കൻ ഒരു ശ്രമം നടത്തി. പക്ഷേ, കുറുക്കന് മുകളിലേക്ക് കയറാൻ സാധിച്ചില്ല. കോഴിയെ താഴെയിറക്കാൻ കുറുക്കൻ ഒരു തന്ത്രം ആലോചിച്ചു. എന്നിട്ട് മുകളിലേക്ക് നോക്കി കോഴിയോട് പറഞ്ഞു: നീ ഇറങ്ങി വന്നാൽ മഗ്‌രിബ് നമുക്ക് ഒരുമിച്ച് നമസ്കരിക്കാം. അപ്പോൾ കോഴിക്ക് മനസ്സിലായി - താൻ ഇറങ്ങുന്നതും നോക്കി കുറുക്കൻ താഴെ നിൽക്കുകയാണെന്ന്. രക്ഷപ്പെടാൻ ഒരു വഴിയന്വേഷിച്ച് അത് ചുറ്റും നോക്കി. അപ്പോഴാണ് മരച്ചുവട്ടിൽ ഒരു നായ ഉറങ്ങുന്നതായി കണ്ടത്. കോഴി ചിന്തിച്ചു - ഇതാണ് രക്ഷപ്പെടാനുള്ള അവസരം. പട്ടിയെ ഉണർത്തുന്നതിനായി നഖമുപയോഗിച്ച് മാന്തി മരത്തെ കുലുക്കാൻ തുടങ്ങി.

അപ്പോൾ കുറുക്കൻ പറഞ്ഞു: സുഹൃത്തേ, പെട്ടെന്ന് സമയം കഴിയുന്നതിനു മുമ്പ് നമസ്കരിക്കാം. കോഴിക്ക് മറ്റൊരു ബുദ്ധി തോന്നി. പിന്നിലേക്ക് ആംഗ്യം കാണിച്ചുകൊണ്ട് പറഞ്ഞു: ഇമാം മരത്തിനു പിന്നിൽ കിടന്നുറങ്ങുകയാണ്. നീ ആദ്യം പോയി ആ ഇമാമിനെ ഉണർത്തൂ. കുറുക്കൻ മരത്തിന്റെ പിന്നിലേക്ക് നോക്കിയപ്പോൾ ഉറങ്ങുന്ന പട്ടിയെ കണ്ടു. പെട്ടെന്ന് അവൻ ഓടി. അപ്പോൾ കോഴി കുറുക്കനോട് വിളിച്ചുചോദിച്ചു: നീ നമസ്കരിക്കുന്നില്ലേ? അപ്പോൾ ഓടിക്കൊണ്ട് കുറുക്കൻ പറഞ്ഞു: ഞാൻ വുളൂഅ് എടുക്കാൻ മറന്നുപോയി... വുളൂഅ് ഉണ്ടാക്കി മടങ്ങിവരുന്നതുവരെ നീ ക്ഷമിക്കുക.

# സിംഹവും തേനീച്ചയും

ഒരു കാട്ടിൽ അഹങ്കാരിയായ ഒരു സിംഹം ഉണ്ടായിരുന്നു. ഒരു ഗുഹയിലാണ് അത് വസിച്ചിരുന്നത്. തന്റെ അനുവാദമില്ലാതെ ഗുഹയിൽ കയറാൻ ആരെയും അനുവദിച്ചിരുന്നില്ല. എപ്പോഴും ഗുഹയുടെ വാതിൽക്കൽ അലറിക്കൊണ്ട് നിൽക്കും. സിംഹത്തിനെ എല്ലാ മൃഗങ്ങളും പക്ഷികളും ഭയപ്പെട്ടിരുന്നു. അറിയാതെ ആരെങ്കിലും അവന്റെ ഗുഹയിൽ പ്രവേശിച്ചാൽത്തന്നെ അതിന്റെ ഗർജനം കേട്ട് ഓടി രക്ഷപ്പെടും.

എന്നാൽ ഒരാൾ മാത്രം സിംഹത്തിനെ ഭയപ്പെട്ടിരുന്നില്ല. അതിന്റെ ഗർജനം ഗൗനിക്കില്ലായിരുന്നു. അത് തേനീച്ചയായിരുന്നു. തേനീച്ച എപ്പോഴും സിംഹത്തിന്റെ അനുവാദമില്ലാതെ ഗുഹയിൽ കയറുകയും ഇറങ്ങുകയും ചെയ്യുമായിരുന്നു.

ഒരു ദിവസം സിംഹത്തിന്റെ പകൽ ഉറക്കവേളയിൽ തേനീച്ച ഗുഹയിൽ പ്രവേശിച്ചു. സിംഹം ഉറങ്ങുന്നത് കണ്ട് ഗുഹയ്ക്കകത്തുള്ള ഒരു പാറയിലിരുന്ന് തേനീച്ചയും ഉറങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ സിംഹം ഉണർന്നു. എന്നിട്ട് ഗർജിച്ചു. ഇതു കേട്ട് തേനീച്ച ഞെട്ടിയുണർന്നു. എന്നിട്ട് സിംഹത്തിനോട് ചോദിച്ചു: അല്ലയോ രാജാവേ, നിങ്ങളെന്നെ ഉറക്കത്തിൽനിന്ന് ഉണർത്തിയോ? രാജാവ് അവജ്ഞയോടെ തേനീച്ചയെ നോക്കി. അവളുടെ ചോദ്യത്തിന് ഉത്തരം നൽകിയില്ല. തേനീച്ച പറന്ന് സിംഹത്തിന്റെ മുന്നിലിരുന്നു. എന്നിട്ട് ഉയർന്ന ശബ്ദത്തിൽ സിംഹത്തോട് ചോദിച്ചു: ഞാൻ നിന്നോട് എന്ത് തെറ്റാണ് ചെയ്തത്? നീ എന്നോടിങ്ങനെ പ്രവർത്തിക്കാൻ. അപ്പോൾ സിംഹം പറഞ്ഞു: എന്റെ അനുവാദമില്ലാതെയാണ് നീ ഇവിടെ പ്രവേശിച്ചത്. ഇതിനു മുമ്പ് ആരും ഇങ്ങനെ ചെയ്തിട്ടില്ല. അതിനുശേഷം നീ എന്റെ സാന്നിധ്യത്തിൽ സംസാരിച്ചു. ഇതിനുള്ള ശിക്ഷ നിന്നെ കൊല്ലലാണ്. അപ്പോൾ തേനീച്ച ചോദിച്ചു: നീ എന്താണ് പറയുന്നത്?

ഇത് കേട്ട സിംഹം കോപിച്ച് ഗർജിച്ചു. തേനീച്ചയെ അടിക്കാൻ വേണ്ടി കൈ ഉയർത്തി. തേനീച്ച അവിടെ നിന്നും എണീറ്റ് സിംഹത്തിന്റെ തലയ്ക്കു ചുറ്റും പറന്നു. എന്നിട്ട് സിംഹത്തോട് പറഞ്ഞു: ഞാൻ നിന്റെ രക്തം കുടിക്കും. നിന്റെ ഇറച്ചി തിന്നും. സിംഹത്തിന് കോപം വർധിച്ചു. തേനീച്ച സിംഹത്തി നടുത്തെത്തി അവന്റെ കണ്ണിൽ ഒരു കുത്ത് കൊടുത്തു. സിംഹം തേനീച്ചയെ അടിക്കാൻ ശ്രമിച്ചു. തേനീച്ച ദൂരേക്ക് പറന്നു. സിംഹത്തിന്റെ അടി അവന്റെ കണ്ണിൽത്തന്നെ കൊണ്ടു. തേനീച്ച പാറമേൽ ഇരുന്ന് സിംഹത്തെ നോക്കി പരിഹസിച്ച് ചിരിച്ചു. എന്നിട്ട് പറഞ്ഞു: അല്ലയോ രാജാവേ, നിന്നെക്കാൾ ചെറിയ ജീവികളെ നീ നിസ്സാരരാക്കരുത്.

അവിടെ നിന്നുമിറങ്ങി സിംഹത്തിന് ചുറ്റും പറന്ന് അവന്റെ വയറ്റിൽ കുത്തി. അപ്പോൾ അവൻ സ്വന്തം ശരീരത്തിൽത്തന്നെ ശക്തിയായി അടിച്ചു. അവന്റെ ശക്തി ക്ഷയിക്കുന്നതുവരെ ഗർജിച്ചു. അവന്റെ ശരീരത്തിൽനിന്ന് രക്തമൊ ഴുകാൻ തുടങ്ങി. അവൻ ഭൂമിയിലേക്ക് വീണു. തേനീച്ച അവനെ നോക്കി പരിഹസിച്ചുകൊണ്ട് പറഞ്ഞു: ഇതാണ് അഹങ്കാരികൾക്കുള്ള പ്രതിഫലം. പിന്നെ സിംഹത്തിനെ ഉപേക്ഷിച്ച് പറന്നുപോയി.

# കാക്കയുടെ അഹങ്കാരം

ഒരു ദിവസം കാക്ക വിശന്നുവലഞ്ഞു. ഭക്ഷണമന്വേഷിച്ച് വയലുകളിലും വഴിയോരങ്ങളിലുമൊക്കെ പറന്നു. പക്ഷേ, ഒന്നും കിട്ടിയില്ല. പറക്കുംതോറും കാക്കയ്ക്ക് വിശപ്പ് വർധിച്ചു. അവസാനം നിലത്തിറങ്ങി. കുറച്ച് ചെറിയ പഴമല്ലാതെ വേറൊന്നും കണ്ടില്ല. ആ പഴങ്ങളാണെങ്കിൽ കാക്ക കഴിക്കില്ല. പക്ഷേ, വിശപ്പു കാരണം അവൻ ആ പഴം കഴിക്കാൻ നിർബന്ധിതനായി. എന്നാൽ അവന് വയറ് നിറഞ്ഞില്ല. അവൻ രണ്ടാമതും പറന്നു. ഇഷ്ടപ്പെട്ട ഭക്ഷണം ലഭിക്കുന്നതിനായി ഭൂമിയിൽ പരതി. അപ്പോഴാണ് ഒരു കഴുകൻ പറന്നുവരുന്നത് കണ്ടത്. അവന്റെ വിരലുകൾക്കിടയിൽ ചെറിയ ആട്ടിൻകുട്ടിയും ഉണ്ടായിരുന്നു.

കാക്ക കഴുകനെ അസൂയയോടെ നോക്കി. എന്നിട്ട് അവൻ സ്വയം പറഞ്ഞു: എനിക്ക് എന്തുകൊണ്ട് ഇപ്രകാരം കഴിയുന്നില്ല. ഞാനും അവനെപ്പോലെ ഒരു പക്ഷിയല്ലേ. അവൻ വീണ്ടും ഭക്ഷണമന്വേഷിക്കാൻ തുടങ്ങി. കഴുകനെപ്പോലെ ആകാൻ കാക്ക ആഗ്രഹിച്ചു. കാക്ക ആട്ടിൻകൂട്ടത്തെ അന്വേഷിച്ച് പറന്നു - കഴുകൻ ചെയ്തതുപോലെ ചെറിയ ആട്ടിൻകുട്ടിയെ റാഞ്ചിയെടുക്കാൻ വേണ്ടി. കുറച്ചു സമയം കഴിഞ്ഞപ്പോൾ അവൻ ഒരുകൂട്ടം എലികളെ കണ്ടു. അവ ഓടിക്കളിക്കുകയായിരുന്നു. താഴെയിറങ്ങി അതിൽ ഏതെങ്കിലുമൊന്നിനെ പിടിക്കാൻ കാക്ക വിചാരിച്ചു. പക്ഷേ, അതിന് കഴിഞ്ഞില്ല.

വീണ്ടും ആട്ടിൻകുട്ടിയെ അന്വേഷിച്ച് പറക്കാൻ തുടങ്ങി. പെട്ടെന്ന് ഒരു ആട്ടിൻകൂട്ടത്തെ കണ്ടു. പെട്ടെന്ന് താഴെയിറങ്ങി. എന്നിട്ട് നീണ്ട നിരയിൽ നിൽക്കുന്ന ഒരു ചെമ്മരിയാടിന്റെ പുറത്ത് ഇരുന്നു. എന്നിട്ട് നഖം കൊണ്ട് അതിനെ കൊരുത്ത് ഉയർത്താൻ നോക്കി. പക്ഷേ, ഉയർത്താൻ സാധിച്ചില്ല. നിരാശനായ കാക്ക പറക്കാൻ ശ്രമിച്ചു. പക്ഷേ, കാക്കയ്ക്ക് പറക്കാൻ സാധിച്ചില്ല. കാക്കയുടെ വിരലുകൾ ആടിന്റെ കമ്പിളിയിൽ കുടുങ്ങിപ്പോയി. അപ്പോഴേക്കും ആട്ടിടയൻ വന്നു. അയാൾ കാക്കയെ പിടിച്ച് കഠിനമായി ശിക്ഷിച്ചു.